RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



Vol. 12 | 2021 July | No. 07




കോതമംഗലം രൂപതയിലെ കലയന്താനി ഇടവകയിലാണ് 1943 ജൂൺ 23-ന് അഭിവന്ദ്യ പിതാവ് ജനിച്ചത്. തലശ്ശേരി അതിരൂപതയ്ക്ക് വേണ്ടി വൈദിക പരിശീലനം നടത്തിയ പിതാവ് വൈദികനായ ശേഷം കണിച്ചാർ ഇടവകയിൽ അസ്തേന്തിയായി ശുശ്രൂഷ ചെയ്ത ശേഷം 1973-ൽ മാനന്തവാടി രൂപത

സ്ഥാപിതമായ കാലം മുതൽ മാനന്തവാടി രൂപതയുടെ വിവിധ ഇടവകകളിലായി അജപാലന ശുശ്രൂഷ നിർവ്വഹിച്ചു.

മാനന്തവാടി രുപതയിൽ ഇടവകവികാരി, മിഷൻ ലീഗ്, മതബോധനം എന്നിവയുടെ പാസ്റ്ററൽ സെന്റർ ഡയറക്ടർ, രൂപതാ പ്രൊക്യുറേറ്റർ, രൂപതാ അഡ്മിനിസ്റ്ററേറ്റ്, രൂപതാ വികാരി ജനറാൾ എന്നീ സ്ഥാനങ്ങൾ വഹിച്ചു. 2008–ൽ മാന ന്തവാടി രൂപത വിഭജിച്ച് ഭദ്രാവതി രൂപത സ്ഥാപിതമായപ്പോൾ വികാരി ജനറാളായി ഭദ്രാവതിയിൽ ശുശ്രൂഷ ചെയ്തു. 2010–ൽ മാനന്തവാടി രൂപതാ വീണ്ടും വിഭജിച്ച് മാണ്ഡ്യ രൂപത സ്ഥാപി ക്കപ്പെട്ടപ്പോൾ മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി അഭി ഷിക്തനായി. തലശ്ശേരി, മാനന്തവാടി, ഭദ്രാവതി, മാണ്ഡ്യ എന്നീ രൂപതകളിൽ ഗൗരവകരമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ച ശേഷമാണ് വിശാലമായ തലശ്ശേരി അതിരൂപതയുടെ മൂന്നാ മത്തെ മെത്രാപ്പോലിത്തായായി ജോർജ്ജ് ഞരളക്കാട്ട് പിതാവ് നിയമിക്കപ്പെടുന്നത്.

എഴുപത്തിയഞ്ചാം ജന്മദിനത്തിന്റെയും പൗരോഹിത്യ സുവർണ്ണജൂബിലിയുടെയും നിറവിലായിരിക്കുന്ന അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവിനോടുള്ള മാനന്തവാടി രൂപത യുടെ കൃതജ്ഞതയും കടപ്പാടും ഈ അവസരത്തിൽ രേഖ പ്പെടുത്തുന്നു. സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 12 ജൂലൈ- 2021 ലക്കം 07**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സഭാദിനം ഇടയലേഖനം........................................ 8
സർക്കുലർ ........................................ 15
സർക്കുലർ ........................................ 24
സർക്കുലർ ........................................ 30
കേരളകത്തോലിക്കാ മെത്രാൻ സമിതി........................ 35
യുവജനദിനം 2021........................................ 40
ഇടവക സ്ഥാപന ഡിക്രി........................................ 44
രൂപതാകച്ചേരി വാർത്തകൾ ........................................ 48
മതബോധനരംഗം ........................................ 53
ചെറുപുഷ്പ മിഷൻലീഗ് ........................................ 56
*Department of Youth Ministry* ........................................ 64
കെ.സി.വൈ.എം ........................................ 70
കുടുംബപ്രേഷിതത്വം ........................................ 77
സീയോൻ വാർത്തകൾ ........................................ 82
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 83
സാമൂഹ്യ സേവനരംഗം (WSSS)........................................ 86
ബയോവിൻ അഗ്രോ റിസർച്ച്........................................ 90
കത്തോലിക്കാ കോൺഗ്രസ്സ് ........................................ 91
റേഡിയോ മാറ്റൊലി ........................................ 93
നീലഗിരി ഡവലപ്മെന്റ്സൊസൈറ്റി........................... 96
ഫെഡാർ ഫൗണ്ടേഷൻ ........................................ 98
*Mary Matha Arts & Science College* ........................ 100
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........................ 104

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

**ദുക്റാനതിരുനാൾ**

ജൂലൈ മൂന്ന് വലിയ ഒരു ഓർമ്മ ഉണർത്തുന്ന ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമ്മാശ്ലീഹായുടെ ഓർമ. ദുക്റാനതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ്മ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്–19ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടി വരുന്നത്.

**മഹാമാരിയുടെ പശ്ചാത്തലം**

കോവിഡ്–19ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ചു ഇതിനകം ഭാരതത്തിൽ 387000 ത്തോളം ആളുകൾ കോവിഡ്–19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000ൽ അധികംപേർ കേരളത്തിൽ നിന്നു തന്നെയാണ്. മരണമടഞ്ഞവരെയും അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമ്മാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്ക് നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധ പ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർത്ഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

**മാർ തോമ്മാ ചൈതന്യവും മാതൃകയും**

ഈ കോവിഡ് കാലത്തു മാർ തോമ്മാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവ സമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽ നിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമ്മാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമ്മാശ്ലീഹാ ഭാരതത്തിലേയ്ക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരത

ത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമ്മാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്.

തോമ്മാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ അവിടത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു നമുക്കും അവനോടുകൂടി പോയി മരിക്കാം (യോഹ.11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു ഈശോയോടൊപ്പം മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടുതന്നെ ചോദിച്ചു മനസ്സിലാക്കാനുള്ള ആത്മധൈര്യവും തോമ്മാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമ്മാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും? എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, ഞാനാകുന്നു വഴിയും സത്യവും ജീവനുമെന്ന (യോഹ. 14:6) സുപ്രധാനമായ വെളിപ്പെടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗ്ഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമ്മാശ്ലീഹായുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം സി. ബി. സി. ഐ., കെ. സി. ബി.സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായി ത്തീർന്നിരിക്കുന്നു!

കോവിഡ്-19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021

ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാ വാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേയ്ക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേയ്ക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ്ജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. സീറോമലബാർസഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശസകളും!

നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സെമിനാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തരവാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം

അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസ പരിശീലനപദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽ നിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമ്മാണവും സോഫ്റ്റ്വെയർ വികസിപ്പിക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാനപരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സീറോ മലബാർ വിഷൻ, മൗണ്ട് വിഷൻ എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോ മലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തികപരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തുപൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമ്മപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

**ജനക്ഷേമ പ്രവർത്തനങ്ങൾ**

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ. സി. ബി. സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി. ഒ. സി. കേന്ദ്രമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ

നിർവ്വഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിതസമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന ക്ഷേമപദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അർഹമായ അവകാശങ്ങൾ**

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവനയോടെയും പ്രവർത്തിക്കണം. അതുപോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തു നിന്നുണ്ടാകരുത്. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫേയേഴ്സ് കമ്മീഷൻ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്നതല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല, മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല (സങ്കീ. 23:1-4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമറിയാക്കാരനെപ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ളവർക്കു നൽകുവാൻ സമർപ്പണ മനോഭവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധകുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിടത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.

---

*NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2021 ജൂൺ 27 -ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.*

# സർക്കുലർ

***Circular Letter No. 11/2021***
***Prot. No. 25001/2021***

കർത്താവിനാൽ ഏറ്റവും സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദീകരെ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കേരളത്തിലെ ക്രൈസ്തവ സമുദായത്തിന്റെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയെപ്പറ്റിയും, ഈ സമുദായത്തിലെ സാമ്പത്തികമായ പിന്നോക്കാവസ്ഥയിൽ ഉള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതികളെപ്പറ്റിയും പഠിക്കുവാൻ ബഹുമാനപ്പെട്ട കേരള ഗവൺമെന്റ് നിയോഗിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനെ സംബന്ധിച്ച് മുമ്പ് നിങ്ങൾക്ക് എഴുതിയിരുന്നുവല്ലോ. പ്രസ്തുത കമ്മീഷനെ അഭിസംബോധന ചെയ്യുന്നതിനായി ശാസ്ത്രീയമായ വിവരശേഖരണം ഒന്നാം ഘട്ടം എന്ന നിലയിൽ നാം നടത്തിക്കഴിഞ്ഞു. ഇതുവരെ ലഭിച്ച സ്ഥിതിവിവരക്കണക്കുകളുടെ ശാസ്ത്രീയമായ വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥിതി വിവരക്കണക്കുകൾ ഓരോ വീട്ടിലും ചെന്ന് എടുക്കുന്നതിൽ ബഹുമാനപ്പെട്ട ഇടവക വികാരിയച്ചന്മാരുടേയും കോ - ഓർഡിനേറ്റർമാരുടേയും നേതൃത്വത്തിൽ നടന്ന പരിശ്രമത്തിന്റെ ഫലങ്ങൾ അദ്ഭുതാവഹമായിരുന്നു. കേവലം പന്ത്രണ്ട് ദിവസം കൊണ്ട് നമ്മുടെ രൂപതയിലെ മുപ്പത്തിആറായിരത്തിലധികം കുടുംബങ്ങളിലും സ്ഥിതിവിവരക്കണക്ക് ശേഖരണത്തിനായി നിയോഗിക്കപ്പെട്ടവർ എത്തി വിവരങ്ങൾ ശേഖരിച്ചു. അതിൽ സഹകരിച്ച എല്ലാവരേയും അഭിനന്ദിക്കുകയും അവർക്ക് ഹൃദയപൂർവ്വം നന്ദി പറയുകയും ചെയ്യുന്നു.

ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടമായി ഇത്തരം റിപ്പോർട്ടുകൾ രൂപതാതലത്തിൽ തയ്യാറാക്കുന്നതോടൊപ്പം തന്നെ ഫൊറോന, ഇടവക, കുടുംബ യൂണിറ്റ് തലങ്ങളിലും തയ്യാറാക്കണം. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തന്നെ നേരിട്ടോ ഓൺലൈൻ മാർഗ്ഗങ്ങളുപയോഗിച്ചോ താഴെ പറയുന്ന കാര്യങ്ങൾ ഒട്ടും താമസം കൂടാതെ പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കണെ.

2021 മാർച്ച് മാസം മുതൽ തന്നെ ജസ്റ്റീസ് കോശി കമ്മീഷന്റെ പ്രവർത്തനമാരംഭിച്ചിരുന്നു എന്നതിനാലാണ് നമ്മളും വേഗത്തിൽ പ്രവർത്തിക്കേണ്ടിവരുന്നത്. ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ പിന്നോക്കാവസ്ഥ തെളിയിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ക്ഷേമ

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കുന്നതിനും ഇത്തരം ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. സത്യസന്ധവും ശാസ്ത്രീയവുമായ വിവരങ്ങളാണ് കമ്മീഷനെ നാം അറിയിക്കേണ്ടത്. ഇത്തരുണത്തിൽ നമ്മുടെ ഭാഗത്ത് നിന്ന് ആവശ്യമായ കാര്യങ്ങൾ പൂർത്തിയാക്കാൻ രൂപതാതലത്തിൽ നാം തയ്യാറാക്കിയിരിക്കുന്ന പ്രവർത്തനപദ്ധതിയും അതിന്റെ സമയക്രമവും ഫൊറോനാ, ഇടവക, കുടുംബയൂണിറ്റ് തലങ്ങളിലും പിന്തുടരാൻ നിങ്ങളേവരും ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**നിവേദനങ്ങൾ**

ക്രൈസ്തവ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ടിരിക്കുന്ന കമ്മീഷന് നമ്മുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ കൈമാറാനുള്ള ഒരു മാർഗ്ഗമാണ് കമ്മീഷന് നിവേദനങ്ങളും പരാതികളും അയയ്ക്കുക എന്നത്. നിവേദനങ്ങൾ വിവിധ തലങ്ങളിൽ നിന്ന് നല്കേണ്ടതാണ്. രൂപത, ഫൊറോന, ഇടവക, കുടുംബയൂണിറ്റുകൾ എന്നീ തലങ്ങളിൽ നിന്ന് പൊതുനിവേദനങ്ങൾ നല്കണം. പൊതുനിവേദനങ്ങളുടെ വിഷയങ്ങളും അവയിലുൾപ്പെടുത്താവുന്ന പോയിന്റുകളും കോ-ഓർഡിനേറ്റർമാർക്കും വൈദീകർക്കും ലഭ്യമാക്കിയിട്ടുള്ളതാണ്. ലഭിക്കാത്തവർ രൂപതയുടെ പബ്ലിക് അഫയേഴ്സ് കമ്മറ്റിയുമായി ബന്ധപ്പെട്ടാൽ ലഭ്യമാക്കുന്നതാണ്.

**പ്രാദേശിക വിഷയങ്ങൾ ഉൾപ്പെടുത്തുക:**

ഫൊറോനകൾ, ഫൊറോനാ സമിതികൾ, ഇടവകകൾ, ഇടവകയുടെ പ്രതിനിധിയോഗം, കുടുംബക്കൂട്ടായ്മകൾ എന്നിവയ്ക്ക് എല്ലാ വിഷയങ്ങളുമുൾക്കൊള്ളുന്ന പൊതുനിവേദനങ്ങൾ തയ്യാറാക്കി അയയ്ക്കാവുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന പൊതുനിവേദനങ്ങളിൽ പ്രാദേശികമായ വിഷയങ്ങളും ഉദാഹരണങ്ങളും കൂട്ടിച്ചേർത്താൽ നന്നായിരിക്കും.

**സമൂഹത്തിലെ പ്രധാനപ്പെട്ട വ്യക്തികളുടെ സാക്ഷ്യങ്ങൾ**

അദ്ധ്യാപകർ, നിമയവിദഗ്ദർ, നിയമപാലകർ, ജനപ്രതിനിധികൾ, വ്യത്യസ്ത രാഷ്ട്രീയപാർട്ടികളിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകർ, മറ്റ് പ്രമുഖവ്യക്തികൾ എന്നിവരെക്കൊണ്ടും പൊതുനിവേദനങ്ങളും ക്രൈസ്തവപിന്നാക്കാവസ്ഥ സംബന്ധിക്കുന്ന അവരുടെ വിലയിരുത്തലുകളും കമ്മീഷന് അയപ്പിക്കാൻ വേണ്ട നടപടികൾ ഓരോ ഫൊറോനാ തലത്തിലും ഇടവകാതലത്തിലും സ്വീകരിക്കേണ്ടതാണ്.

**സമയബന്ധിതമായി നിവേദനങ്ങൾ അയയ്ക്കുക**

ജൂലൈ മാസം അവസാനത്തോടെ ഫൊറോനാ, ഇടവക, കുടും

ബക്കൂട്ടായ്മ, തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ എന്നിവരുടെ ഭാഗത്തു നിന്നുള്ള നിവേദനങ്ങൾ കമ്മീഷന് അയച്ചുവെന്നത് യഥാക്രമം ഫൊറോനാ വികാരിമാർ, കോർഡിനേറ്റർമാർ, ഇടവകവികാരിമാർ, എന്നിവർ ഉറപ്പാക്കുകയും അത് മേൽഘടകത്തിന് റിപ്പോർട്ടു ചെയ്യുകയും വേണ്ടതാണ്.

**സംഘടനകളുടേയും ഡിപ്പാർട്ടുമെന്റുകളുടേയും സഹകരണം :**

**രൂപതയിലെ എല്ലാ സംഘടനകളും ഡിപ്പാർട്ടുമെന്റുകളും പൊതു നിവേദനങ്ങൾ തയ്യാറാക്കണം**

നമ്മൾ നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയമായ പഠനറിപ്പോർട്ട് പബ്ലിക് അഫയേഴ്സ് കമ്മറ്റി തയ്യാറാക്കുന്നുണ്ട്. എങ്കിലും രൂപതയിലെ എല്ലാ സംഘടനകളും ഡിപ്പാർട്ടുമെന്റുകളും പൊതുനിവേദനങ്ങൾ തയ്യാറാക്കണം. WSSS, ബയോവിൻ, റേഡിയോ മാറ്റൊലി, ഹോസ്പിറ്റൽ എന്നിവ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായതുകൊണ്ട് അവ തയ്യാറാക്കുന്ന നിവേദനങ്ങൾ കൂടുതൽ ശ്രദ്ധിക്കപ്പെടും.

**മറ്റ് സംഘടനകളും ഡിപ്പാർട്ടുമെന്റുകളും**

രൂപത, ഫൊറോന, ഇടവക തലങ്ങളിൽ രണ്ടു നിവേദനങ്ങൾ വീതം തയ്യാറാക്കേണ്ടതുണ്ട്. എല്ലാ വിഷയങ്ങളുമുൾക്കൊള്ളുന്ന ഒരു പൊതുനിവേദനവും ആവശ്യമായ പ്രാദേശിക ഉദാഹരണങ്ങളോടെ ഓരോ സംഘടനക്കും ഡിപ്പാർട്ടുമെന്റിനുമായി നിജപ്പെടുത്തി തന്നിരിക്കുന്ന വിഷയത്തിലധിഷ്ഠിതമായ പ്രത്യേകനിവേദനവുമാണ് തയ്യാറാക്കേണ്ടത്. സംഘടനകളുടേയും ഡിപ്പാർട്ടുമെന്റുകളുടേയും ഫൊറോനാ, ഇടവക ഘടകങ്ങൾ പൊതുനിവേദനവും അതാത് സംഘടനകൾക്ക് നല്കിയിരിക്കുന്ന പ്രത്യേക നിവേദനവും തയ്യാറാക്കി കമ്മീഷന് അയയ്ക്കുന്നുണ്ട് എന്ന് രൂപതാനേതൃത്വം ഉറപ്പാക്കേണ്ടതാണ്. ജൂലൈ അവസാനത്തോടെ ഇത് പൂർത്തിയാക്കിയതിന്റെ വിശദമായ റിപ്പോർട്ട് രൂപതാകാര്യാലയത്തിലേക്കും രൂപതാ പബ്ലിക് അഫയേഴ്സ് കമ്മറ്റിയിലേയ്ക്കും നല്കേണ്ടതാണ്.

**വ്യക്തിഗത പരാതികൾ**

വിഷയാധിഷ്ഠിതമായി തയ്യാറാക്കപ്പെടുന്ന നിവേദനങ്ങൾക്ക് പുറമേ കുടുംബങ്ങളിൽ നിന്നും, വ്യക്തിപരമായും പരാതികളും ബുദ്ധിമുട്ടുകളും കമ്മീഷന് അയയ്ക്കാനുള്ള നടപടികളും ഇടവക തലത്തിൽ സ്വീകരിക്കേണ്ടതാണ്. അതിനാവശ്യമായ പരിശീലനമാണ് ഫൊറോനാതലത്തിലുള്ള വെബിനാറുകളിലൂടെ ബന്ധപ്പെട്ടവർക്ക് ജൂൺ 7 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ നല്കുന്നത്. സാമ്പത്തിക പിന്നോ

ക്കാവസ്ഥ, കാർഷികമേഖല, വിദ്യാഭ്യാസപ്രശ്നങ്ങൾ, സാമ്പത്തിക പ്രതിസന്ധിമൂലം പഠനം തുടരാനാവാത്ത സാഹചര്യം, പഠനം നടത്താൻ കഴിയാത്തത് മൂലം വിവാഹം നടക്കാത്ത അവസ്ഥകൾ, കാർഷികമേഖലയിലെ തകർച്ച മൂലം ഉണ്ടാകുന്ന കടബാദ്ധ്യതകൾ ഉന്നതപഠനത്തിനും തൊഴിലിലും ജനറൽ സീറ്റിലെ മത്സരത്തിലുണ്ടാകുന്ന അനീതികൾ, വീടില്ലാത്ത സാഹചര്യം, വന്യജീവി ആക്രമണം എന്നിങ്ങനെ വിവിധങ്ങളായ വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം പോകുന്നതിനെക്കുറിച്ചുള്ള പരാതികളാണ് കുടുംബങ്ങൾക്കും വ്യക്തികൾക്കും നല്കാൻ കഴിയുക. ഇതിന് സഹായകമാകുന്ന നിർദ്ദേശങ്ങൾ ഫൊറോനാ, ഇടവക തലത്തിൽ കോർഡിനേറ്റ് ചെയ്യുന്നവർ കുടുംബങ്ങൾക്കും വ്യക്തികൾക്കും നല്കേണ്ടതാണ്.

**നിവേദനങ്ങൾ തയ്യാറാക്കേണ്ട രീതി**

ക്രൈസ്തവസമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെ തിരിച്ചറിയുക, അവയെ വിദ്യാഭ്യാസം, സാമ്പത്തികപിന്നാക്കാവസ്ഥ, ക്ഷേമം എന്നീ മേഖലകളിൽ ഉൾപ്പെടുത്തി നിവേദനങ്ങൾ തയ്യാറാക്കുക.

**തെളിവുകൾ**

അവതരിപ്പിക്കുന്ന വിഷയങ്ങൾക്ക് തെളിവുകൾ കൂടി സമർപ്പിക്കുന്നത് നമ്മുടെ നിലപാടുകൾ ശരിയാണെന്ന് തെളിയിക്കാൻ കൂടുതൽ ഉപകരിക്കും. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, വിവരാവകാശ രേഖകൾ, പത്രവാർത്തകൾ, ചിത്രങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, മറ്റ് ആധികാരിക രേഖകൾ, ഗവ. വെബ്സൈറ്റ് രേഖകൾ എന്നിവ ഉപയോഗപ്പെടുത്താം.

**പൊതുവിഷയങ്ങളുടെ പ്രാദേശിക ഉദാഹരണങ്ങൾ**

ഫൊറോന, ഇടവക, കുടുംബക്കൂട്ടായ്മ, വ്യക്തിഗത നിവേദനങ്ങളിൽ പൊതുവിഷയങ്ങളുടെ പ്രാദേശിക ഉദാഹരണങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. പ്രാദേശികപ്രശ്നങ്ങളെയും ക്രൈസ്തവപിന്നാക്കാവസ്ഥയുടെ കാരണം – തെളിവുകൾ എന്ന നിലയിൽ അവതരിപ്പിക്കാം.

**റിപ്പോർട്ട്, വീഡിയോ, ഇന്റർവ്യൂ**

പ്രാദേശികമായ വിഷയങ്ങളിൽ സംഘടനകൾ, പൊതുപ്രവർത്തകർ എന്നിവരെക്കൊണ്ടോ അവരെ ഉൾപ്പെടുത്തിയോ റിപ്പോർട്ട്, വീഡിയോ, ഇന്റർവ്യൂ എന്നിവ തയ്യാറാക്കി കമ്മീഷന് അയയ്ക്കുന്നതും നല്ലതാണ്.

**അയയ്ക്കേണ്ട രീതി**

എല്ലാത്തിന്റെയും മൂന്ന് പതിപ്പുകൾ തപാലിലും ഇ-മെയിലിലും കമ്മീഷന് അയയ്ക്കണം.

**പകർപ്പ് രൂപതാ കേന്ദ്രത്തിലേക്കും അയയ്ക്കുക**

രൂപതാതല റിപ്പോർട്ടിനുവേണ്ടിയും ഇവിടെ ഫയലിൽ സൂക്ഷിക്കുന്നതിന് വേണ്ടിയും മാനന്തവാടി രൂപതയുടെ പബ്ലിക് അഫയേഴ്സിലേക്കും വിജിലൻസ് കമ്മറ്റിയിലേക്കും ഒരു പകർപ്പ് അയച്ചുതരണം.

റിപ്പോർട്ടുകളും നിവേദനങ്ങളും പരാതികളും അയക്കേണ്ട വിലാസം

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങളുടെ മൂന്ന് പകർപ്പുകൾ അയയ്ക്കണം. ഇ-മെയിലായാലും അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം

**Secretary**
**Justice J.B. Koshy Commission**
**Second Floor**
**Housing Board Building**
**Panampilly Nagar**
**Kochi - 682036**
**Email: christianminoritycommission@gmail.com**

രൂപതാതല റിപ്പോർട്ടിംഗിനും മറ്റും ഉപകാരപ്പെടുത്തുന്നതിനായി ഒരു പകർപ്പ് രൂപതയുടെ പബ്ലിക് അഫയേഴ്സ് കമ്മറ്റിയുടെ ഇ-മെയിലേയ്ക്ക് അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം

**Convener**
**Public Affairs cum Vigilance Committee**
**Pastoral Centre**
**Nalloornadu P. O., Dwaraka**
**Mananthavady**
**Wayanad- 670645**
**Email:pamtdy@gmail.com, prodiocese@gmail.com**

**നിവേദനങ്ങളിലും പരാതികളിലും ഉന്നയിക്കാവുന്ന വിഷയങ്ങൾ**

വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലൂന്നി ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിക്കാനാണ് കമ്മീഷന് സർക്കാർ

നല്കിയിരിക്കുന്ന നിർദ്ദേശം. ഈ മേഖലകളോട് ബന്ധപ്പെടുന്ന വിധത്തിൽ ന്യൂനപക്ഷക്ഷേമം, സംവരണം, മലയോരകർഷകരുടെ പ്രശ്നങ്ങൾ, ദളിത്, നാടാർ ക്രൈസ്തവരുടെ വിഷയങ്ങൾ, വിദ്യാഭ്യാസമേഖലയിലുള്ള എയ്ഡഡ്, അൺ എയ്ഡഡ്, സ്വാശ്രയ ഉന്നതവിദ്യാഭ്യാസം, എയ്ഡഡ് ഉന്നതവിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യക്ഷേമം, സ്പെഷ്യൽ സ്കൂളുകൾ, ഓർഫനേജുകൾ, കെയർ ഹോമുകൾ, പ്രവാസിക്ഷേമം, ചെറുകിട കച്ചവടക്കാർ, നഴ്സിംഗ് മേഖല, പൊതുവിലുള്ള സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള സുതാര്യവും സത്യസന്ധവുമായ അവതരണങ്ങളായിരിക്കണം നമ്മുടെ നിവേദനങ്ങൾ. വിശദാംശങ്ങൾ ബഹുമാനപ്പെട്ട വൈദികരെ അറിയിച്ചിട്ടുണ്ട്. പ്രസക്തവും പ്രധാനപ്പെട്ടതുമെന്ന് തോന്നുന്ന മറ്റേതൊരു വിഷയവും പരിഗണിക്കാവുന്നതും ഉൾപ്പെടുത്താവുന്നതുമാണ്.

**ഫൊറോനാതല പ്രവർത്തനപദ്ധതി**

നല്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾ ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്റെയും ഫൊറോനാ കോ-ഓർഡിനേറ്ററുടേയും നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്യുകയും ജൂലൈ 31-ന് മുമ്പായി എല്ലാ തലങ്ങളിൽ നിന്നും നിവേദനങ്ങൾ അയച്ചു എന്ന് ഉറപ്പാക്കുന്നതിനായി പദ്ധതി രൂപീകരിക്കുകയും വേണം.

**ഫൊറോനാതലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ**

• എല്ലാ വിഷയങ്ങളെയും ഫൊറോനാതലത്തിൽ ഏതൊക്കെ സമിതികൾ പൊതുവിൽ അഭിസംബോധന ചെയ്യും എന്നത് തീരുമാനിക്കുക.

• സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തികളെയോ ഗ്രൂപ്പുകളെയോ ഏൽപ്പിക്കുക.

• സംഘടനകളുടെ ഫൊറോനാതല സമിതികൾക്ക് വിഷയങ്ങൾ വീതിച്ചു നല്കുക.

• ഏതൊക്കെ രാഷ്ട്രീയപ്രതിനിധികൾ, സുപ്രധാന വ്യക്തികൾ എന്നിവരെക്കൊണ്ട് ക്രൈസ്തവ പിന്നാക്കാവസ്ഥയെ സംബന്ധിച്ച് നിവേദനങ്ങളെഴുതിക്കാൻ സാധിക്കുമെന്ന് തീരുമാനിക്കുക.

• ഫൊറോനയുടെ ഭൂമിശാസ്ത്രപരിധിക്കുള്ളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുക.

• അവയെ എങ്ങനെ ക്രൈസ്തവ പിന്നാക്കാവസ്ഥയുമായി

ബന്ധപ്പെടുത്താമെന്ന് ചർച്ച ചെയ്യുക.

• ഇടവക തലത്തിൽ നിന്നുള്ള കോ-ഓർഡിനേറ്റഴ്സിനെയും തിരഞ്ഞെടുക്കപ്പെട്ടവരെയും ഒരുമിച്ചുകൂട്ടി വിവരങ്ങൾ കൈമാറുകയും പരിശീലനം നല്കുകയും ചെയ്യുക.

• എല്ലാ ഇടവകകളിൽ നിന്നും വ്യക്തിഗത പരാതികൾ പരമാവധി പോകുന്നുവെന്ന് ഉറപ്പാക്കുക.

• ഫൊറോനാ വികാരിയുടെ അറിവോടെ ഫൊറോനാ കോ-ഓർഡിനേറ്റർ എല്ലാം സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ഉറപ്പാക്കുക.

• എല്ലാ നിവേദനങ്ങളുടേയും കോപ്പി രൂപതാസമിതിക്ക് അയച്ചുവെന്ന് ഉറപ്പാക്കുക.

• ഇടവകാ കോ-ഓർഡിനേറ്റർമാരെ ഉൾപ്പെടുത്തി ചർച്ചകൾ നടത്തുകയും ആഴ്ചയിൽ ഒരു വിലയിരുത്തൽ മീറ്റിംഗ് സംഘടിപ്പിക്കുകയും ചെയ്യുന്നത് ഉചിതമാണ്.

ഇടവകതലത്തിലെ പ്രവർത്തനങ്ങൾ ഫൊറോനയിൽ നിന്ന് നടത്തുന്ന കോ-ഓർഡിനേഷൻ പ്രോഗ്രാമുകളോട് സഹകരിച്ചുകൊണ്ട് സമയബന്ധിതമായി നിവേദനങ്ങൾ (പൊതുവായതും വ്യക്തിപരമായതും) അയച്ചുവെന്ന് ഉറപ്പുവരുത്താൻ ഇടവകകളും പരിശ്രമിക്കേണ്ടതാണ്. ഇടവകകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

• ഇടവകയിൽ നിന്നുള്ള അംഗങ്ങളെ ഫൊറോനാതല മീറ്റിംഗിൽ പങ്കെടുപ്പിക്കുക.

• ഇടവകപ്രതിനിധിയോഗമോ ഇക്കാര്യങ്ങൾക്കുവേണ്ടി പ്രത്യേക സമിതിയോ സമ്മേളിച്ച് വിഷയങ്ങൾ ചർച്ച ചെയ്യുക.

• ഇടവകയുടേതായി ഒരു പൊതുനിവേദനം തയ്യാറാക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തുക.

• വിവിധവിഷയങ്ങൾ സംഘടനകൾക്കും വ്യക്തികൾക്കുമായി വീതിച്ചു നല്കുക.

• ക്രൈസ്തവ പിന്നാക്കാവസ്ഥയെക്കുറിച്ച് നിവേദനങ്ങളെഴുതിക്കാൻ സാധിക്കുന്ന രാഷ്ട്രീയപ്രതിനിധികളെയും സുപ്രധാന വ്യക്തികളെയും കണ്ടെത്തുക. അവരോട് ആവശ്യപ്പെടുക.

• ഇടവകയുടെ പരിധിക്കുള്ളിൽ വരുന്ന പൊതുപ്രശ്നങ്ങൾ കണ്ടെത്തുക.

• അവ ക്രൈസ്തവ പിന്നാക്കാവസ്ഥയുടെ കാരണമാകുന്നുവെന്ന് സൂചിപ്പിച്ച് പരാതികൾ തയ്യാറാക്കുക

• ഓരോ കുടുംബയൂണിറ്റിൽ നിന്നും പൊതുവായും ഓരോ കുടുംബത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു പരാതിയെങ്കിലും പോകുന്നുവെന്ന് ഉറപ്പാക്കുക.

• ഇടവകവികാരിയുടെ അറിവോടെ ഇടവകാ കോ-ഓർഡിനേറ്റർ എല്ലാം സമയബന്ധിതമായി ചെയ്യുന്നുവെന്ന് ഉറപ്പാക്കുക. അവർ ഫൊറോനാ തലത്തിലുള്ള ഫോളോ അപ് മീറ്റിംഗുകളിൽ പങ്കെടുക്കുകയും വേണം.

• എല്ലാ നിവേദനങ്ങളുടേയും കോപ്പി രൂപതാസമിതിക്ക് അയച്ചുവെന്ന് ഉറപ്പാക്കുക.

**ഫൊറോനാതല ബോധവത്ക്കരണ വെബിനാറുകൾ**

സമയകാലികപ്രാധാന്യമുള്ള വിഷയങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനായി ഫൊറോനാതലത്തിലുള്ള വെബിനാറുകൾ രൂപതയുടെ പബ്ലിക് അഫയേഴ്സ് കമ്മറ്റി നടത്തിവരികയാണ്. പരമാവധി ആളുകളെ അവയിൽ പങ്കെടുപ്പിക്കണം. ചർച്ച ചെയ്യുന്ന വിഷയങ്ങൾ താഴെപ്പറയുന്നവയാണ്.

• ക്രൈസ്തവസമുദായവും ന്യൂനപക്ഷപദവിയും

• ന്യൂനപക്ഷപദവിയും പിന്നാക്കാവസ്ഥവയും സംവരണവും

• സാമ്പത്തികസംവരണം - ആർക്ക്? എങ്ങനെ?

• ജെ.ബി. കോശി കമ്മീഷൻ - പ്രസക്തി

**വെബിനാറുകളിൽ ആരെല്ലാം പങ്കെടുക്കണം**

ഫൊറോനാസമിതി, സംഘടനാപ്രതിനിധികൾ, ഇടവകകളിൽ നിന്നുള്ള കൈക്കാരന്മാർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, മതാദ്ധ്യാപകർ എന്നിങ്ങനെ ഈ വെബിനാറുകളിൽ പങ്കെടുപ്പിക്കേണ്ടവരെയെല്ലാം ഉൾപ്പെടുത്താവുന്നതാണ്. ഈ വെബിനാറുകളല്ലാതെ ഇടവകാതലത്തിൽ മറ്റ് ഇടവകാംഗങ്ങൾക്ക് വേണ്ടിയും ബോധവത്ക്കരണ പ്രോഗ്രാമുകൾ വികാരിയച്ചന്മാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഓൺലൈനായി നടത്തുന്നതാണ്.

**സംശയ ദൂരീകരണത്തിനും വിശദീകരണങ്ങൾക്കും ആരെ ബന്ധപ്പെടണം**

ഇപ്പറഞ്ഞ വിഷയങ്ങളിലുള്ള സംശയദുരീകരണത്തിനും വ്യക്ത

തയ്ക്കുമായി ബന്ധപ്പെടേണ്ടത് മാനന്തവാടി രൂപതയുടെ പബ്ലിക് അഫയേഴ്സ് വിജിലൻസ് കമ്മറ്റിയെയാണ്. അതിനായി ഓഫീസ് നമ്പറായ 7306698422 (വാട്സാപ്പ്, ടെക്സ്റ്റ് മെസേജ്), ഈ-മെയിൽ വിലാസം: (pamtdy@gmail.com)

എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. കമ്മറ്റിയുടെ കൺവീനറായിരിക്കുന്ന ബഹുമാനപ്പെട്ട ജോസ് കൊച്ചറക്കലച്ചനുമായി ബന്ധപ്പെട്ടും ബോധവത്ക്കരണ പ്രോഗ്രാമുകൾ ബുക്ക് ചെയ്യാവുന്നതാണ്.

ഭാരതത്തിൽ വിജ്ഞാപിത ന്യൂനപക്ഷമായ ക്രൈസ്തവസമുദായത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നിലനില്പും അതിജീവനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സർക്കാർ തീരുമാനങ്ങൾക്കും ക്ഷേമപദ്ധതികൾക്കും ഇതുപോലുള്ള കമ്മീഷൻ പഠനങ്ങൾ ഗുണം ചെയ്യുന്നതാണ്. ആയതിനാൽ ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന കമ്മീഷൻ മുമ്പാകെ സത്യസന്ധവും ശാസ്ത്രീയവുമായ രീതിയിലായിരിക്കണം നമ്മുടെ നിവേദനങ്ങൾ സമർപ്പിക്കേണ്ടത്. ഇതുവരെ നിങ്ങൾ നൽകിയ എല്ലാ സഹകരണത്തിനും ഹൃദയപൂർവ്വം നന്ദി പറയുകയും തുടർന്നും അപ്രകാരം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 ജൂൺ മാസം 14 ന് നൽകപ്പെട്ടത്

യേശുവിൽ,



**ബിഷപ്പ് ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

**പ്രത്യേക ശ്രദ്ധയ്ക്ക്:** *ഈ സർക്കുലറിൽ പരാമർശിക്കുന്ന വിഷയങ്ങളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഇടവകകളുടേയും സംഘടനകളുടേയും സമർപ്പിതരുടേയും മതബോധന അദ്ധ്യാപകർ, കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരുടേയും വാട്ട്സ് ആപ്പ് കൂട്ടായ്മകളിൽ ഇത് അയച്ചു കൊടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ എല്ലാവരും ശ്രദ്ധിക്കണേ.*

# സർക്കുലർ

***Circular Letter No. 12/2021***
***Prot. No. 25002/2021***

കർത്താവിനാൽ ഏറ്റവും സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരങ്ങളേ, വാൽസല്യമുള്ള കുട്ടികളേ,

ഭാരതത്തിന്റെ ഭരണഘടനയുടെ നൂറ്റിമൂന്നാം ഭേദഗതിയിലൂടെ സംവരണരഹിത സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (Reservation for the Economically Backward Sections) പത്തു ശതമാനം വരെ സംവരണം അനുവദിക്കപ്പെട്ടിരുന്നു. പ്രസ്തുത സംവരണാനുകൂല്യം ലഭിക്കുന്നതിന് സീറോ മലബാർ കത്തോലിക്കർക്കും അർഹതയുണ്ട്. മെഡിക്കൽ, എഞ്ചിനിയറിംഗ് എൻട്രൻസ്, നഴ്സിംഗ്, പാരാമെഡിക്കൽ, ഡിഗ്രി, പിജി, പ്ലസ് വൺ കോഴ്സുകൾക്ക് സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം, PSC പരീക്ഷ, NET, NEET, UPSC, ബാങ്ക്, റെയിൽവേ തുടങ്ങിയ കേന്ദ്ര സർക്കാർ പരീക്ഷകൾ, കേന്ദ്രസർക്കാർ ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം തുടങ്ങിയവയ്ക്കാണ് സീറോ മലബാർ സഭയിൽപ്പെട്ടവരുൾപ്പെടെ ഇതുവരെ സംവരണം ലഭിക്കാതിരുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും 10% സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്.

## EWS സർട്ടിഫിക്കറ്റ്

ഈ സംവരണം ലഭ്യമാകുന്നതിന് EWS (Economically Weaker Sections) സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. സംവരണ മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്നവർ കേരള സംസ്ഥാനത്തുള്ള സംവരണത്തിന് അവരവരുടെ താമസസ്ഥലം ഉൾപ്പെടുന്ന വില്ലേജ് ഓഫീസിറുടെ പക്കൽ നേരിട്ട് അപേക്ഷ നല്കിയാണ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കേണ്ടത്. കേന്ദ്രതല സംവരണത്തിന് ഏതെങ്കിലും അക്ഷയ കേന്ദ്രങ്ങൾ വഴി സ്ഥലത്തെ തഹസീൽദാർക്ക് അപേക്ഷ കൊടുത്ത് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. കേന്ദ്ര, സംസ്ഥാന സംവരണങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങളിൽ വ്യത്യാസമുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. EWS സർട്ടിഫിക്കറ്റ് ഓരോ ആവശ്യത്തിനും അപ്പോഴപ്പോൾ വാങ്ങേണ്ടതാണെന്നതും സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള

കേന്ദ്ര, സംസ്ഥാന മാനദണ്ഡങ്ങളിൽ വ്യത്യാസമുണ്ട് എന്നതും പ്രത്യേകം ശ്രദ്ധിക്കണം.

**കേന്ദ്ര മാനദണ്ഡങ്ങൾ**

കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡപ്രകാരം ആകെ വാർഷിക കുടുംബ വരുമാനം 8 ലക്ഷം രൂപയിൽ കൂടാൻ പാടില്ല. അതു പോലെ സ്വന്തമായുള്ള കൃഷിഭൂമി 5 ഏക്കറിൽ കൂടാൻ പാടില്ല. പഞ്ചായത്ത് പ്രദേശത്ത് 4.2 സെന്റ് ഹൗസ് പ്ലോട്ട്, മുൻസിപ്പൽ കോർപ്പറേഷനിൽ 2.1 സെൻറ് ഹൗസ് പ്ലോട്ട്, എല്ലായിടത്തും വീടിന്റെ വിസ്തീർണം 1000 സ്ക്വയർ ഫീറ്റ് എന്നിവയാണ് വീടിനെ സംബന്ധിച്ച പരിധികൾ. ഇതുപ്രകാരം സർട്ടിഫിക്കറ്റ് ലഭിക്കാൻ വില്ലേജ് ഓഫീസർ വഴി തഹസീൽദാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വില്ലേജ് ഓഫീസറിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തഹസീൽദാർ സർട്ടിഫിക്കറ്റ് നൽകും. ഇതിന്റെ ഫോം അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാണ്.

**സംസ്ഥാന മാനദണ്ഡങ്ങൾ**

സംസ്ഥാന മാനദണ്ഡങ്ങൾ അനുസരിച്ച് ഉയർന്ന പരിധികൾ ഇപ്രകാരമാണ്. ആകെ കുടുംബവാർഷികവരുമാനം 4 ലക്ഷം രൂപ, ആകെ ഭൂസ്വത്ത് പഞ്ചായത്തുകളിൽ 2.5 ഏക്കർ, മുൻസിപ്പാലിറ്റികളിൽ 75 സെന്റ്, കോർപ്പറേഷനുകളിൽ 50 സെന്റ് എന്നിവയാണ് . ഇതിൽ ഏതെങ്കിലും ഒരു മാനദണ്ഡം ഉയർന്നു പോയാൽ സംസ്ഥാന EWS സർട്ടിഫിക്കറ്റ് ലഭിക്കില്ല. ഇവിടെയും പഞ്ചായത്തിലൊഴികെ ഹൗസ് പ്ലോട്ട്, കൃഷിഭൂമി എന്ന വേർതിരിവ് ഉണ്ട്. ഇതുപ്രകാരം മുനിസിപ്പാലിറ്റികളിൽ 20 സെന്റും കോർപ്പറേഷനുകളിൽ 15 സെന്റും ഉള്ളവർക്കുമാത്രമേ പ്രായോഗികമായി EWS സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു. നേരിട്ട് അപേക്ഷ നൽകി വില്ലേജ് ഓഫീസറിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങണം.

**സീറോ മലബാർ സമുദായത്തിന്റെ പുതിയ പേര്**

EWS സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട ഒരു സുപ്രധാനകാര്യം സീറോ മലബാർ സമുദായത്തിന്റെ പേരുമായി ബന്ധപ്പെട്ടുള്ളതാണ്. സംവരണേതര വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കാണ് സാമ്പത്തികസംവരണം ലഭിക്കുന്നത് എന്ന് പറഞ്ഞുവല്ലോ. ഇപ്രകാരം സാമ്പത്തികസംവരണം ലഭിക്കാൻ അർഹതയുള്ള സംവരണേതര സമുദായങ്ങളുടെ ലിസ്റ്റ് 2021 ജൂൺ 3 ന് കേരള

സർക്കാരിന്റെ പൊതുഭരണവകുപ്പ് ഒരു അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധീകരിച്ചിരുന്നു (**കാണുക:** സർക്കാർ ഉത്തരവ്– സ.ഉ. (എം.എസ്.) നമ്പർ114/2021/പൊതുഭരണവകുപ്പ് – പൊ. ഭ.വ.) പ്രസ്തുത വിജ്ഞാപനമനുസരിച്ച് 164 സംവരേണതര സമുദായങ്ങളുള്ളതിൽ നമ്പർ 163 ആയി നമ്മുടെ സമുദായത്തിന്റെ പേര് ഉൾപ്പെടുത്തിയിരിക്കുന്നത് **സിറിയൻ കാത്തലിക് *(സീറോ മലബാർ കാത്തലിക്)*** എന്നാണ്. ഇതിൽ ബ്രാക്കറ്റിലുള്ളതടക്കം എല്ലാ വാക്കുകളും വളരെ പ്രധാനപ്പെട്ടവയാണ്. കാരണം സിറിയൻ കാത്തലിക്ക് എന്നറിയപ്പെടുന്ന മറ്റ് മൂന്ന് വിഭാഗങ്ങൾ കൂടിയുണ്ട്.

ഇവിടെ നാം ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യം സർക്കാർ പ്രസിദ്ധീകരിച്ചത് സമുദായങ്ങളുടെ ലിസ്റ്റാണ്, മതങ്ങളുടെയൊ സഭകളുടെയോ ലിസ്റ്റല്ല എന്നതാണ്. കാരണം മതത്തിന്റേയോ സഭയുടെയോ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്താൻ ഭരണഘടന അനുവദിക്കുന്നില്ല. അതുകൊണ്ട് സീറോ മലബാർ സഭ എന്നൊന്നും എഴുതാൻ കഴിയില്ല. മാത്രമല്ല, സീറോ മലബാർ സഭയിൽ തന്നെ പല സമുദായങ്ങൾ ഉണ്ട് താനും. ഉദാഹരണമായി കോട്ടയം രൂപത സീറോ മലബാർ സഭയുടെ ഭാഗമാണെങ്കിലും അവർ ക്നാനായ അഥവാ തെക്കുംഭാഗർ എന്ന സമുദായത്തിൽപ്പെട്ടവരാണ്. അതുകൊണ്ട് അവരെ പ്രത്യേകം ഒരു സമുദായമായിട്ടാണ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുനത്. അതുപോലെ നാടാർ, പരിവർത്തിതർ എന്നിങ്ങനെ മറ്റ് രണ്ട് സമുദായങ്ങൾ കൂടി സീറോ മലബാർ സഭയിലുണ്ട്. സഭാപരമായി അവരും സീറോ മലബാർ ആണെങ്കിലും സമുദായപരമായി അല്ല.

**പ്രതിസന്ധി**

സർക്കാരിന്റെ ഈ വിജ്ഞാപനത്തോടെ നമ്മെ സംബന്ധിച്ചിടത്തോളം ഗുരുതരമായ ഒരു പ്രതിസന്ധി രൂപപ്പെടുന്നുണ്ട്. പരമ്പരാഗതമായി വിവിധ ആവശ്യങ്ങൾക്കുള്ള സർക്കാർ രേഖകളിൽ, പ്രത്യേകിച്ച് സമുദായം തെളിയിക്കുന്നതിനായി ഹാജരാക്കുന്ന SSLC ബുക്കിലടക്കം, നമ്മുടെ സമുദായത്തിന്റെ പേര് പല രീതികളിലാണ് ഇതുവരെ രേഖപ്പെടുത്തി വന്നത്. RC, RCS, RCSC, SC, റോമൻ കാത്തലിക്ക്, സിറിയൻ കാത്തലിക്ക്, ക്രിസ്ത്യൻ റോമൻ കാത്തലിക്ക്, ക്രിസ്ത്യൻ RC, ക്രിസ്ത്യൻ RCSC, ക്രിസ്ത്യൻ റോമൻ കാത്തലിക്, സീറോ മലബാർ എന്നിവയാണ് ഇപ്പോൾ രൂപതാംഗങ്ങളുടെ പലരുടെയും SSLC ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്.

എന്നാൽ ഈ പേരുകളൊന്നുമല്ല ഗസറ്റ് വിജ്ഞാപനത്തിൽ നമ്മുടെ സമുദായത്തിന്റേതായി നല്കിയിരിക്കുന്നത്, മറിച്ച്, മേൽ സൂചിപ്പിച്ചതുപോലെ **'സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്)** എന്നാണ്. പ്രഫഷണൽ ഡിഗ്രി പ്രവേശനത്തിന് ഓൺ ലൈൻ അപേക്ഷയോടൊപ്പം സാമ്പത്തികസംവരണത്തിനായി പലരും ഈ വർഷം സമർപ്പിച്ചിരിക്കുന്ന സർട്ടിഫിക്കറ്റിൽ സർക്കാർ ഉത്തരവിൽ ഇല്ലാത്ത പേരുകളാണ് നല്കിയിരിക്കുന്നത് എന്നും അതിനാൽ അവ സംവരണത്തിന് പരിഗണിക്കില്ലായെന്നും പരീക്ഷാ കമ്മീഷണർ അറിയിച്ചതായി പല അപേക്ഷകരും പറയുന്നു. സർക്കാർ പ്രസിദ്ധീകരിച്ച പട്ടികയിലെ വിഭാഗത്തിന്റെ പേരും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരും ഒന്നുതന്നെയായിരിക്കണം എന്നാണ് കമ്മീഷണറുടെ നിലപാട്. അങ്ങനെ ഏകപക്ഷീയമായി ഒരു നിലപാട് എടുക്കാൻ അദ്ദേഹത്തിന് അധികാരമില്ല എന്നും ചില നിയമവിദഗ്ധർ പറയുന്നു. സർക്കാർ ഇക്കാര്യത്തിൽ ഇതുവരെ വ്യക്തത വരുത്തിയിട്ടില്ല.

ഈ പ്രതിസന്ധി പരിഗണിച്ച് കാലാകാലങ്ങളായി വിവിധ രേഖകളിലായി നാം ഉപയോഗിച്ച് വരുന്ന മേല്പറഞ്ഞ പേരുകൾ സംവരേണതര വിഭാഗങ്ങളുടെ പട്ടികയിൽ നമ്പർ 163 ആയുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് തത്തുല്യമാണ് എന്ന വിശദീകരണം സർക്കാർ ഔദ്യോഗികമായി പുറപ്പെടുവിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തിരശ്രദ്ധ ക്ഷണിച്ച് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ ഓഫീസിൽ നിന്ന് നിവേദനം നല്കിയിട്ടുമുണ്ട്.

നമ്മുടെ നിവേദനത്തിൽ സർക്കാർ അന്തിമ തീരുമാനം എടുക്കുന്നതുവരെ ഇപ്പോൾ അവരവരുടെ SSLC തുടങ്ങിയ സർട്ടിഫിക്കറ്റുകളിൽ എന്താണോ എഴുതിയിരിക്കുന്നത് അതു തന്നെ EWS സർട്ടിഫിക്കറ്റ് വാങ്ങാനുള്ള അപേക്ഷയിലും എഴുതേണ്ടതാണ്. സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ സമുദായത്തിന്റെ പേര് ഇപ്പോഴത്തെ ഗസറ്റിലേതു പോലെയല്ല എന്ന് പറഞ്ഞ് അപേക്ഷ തള്ളുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ നിവേദനത്തിൽ തീരുമാനമാകുന്നതിന് മുമ്പ് തയ്യാറാക്കുന്ന SSLC സർട്ടിഫിക്കറ്റ് തുടങ്ങിയവയിൽ സമുദായത്തിന്റെ പേര് എങ്ങനെ രേഖപ്പെടുത്തണം എന്ന ചോദ്യം ഉത്തരമില്ലാതെ നില്ക്കുന്നുണ്ട്. ഏതായാലും അക്കാര്യത്തിൽ അധികം താമസിയാതെ തീരുമാനമുണ്ടാകും എന്നാണ് പ്രതീക്ഷ.

**കുടുംബം എന്നതിന്റെ നിർവചനം**

ഒരു വിദ്യാർത്ഥി EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷിക്കുമ്പോൾ ആ കുട്ടിയുടെ കുടുംബത്തിലെ വാർഷിക വരുമാനവും ഭൂസ്വത്തുമാണ് കണക്കിലെടുക്കുന്നത്. സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം (ജനുവരി 03 & മാർച്ച് 03/2020) താഴെ കൊടുത്തിരിക്കുന്നവർ മാത്രമാണ് കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നത്.

സർട്ടിഫിക്കറ്റ് ആവശ്യമുള്ള ആൾ (വിദ്യാർത്ഥി ) അപേക്ഷകൻ / അപേക്ഷക)

വിദ്യാർത്ഥി / അപേക്ഷകൻ / അപേക്ഷകയുടെ മാതാവ്, പിതാവ്, വിവാഹം കഴിഞ്ഞതെങ്കിൽ ജീവിത പങ്കാളി.

വിദ്യാർത്ഥി / അപേക്ഷകൻ / അപേക്ഷകയുടെ 18 വയസിൽ താഴെയുള്ള (below 18 years) സഹോദരങ്ങൾ, 18 വയസ്സിൽ താഴെയുള്ള മക്കൾ ഉണ്ടെങ്കിൽ അവർ. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചുള്ള കുടുംബത്തിന്റെ നിർവചനവും ഇപ്രകാരം തന്നെയാണ്.

വിദ്യാർത്ഥി / അപേക്ഷകൻ / അപേക്ഷകയുടെ വല്യപ്പൻ, വല്യമ്മ, 18 വയസ്സിനു മുകളിലുള്ള സഹോദരങ്ങൾ, 18 വയസ്സിനു മുകളിലുള്ള മക്കൾ, വീട്ടിൽ താമസിക്കുന്ന മറ്റ് അംഗങ്ങൾ മുതലായവർ ഇപ്രകാരം കുടുംബം എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. റേഷൻ കാർഡിലെ പേര് വിവരം ഇവിടെ പ്രസക്തമല്ല. അവരുടെ പേരിലുള്ള ഭൂസ്വത്തോ വരുമാനമോ കണക്കാക്കേണ്ടതില്ല.

വിവാഹം കഴിച്ച ഒരു സ്ത്രീക്ക് ആ സ്ത്രീയുടെയും സ്വന്തം മാതാപിതാക്കളുടെയും ഭർത്താവിന്റെയും സ്വത്തും വരുമാനവുമാണ് കണക്കാക്കേണ്ടത്. ഭർത്താവിന്റെ വീട്ടിലാണ് താമസിക്കുന്നതെങ്കിലും ഭർത്താവിന്റെ മാതാപിതാക്കളുടെ സ്വത്തും വരുമാനവും കണക്കാക്കേണ്ടതില്ല. വിവാഹം കഴിഞ്ഞ് 6 മാസം പൂർത്തിയായ ഒരു സ്ത്രീ ഭർത്താവിന്റെ വീട്ടിലാണ് താമസിക്കുന്നതെങ്കിൽ ഭർത്താവിന്റെ സ്ഥലത്തെ വില്ലേജ് ഓഫീസിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ക്രൈസ്തവവിശ്വാസത്തിലേക്ക് പരിവർത്തിതരായവരുടെ കുട്ടികൾക്ക് അവരുടെ ജാതി സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയിട്ടില്ലായെങ്കിൽ മാതാപിതാക്കളുടെ ജാതി തെളിയിക്കുന്ന രേഖകൾ വിവിധ ആവശ്യങ്ങൾക്കായി ഹാജരാക്കേണ്ടി വരും. ജനനസർട്ടിഫിക്കറ്റിൽ തങ്ങളുടെ ജാതി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതും

നല്ലതാണ്. വിവിധ സർക്കാർ ആവശ്യങ്ങൾക്കും വിദ്യാഭ്യാസ, തൊഴിൽ ആവശ്യങ്ങൾക്കും ജാതി അടിസ്ഥാനത്തിലുള്ള ക്ഷേമപദ്ധതികളിൽ പങ്കാളിത്തം ലഭിക്കുന്നതിനും അത് ഉപകരിക്കും.

ഇനിമുതൽ കുട്ടികളുടെ ജനനസമയത്ത് നൽകുന്ന വിവരങ്ങളിലും ജനന സർട്ടിഫിക്കറ്റിലും കുട്ടികളുടെ വിദ്യാഭ്യാസ പ്രവേശനവേളയിലും ഇതര സർക്കാർ – സർക്കാരിതര രേഖകളിലും നമ്മുടെ സമുദായത്തിന്റെ പേര് ചോദിക്കുന്നിടത്ത് 'സിറിയൻ കാത്തലിക്' (സീറോ മലബാർ കാത്തലിക്) എന്ന് അല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇനി തരുന്ന വിശദീകരണമനുസരിച്ചുള്ള പേര് ആണ് ചേർക്കേണ്ടത്. പള്ളി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുമ്പോഴും പള്ളിയിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളിലും ഇപ്രകാരം തന്നെയാണ് ഇനിമുതൽ രേഖപ്പെടുത്തേണ്ടത്. അതിനായി സർക്കാരിന്റെ വിശദീകരണം വരുന്നതുവരെ നമ്മൾ കാത്തിരിക്കണം എന്നും ഓർത്തിരിക്കുക.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ബന്ധപ്പെട്ട മറ്റെല്ലാവരും അടിയന്തിര പ്രാധാന്യത്തോടെ ഈ സർക്കുലറിലെ വിവരങ്ങൾ ഇടവകയുടെ വാട്ട്സ് ആപ്പ് കൂട്ടായ്മകളിലും മറ്റും പങ്ക് വയ്ക്കണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 ജൂൺ മാസം 16 ന് നല്കപ്പെട്ടത്.

യേശുവിൽ,



**ബിഷപ്പ് ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

# സർക്കുലർ

*Circular Letter No. 13/2021*
*Prot. No. 25012/2021*

**എല്ലാ ഇടവകകളുടെയും തത്തുല്യമായ സ്വതന്ത്ര കുരിശു പള്ളികളുടെയും, രൂപതാ ഡിപ്പാർട്ട്മെന്റുകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഉത്തരവാദിത്വമുള്ള ബഹുമാനപ്പെട്ട വൈദികരുടെ അടിയന്തിര ശ്രദ്ധയ്ക്ക്**

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

ബിഷപ്പ്സ് ഹൗസിൽ നിന്ന് ആശംസകൾ! നിങ്ങളെ എല്ലാവരെയും പ്രാർത്ഥനയിൽ ഓർക്കുകയും ഇടവക പ്രവർത്തനങ്ങളിൽ വിജയവും ദൈവാനുഗ്രഹവും നേരുകയും ചെയ്യുന്നു. പുതിയതായി സ്ഥലം മാറി വന്നവരെ പ്രത്യേകം ഓർക്കുകയും നന്ദി പറയുകയും ചെയ്യുന്നു. കോവിഡ് 19 ന്റെ ദുരിതങ്ങൾക്കിടയിൽ മാറ്റം എളുപ്പമായിരുന്നില്ല എന്ന് മനസ്സിലാക്കുന്നു. എങ്കിലും അതെല്ലാം നിങ്ങൾ സന്മനസ്സോടെ സ്വീകരിച്ചതിൽ സന്തോഷമുണ്ട്.

**ആദായ നികുതി ഇളവിനുള്ള സർട്ടിഫിക്കറ്റുകൾ പുതുക്കണം**

ഇടവകകൾക്കും മറ്റുമുള്ള ആദായനികുതി ഇളവുകളെ സംബന്ധിച്ച് ഭാരത സർക്കാർ കഴിഞ്ഞ വർഷം പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ ഭേദഗതികളെയും മാറ്റങ്ങളെയും പറ്റി ചില കാര്യങ്ങൾ സൂചിപ്പിക്കാനാണ് ഈ സർക്കുലർ. ഇതിൽ പരാമർശിക്കുന്ന കാര്യങ്ങൾ വളരെ ഗൗരവത്തോടെ ബന്ധപ്പെട്ട എല്ലാ വൈദികരും പരിഗണിക്കുകയും കണക്കുകൾ എഴുതുന്നവരെ വിവരം യഥാവിധി ധരിപ്പിക്കുകയും ആദായനികുതി ഇളവുകൾ തുടർന്നും ലഭിക്കാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്ത പക്ഷം നമുക്ക് അപരിഹാര്യമായ നഷ്ടങ്ങൾ ഉണ്ടാകാവുന്നതാണ്. അത് പിന്നീട് തിരുത്തുക എളുപ്പമായിരിക്കുകയില്ല. അതായത് വ്യക്തികളെന്ന പോലെ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും മറ്റും 30 മുതൽ 35 ശതമാനംവരെ വാർഷിക ആദായ നികുതി കൊടുക്കേണ്ടി വന്നേക്കാം.

**ആദായ നികുതി നിയമത്തിൽ വന്ന മാറ്റങ്ങൾ**

ലാഭേച്ഛ കൂടാതെ ജനോപകാര പ്രവർത്തനങ്ങളും മതപരമയ പ്രവർത്തനങ്ങളും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയുമാണല്ലോ നമ്മുടെ ഇടവകകളും മറ്റ് സ്ഥാപനങ്ങളും സംഘടനകളും എല്ലാം.

അത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്ര ആദായനികുതി വകുപ്പ് ആദായ നികുതിയിൽ ഇളവ് കൊടുക്കാറുണ്ട്. രണ്ട് വർഷം മുമ്പു വരെ പ്രാബല്യ ത്തിലിരുന്ന നിയമത്തിന്റെ **12 എ.** അല്ലെങ്കിൽ **12 എ. എ.** വകുപ്പ് പ്രകാര മാണ് ഈ ഇളവുകൾ തന്നിരുന്നത്. അതിനാൽ **12 എ.** സർട്ടിഫിക്കറ്റ് എന്നാണ് ആദായ നികുതി വകുപ്പ് തന്നിരുന്ന സർട്ടിഫിക്കറ്റിനെ വിളി ച്ചിരുന്നത്. എന്നാൽ ഇപ്പോൾ പ്രാബല്യത്തിലായിരിക്കുന്ന നിയമത്തിന്റെ **12 എ. ബീ.** വകുപ്പിലാണ് ഇളവുകളെപ്പറ്റി പറയുന്നത് എന്നതിനാൽ **12 എ. ബി.** സർട്ടിഫിക്കറ്റ് എന്നു പറയും.

നമ്മുടെ ഒട്ടുമിക്ക ഇടവകകളും എല്ലാ സ്ഥാപനങ്ങളും ഈ നിയമത്തിന്റെ കീഴിൽ ആദായനികുതി ഇളവ് കിട്ടിയിട്ടുള്ളവയാണ്. എന്നാൽ ചുരുക്കം ചില ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും അത്തരം ഇളവുകൾ ഉള്ളവയല്ല. അവർ എല്ലാവരും തന്നെ ഇളവിനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല. എന്നു കിട്ടും, കിട്ടുമോ തുടങ്ങിയ കാര്യങ്ങളെപ്പറ്റിയൊന്നും ഇപ്പോൾ പറയാൻ കഴിയില്ല. ഇളവ് അനുവദിച്ച് സർട്ടിഫിക്കറ്റ് തരുന്നതുവരെ തത്വത്തിൽ അവർ ആദായ നികുതി കൊടുക്കാൻ ബാധ്യസ്ഥരാണ്. എങ്കിലും അപേക്ഷ കൊടുത്തിരിക്കുന്നതുകൊണ്ട് നമുക്ക് ന്യായീകരണത്തിന് വകയുണ്ട്. അത് സർക്കാർ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കു കയോ ചെയ്യാം.

### പുതിയ വ്യവസ്ഥകൾ

**അഞ്ചു വർഷം കൂടുമ്പോൾ പുതുക്കണം:** മുൻനിയമത്തിന്റെ **12 എ.** വകുപ്പനുസരിച്ച് ഒരിക്കൽ ഇളവ് ലഭിച്ചാൽ അതു പുതുക്കേ ണ്ടതില്ലായിരുന്നു. എന്നാൽ മാറിയ നിയമമനുസരിച്ച് ഒരു പ്രാവശ്യം കിട്ടുന്ന ഇളവിന് അഞ്ചുവർഷത്തേയ്ക്ക് മാത്രമേ സാധുതയുള്ളു. അതു കഴിഞ്ഞാൽ വീണ്ടും അപേക്ഷ കൊടുത്ത് പുതുക്കണം. നിലവിൽ ആദായനികുതി ഇളവുള്ളവർ 2020 ജൂൺ 30 നകം പുതുക്കാനുള്ള അപേക്ഷ ബന്ധപ്പെട്ട മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ അത് 2021 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്.

### അപേക്ഷകൾ അയയ്ക്കേണ്ട രീതി:

ഓൺലൈനായിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. എന്നാൽ അപേക്ഷ സമർപ്പിക്കാനുള്ള വെബ് പോർട്ടൽ ഇതുവരെ അപേക്ഷ കർക്ക് തുറന്ന് കിട്ടിയിട്ടില്ല. അതുകൊണ്ട് തുറക്കുന്നതുവരെ കാത്തിരി ക്കുകയേ നിവൃത്തിയുള്ളു. പുതുക്കാനുള്ള അപേക്ഷ കൊടുക്കേണ്ട തിയതി ഇനിയും നീട്ടിയില്ലെങ്കിൽ പോർട്ടൽ തുറക്കുമ്പോൾ തന്നെ ലക്ഷക്കണക്കിന് സ്ഥാപനങ്ങൾ അപേക്ഷ കൊടുക്കാൻ പോർട്ടലിൽ

പ്രവേശിക്കാൻ ശ്രമിക്കുമല്ലോ. അപ്പോൾ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. എങ്കിലും നമ്മൾ ശ്രമിച്ചുകൊണ്ട് തന്നെ ഇരിക്കണം. ഒരു പക്ഷെ ജൂൺ 30 ന് മൂന്നോ നാലോ ദിവസങ്ങൾക്ക് മുമ്പു മാത്രമായിരിക്കും പോർട്ടൽ തുറക്കുന്നത്. തിയതി നീട്ടാത്തിടത്തോളം കാലം ജൂൺ 30 നുള്ളിൽ അപേക്ഷ കൊടുക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. അല്ലെങ്കിൽ നമ്മുടെ ആദായനികുതി ഇളവുകൾ റദ്ദ് ചെയ്തെന്ന് വരാം. അതുകൊണ്ട് നമ്മൾ വളരെ അടിയന്തിരമായി ആദായനികുതി ഇളവുകൾ പുതുക്കി കിട്ടാനുള്ള നടപടികൾ പൂർത്തിയാക്കണം.

**ഓഡിറ്റർമാർ**

കേരളത്തിലുള്ള നമ്മുടെ മിക്ക ഇടവകകളുടെയും സ്ഥാപനങ്ങളുടേയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് ഒരേ കമ്പനി തന്നെയാണ്. എന്നാൽ തമിഴ്നാട്ടിലെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ഓഡിറ്റർ വേറെയാണ്. അവരാണ് ആ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സർട്ടിഫിക്കറ്റ് പുതുക്കാനുള്ള ഉപദേശം തരേണ്ടത്. അതിനാൽ മേല്പ്പറഞ്ഞ ഇടവകകളും സ്ഥാപനങ്ങളും അദ്ദേഹവുമായി ആലോചിച്ച് പുതുക്കാനുള്ള അപേക്ഷകൾ കൊടുക്കാനുള്ള നടപടി ക്രമങ്ങൾ അവരവർ തന്നെ പൂർത്തിയാക്കേണ്ടതാണ്. കേരളത്തിലും ചില ഇടവകകളും സ്ഥാപനങ്ങളും അങ്ങനെ തന്നെ ചെയ്യുന്നുണ്ട്. അവരും ഇതേ പോലെ തന്നെ സ്വയം ചെയ്യേണ്ടതാണ്.

**ഇടവകകളുടെ അപേക്ഷകൾ പുതുക്കാൻ**

പുതുക്കാനുള്ള അപേക്ഷകൾ ഇടവകകളുടേത് രൂപതാ കേന്ദ്രത്തിൽ നിന്ന് തന്നെ അയയ്ക്കുന്നതാണ്. സ്ഥാപനങ്ങളുടേതും സംഘടനകളുടെതും ഡിപ്പാർട്ട്മെന്റുകളുടേതും അവയുടെ ഉത്തരവാദിത്വമുള്ളവർ തന്നെ ചെയ്യണം. ഇടവകകളുടേത് പുതുക്കാൻ അപേക്ഷകളോടൊപ്പം അയയ്ക്കേണ്ട അനുബന്ധ രേഖകളിൽ കുറെയെണ്ണം കഴിഞ്ഞ വർഷം തന്നെ ഇവിടെ കിട്ടിയിരുന്നു. എന്നാൽ ഇനിയും ചിലത് കൂടി കിട്ടാനുണ്ട്. അവ കൂടി കിട്ടിയാലേ അപേക്ഷ അയക്കാൻ കഴിയുകയുള്ളു. അതിനാൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ എല്ലാവരും ഇക്കാര്യത്തിൽ അടിയന്തിരമായി ആവശ്യമുള്ളത് ചെയ്യണം എന്ന ഭ്യർത്ഥിക്കുന്നു.

**ആവശ്യമായ രേഖകൾ**

**2020-2021 വർഷത്തെ വരവ് ചെലവ് കണക്കുകൾ (നാൾവഴിയുടെ പകർപ്പ്):**

അപേക്ഷയോടൊപ്പം അവസാനത്തെ മൂന്ന് വർഷങ്ങളിലെ മൂന്ന്

സാമ്പത്തിക വർഷങ്ങളിലെ കണക്കുകളാണ് സമർപ്പിക്കേണ്ടത്. കഴിഞ്ഞ വർഷം തന്നെ അയയ്ക്കാൻ കഴിയും എന്ന ധാരണയിൽ അതിനു മുമ്പത്തെ മൂന്ന് വർഷങ്ങളിലേത് ഇവിടെ വാങ്ങി വച്ചിട്ടുണ്ടായിരുന്നു. കോവിഡു മൂലം കഴിഞ്ഞ വർഷം അപേക്ഷകൾ കൊടുക്കാൻ പറ്റാതിരുന്നതിനാൽ ഈ വർഷം കൊടുക്കുമ്പോൾ 2020-2021 വർഷത്തെ കണക്കുകൂടി ഉൾപ്പെടുത്തിയാണ് കൊടുക്കേണ്ടത്. കാരണം ഈ വർഷമാണ് അപേക്ഷ സമർപ്പിക്കുന്നത്. അതിനാൽ 2020 -2021 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകൾ കമ്പ്യൂട്ടറിൽ നിന്ന് പ്രിന്റെടുത്ത് ഒരു പകർപ്പ് ബഹുമാനപ്പെട്ട വികാരിയുടെ ഒപ്പും ഇടവകയുടെ സീലും വച്ച് ഉടൻ തന്നെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണം. എല്ലാ പേജിന്റെയും അടിവശത്തായി ഒപ്പും സീലും ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2019-2020 ലെ ഓഡിറ്റ് റിപ്പോർട്ട്:**

മുമ്പ് സൂചിപ്പിച്ചതുപോലെ എല്ലാ പേജിലും ഒപ്പും സീലും വച്ച് വേണം എത്തിക്കാൻ.

**കൈക്കാരന്മാരുടെ ലിസ്റ്റ്:**

രൂപതാ കേന്ദ്രത്തിൽ അപേക്ഷ പുതുക്കാൻ രേഖകൾ തന്ന സമയത്ത് കൊടുത്തേല്പിച്ച ലിസ്റ്റിലെ പേരുകൾ തന്നെ ആയിരിക്കണം. അവരുടെ മൊബൈൽ നമ്പർ, ഈമെയിൽ എന്നിവ ഒരു പേപ്പറിൽ പ്രത്യേകം എഴുതി നല്കേണ്ടതാണ്.

**ഇടവകയുടെ സീൽ:**

ഇവയെല്ലാം ബിഷപ്പ്സ് ഹൗസിൽ കൊണ്ടുവരുമ്പോൾ ഇടവകയുടെ സീൽ നിർബന്ധമായും കൊണ്ടുവന്നിരിക്കണം. ഏതെങ്കിലും രേഖയിൽ സീൽ വയ്ക്കേണ്ടി വന്നാൽ സമയനഷ്ടം കൂടാതെ അക്കാര്യം ചെയ്യാൻ വേണ്ടിയാണിത്.

**മുൻവികാരിമാർ സഹകരിക്കണം**

വാർഷികക്കണക്കുകളിൽ ഒപ്പിടേണ്ടത് ഇടവകവികാരിയാണ് എന്നറിയാമല്ലോ. എന്നാൽ ഈ വർഷം കുറേപ്പേർ സ്ഥലം മാറി പോയി എന്നതിനാൽ ഇവിടെയും ഒരു പ്രതിസന്ധിയുണ്ട്. കഴിഞ്ഞ വർഷം ഒപ്പിട്ടയാൾ തന്നെ ഈ വർഷവും ഒപ്പിടണം. അതിനാൽ സ്ഥലം മാറിയ ബഹുമാനപ്പെട്ട വികാരിമാർ കഴിഞ്ഞ വർഷം ആയിരുന്ന ഇടവകയിലെ 2020-2021 ലെ വാർഷികക്കണക്കുകളിലും ഓഡിറ്റ് റിപ്പോർട്ടിലും ഒപ്പിടണം. അതിന് പുതിയ വികാരിമാർ ആവശ്യപ്പെടുമ്പോൾ തടസ്സങ്ങൾ ഒന്നും ഉണ്ടാക്കരുത് എന്നഭ്യർത്ഥിക്കുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർമാരും ഇതുപോലെ തന്നെ ചെയ്യണം.

മാത്രമല്ല അപേക്ഷ സംബന്ധമായി ആദായ നികുതി ഉദ്യോഗസ്ഥരോ ഓഡിറ്റർമാരോ മൊബൈലിൽ ബന്ധപ്പെടുന്നതും മുൻവികാരിയെ തന്നെയായിരിക്കും. കാരണം ആ നമ്പറുകളാണല്ലോ മുൻവർഷങ്ങളിലെ വാർഷിക കണക്കുകളിലും ഓഡിറ്റ് റിപ്പോർട്ടിലും കൊടുത്തിരിക്കുന്നത്. *''വിളിക്കുമ്പോൾ എനിക്കറിഞ്ഞുകൂടാ''* അല്ലെങ്കിൽ *''ഇപ്പോൾ ഞാനല്ല വികാരി''* എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറാതെ കാര്യങ്ങൾ ചോദിച്ചറിഞ്ഞ ശേഷം ഇപ്പോഴത്തെ വികാരിയെ ഉടനടി വിവരം അറിയിക്കണം. എന്തെങ്കിലും തുടർനടപടി ആവശ്യപ്പെട്ടാണ് വിളിക്കുന്നതെങ്കിൽ അതും ചെയ്ത് കൊടുക്കണം അല്ലെങ്കിൽ അതിന് സഹായിക്കണം.

ഈമെയിലുകളും മുൻവികാരിയുടെ id യിൽ തന്നെ ആയിരിക്കും ലഭിക്കുന്നത്. എല്ലാ ദിവസവും ഈമെയിൽ നോക്കുന്നതോടൊപ്പം കിട്ടിയാൽ ഉടൻ തന്നെ ഇപ്പോഴത്തെ വികാരിക്ക് അയച്ചു കൊടുക്കുകയും വേണം.

**ചോദ്യങ്ങൾ, സംശയങ്ങൾ**

എന്തെങ്കിലും ചോദ്യങ്ങളോ സംശയങ്ങളോ മേല്പ്പറഞ്ഞ കാര്യങ്ങളിൽ ഉണ്ടെങ്കിൽ രൂപതാ പ്രൊക്യുറേറ്ററെയോ രൂപതാ കേന്ദ്രത്തിലുള്ള ഓഡിറ്ററെയോ ബന്ധപ്പെടാൻ മടിക്കേണ്ടതില്ല. അതിന് 8075997576 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. സഹകരണത്തിനും സഹായത്തിനും എല്ലാവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 ജൂൺ മാസം 17 ന് നല്കപ്പെട്ടത്.

യേശുവിൽ,



**ബിഷപ്പ് ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

## കേരള കത്തോലിക്കാ മെത്രാൻസമിതി
## വർഷകാല സമ്മേളനാനന്തരം പുറപ്പെടുവിക്കുന്ന സർക്കുലർ

"കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപ്പെടും; അങ്ങു മാത്രമാണ് എന്റെ പ്രത്യാശ" (ജറെ 17:14) എന്ന ജറെമിയ പ്രവാചകന്റെ പ്രാർത്ഥനപോലെ നിരന്തരം ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് കോവിഡ്-19 എന്ന മഹാമാരിയെ നമ്മൾ നേരിടുകയാണ്. സൗഖ്യദായകനായ കർത്താവ് നമ്മെയും ലോകജനത മുഴുവനെയും ഒരിക്കലും കൈവെടിയുകയില്ല എന്ന പ്രത്യാശയാണ് നമ്മെ നയിക്കുന്നത്.

മഹാവ്യാധിയുടെ ഈ കാലത്ത് നമ്മുടെ പ്രിയപ്പെട്ട പലരും ഇഹലോകത്തുനിന്നു യാത്രയായി. അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, മാതാപിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ഉപകാരികൾ തുടങ്ങി പലരുടെയും വേർപാട് വലിയ നൊമ്പരം നമ്മിൽ സൃഷ്ടിച്ചിട്ടുണ്ട്. അവരുടെയെല്ലാവരുടെയും ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. നിത്യജീവന്റെ ഉറവിടമായ കർത്താവീശോമിശിഹാ അവരെ സ്വർഗീയ ഭവനത്തിൽ സ്വീകരിക്കട്ടെ. ഉറ്റവരുടെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കുന്നു.

2021 ജൂൺ ഒന്നു മുതൽ മൂന്നു വരെ തീയതികളിലായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വർഷകാല സമ്മേളനം ഓൺലൈൻ സംവിധാനം വഴി നടത്തി. പിതാക്കന്മാർ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും സഭാപ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്ത സമ്മേളനത്തിൽ, കോവിഡുകാലത്തെ സഭാശുശ്രൂഷകളെ സംബന്ധിച്ചു ദീർഘമായി ചർച്ച ചെയ്തു. കേരളത്തിലെ കത്തോലിക്കാസഭയും ഇതരസഭകളും അവയുടെ സാമൂഹ്യക്ഷേമവിഭാഗങ്ങളും സംയുക്തമായും അല്ലാതെയും നടത്തിവരുന്ന പ്രവർത്തനങ്ങളെല്ലാം തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതുണ്ടെന്ന് മെത്രാൻസമിതി വിലയിരുത്തി. കേരളത്തിലെയും ഭാരതത്തിലെയും കത്തോലിക്കാസഭയുടെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിർവഹിച്ചുപോരുന്ന സാമൂഹ്യ ശുശ്രൂഷാപ്രവർത്തനങ്ങൾ ഇതിനോടകം പൊതുസമൂഹം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്തിട്ടുണ്ട്. കേരളസർക്കാരും സമൂഹത്തിലെ ഇതരസംവിധാനങ്ങളും സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്തിക്കൊണ്ടിരിക്കു

ന്നത്. ഭയാശങ്കകൾ വെടിഞ്ഞ് കൂടുതൽ ജാഗ്രതയോടും പ്രാർത്ഥന യോടുംകൂടെ രോഗ പ്രതിരോധ നിവാരണ പ്രവർത്തനങ്ങളിൽ നമുക്കു മുന്നേറാം.

**കെ.സി.ബി.സി.യുടെ സമ്മേളനത്തിൽ നടന്ന ചർച്ചയുടെ വെളിച്ച ത്തിൽ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്ര ഹിക്കുന്നു.**

1. കോവിഡുകാലം നമ്മുടെ അജപാലന പ്രവർത്തനങ്ങൾ എളു പ്പമല്ലാതാക്കിയിരിക്കുന്നു എന്ന വസ്തുത അംഗീകരിച്ചുകൊണ്ടുതന്നെ നാം സ്വീകരിച്ചിരിക്കുന്ന നവീനമായ രീതികൾ കൂടുതൽ കാര്യക്ഷമ മാക്കാനുള്ള ശ്രമമുണ്ടാകണം. വിശുദ്ധ കുർബാനയും ഇതരകൂദാശ കളും പരികർമ്മം ചെയ്യുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്ന കാര്യത്തിലുള്ള ജാഗ്രത തുടരണം. ദൈവാലയങ്ങളിലെ തിരുക്കർമങ്ങൾ സാധാരണരീതിയിൽ നടക്കുന്നതുവരെ നവമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയിലും ഇതരതിരുക്കർമ്മങ്ങളിലും പങ്കുചേരുമ്പോൾ നമ്മുടെ ഭക്തിയും വിശ്വാസവും അനുദിനം ആഴപ്പെടുന്നതിന് ശ്രമമുണ്ടാകണം. ദിവ്യകാരുണ്യ ആരാധന, തിരുവചന ധ്യാനം, ജപമാല, നൊവേന തുടങ്ങി വിശ്വാസിസമൂഹത്തിന്റെ ആത്മീയമായ വളർച്ചയ്ക്ക് ഉപകരി ക്കുന്ന ഭക്ത്യാഭ്യാസങ്ങൾ സമൂഹമാധ്യമങ്ങൾ പ്രയോജനപ്പെടുത്തി ക്കൊണ്ട് തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യണം. അജപാലകരും വിശ്വാസിസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടു ത്തുന്നതിന് നവമാധ്യമങ്ങളും ഇതര സംവിധാനങ്ങളും പ്രയോജനപ്പെ ടുത്തണം. ഡിജിറ്റൽ പ്ലാറ്റുഫോമുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുടുംബയൂണിറ്റ് യോഗങ്ങൾ സംഘടിപ്പിക്കുകയും യൂണിറ്റ് പ്രവർത്ത നങ്ങൾ സജീവമാക്കുകയും ചെയ്യണം. ഇടവകതലത്തിലുള്ള വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളും സാമൂഹ്യശുശ്രൂഷകളും കൂടുതൽ തീക്ഷ്ണതയോടും ജാഗ്രതയോടുംകൂടി നിർവഹിച്ചുകൊണ്ട് പരസ്പരം കരുതലുള്ള സമൂഹമായി മുന്നേറണം.

2. സഭയുടെ അജപാലന ശുശ്രൂഷയുടെ മുഖ്യകേന്ദ്രമായ കുടും ബങ്ങൾ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും പ്രഥമവേദിയാണെന്നു ള്ളത് നാം മറക്കരുത്. കുടുംബങ്ങളിൽ അനുദിനം കുടുംബപ്രാർത്ഥന കളും ദൈവവചനപാരായണവും മുടങ്ങാതെ നിർവഹിക്കണം. നവമാ ധ്യമങ്ങൾ വഴിയുള്ള കൂദാശകളിലും മറ്റു തിരുക്കർമ്മങ്ങളിലും സാധിക്കു ന്നിടത്തോളം കുടുംബസമേതം പങ്കുചേരാൻ പരിശ്രമിക്കണം. കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ട ഒരുകാലം കൂടിയാണിത്. ശിഥിലമായ ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കാനും മനസ്സിലെ മുറിവുകൾ ഉണക്കാനും ശ്രമങ്ങൾ ഉണ്ടാകണം. വൃദ്ധരായ മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന നല്കുകയും അവരുടെ ആവശ്യങ്ങളോട് സ്നേഹ

വായ്പോടെ പ്രതികരിക്കുകയും വേണം. ഇടവക തലത്തിലുള്ള കൗൺസിലിംഗ് സൗകര്യങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കാനുള്ള സാഹചര്യമൊരുക്കുന്നതു നല്ലതാണ്.

3. കേരളത്തിലെ 32 രൂപതകളിൽ പ്രവർത്തിക്കുന്ന രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴി കേരളത്തിലെ കത്തോലിക്കാസഭ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നുണ്ട്. 2021 മാർച്ച് അവസാനംവരെ ജാതിമതഭേദമെന്യേ 2390322 കുടുംബങ്ങളിലേക്കും 107029 അതിഥി തൊഴിലാളികളിലേക്കും സഭയുടെ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞു. കേരള സോഷ്യൽ സർവീസ് ഫോറവും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും വിവിധ ഏജൻസികളും സംഘടനകളും ചേർന്ന് ഇതിനായി 654368363 രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളും മറ്റ് സന്നദ്ധപ്രവർത്തകരുമുൾപ്പെടെ ആയിരക്കണക്കിന് സമരിറ്റൻ വോളന്റിയേഴ്സ് ഈ സേവനരംഗത്തു തുടരുന്നുണ്ട്.

പി.ഒ.സി. കേന്ദ്രീകരിച്ച് കെ.സി.ബി.സി. ഹെൽത്ത് കമ്മീഷന്റെയും കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരള ഘടകത്തിന്റെയും നേതൃത്വത്തിൽ കോവിഡ് പ്രതിരോധപ്രവർത്തന ഏകോപനസമിതിയും പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ വിവിധ കത്തോലിക്കാ ആശുപത്രികളിൽ സേവനം ചെയ്യുന്ന സമർപ്പിതരായ സിസ്റ്റർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് ടെലി മെഡിസിൻ സൗകര്യവും നാനൂറോളം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ടെലികൗൺസലിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. വിവിധ രൂപതകളിൽ ഇടവകകൾ കേന്ദ്രീകരിച്ചു ചെയ്തുപോരുന്ന ഹെൽത്ത് ഡെസ്ക് സംവിധാനങ്ങൾക്കു പുറമേയാണിത്. ഓക്സി മീറ്റർ, തെർമോമീറ്റർ, സാനിറ്റൈസർ, മാസ്ക് എന്നിവ അടങ്ങുന്ന മെഡിക്കൽ കിറ്റുകളും രൂപതകൾതോറും ഇടവകകൾക്കും കുടുംബങ്ങൾക്കും നല്കിവരുന്നു.

ഇതിനു പുറമേ കേരളത്തിലെ വിവിധ ഇടവകകളും സമർപ്പിത സമൂഹങ്ങളും സംഘടനകളും അതാത് പ്രദേശങ്ങളിൽ ചെയ്തുപോരുന്ന പ്രതിരോധപ്രവർത്തനങ്ങളെ വിലമതിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ മഹാമാരിയെ നേരിടാൻ ജാതിമതഭേദമെന്യേ എല്ലാ സഹോദരങ്ങളെയും ക്രിസ്തുസ്നേഹത്തെപ്രതി സഹായിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും കേരളത്തിലെ സഭ പ്രതിജ്ഞാബദ്ധമാണ്.

4. എല്ലാവരും, പ്രത്യേകിച്ച് പൊതുസമ്പർക്കം കൂടുതൽ ഉണ്ടാ

കേണ്ടിവരുന്ന വൈദികരും സമർപ്പിതരും യുവജനങ്ങളും മറ്റ് സന്നദ്ധ പ്രവർത്തകരും, കോവിഡ് വാക്സിൻ സ്വീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധവയ്ക്കണം. കൊറോണബാധ അതിന്റെ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്നതുമായി ബന്ധപ്പെട്ടുവരുന്ന മുന്നറിയിപ്പുകളെക്കുറിച്ചും നമ്മൾ ജാഗരൂകരായിരിക്കണം. ഈ വിഷയത്തിൽ നമ്മുടെ കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ എല്ലാവരും പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. മതബോധനക്ലാസുകൾ ഓൺലൈൻ സംവിധാനംവഴി നടക്കുന്നുണ്ടെങ്കിലും കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ ഉത്തരവാദിത്വം വഹിക്കുന്നവരും കുടുംബാംഗങ്ങളും പ്രത്യേക ശ്രദ്ധ ചെലുത്തണം. അതുപോലെ, യുവജനശുശ്രൂഷകൾ കൂടുതൽ സജീവമാകുന്നതിന് ബഹുമാനപ്പെട്ട വികാരിമാരും യുവജനസംഘടനാ നേതൃത്വവും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

6. കോവിഡ് ബാധിച്ചു മരിക്കുന്നവരുടെ മൃതദേഹങ്ങൾ സർക്കാർ നല്കിയിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് ദഹിപ്പിക്കുന്നതിനോ സംസ്കരിക്കുന്നതിനോ എല്ലാവരും സഹകരിക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ നടപടിക്രമത്തിൽ അനാവശ്യമായ ഭീതിയും തെറ്റിദ്ധാരണകളും ഉണ്ടാകേണ്ടതില്ല.

7. സഭയുടെ എല്ലാ ആശുപത്രികളും ക്ലിനിക്കുകളും ക്രിസ്തീയ ചൈതന്യത്തോടെ പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തരുത്. സാധാരണക്കാർക്ക് ഭാരമാകാത്തവിധം ചികിത്സാചെലവുകൾ പരിമിതമാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. നമ്മുടെ എല്ലാ ആശുപത്രികളിലും വാക്സിൻ സൂക്ഷിക്കുന്നതിനും നല്കുന്നതിനും സംവിധാനമൊരുക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണം.

8. കോവിഡിനോടൊപ്പം തന്നെ കാലവർഷവും പ്രകൃതിക്ഷോഭവും കടൽകയറ്റവും ചുഴലിക്കാറ്റുമൊക്കെ നമ്മൾ അഭിമുഖീകരിക്കേണ്ടിവരുന്നു. ഈ സാഹചര്യങ്ങളിൽ അശരണരെ ലക്ഷ്യമാക്കിയുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പുലർത്തണം. ദരിദ്രരുടെയും ദുർബലരുടെയും സംരക്ഷണവും ഉന്നമനവും സഭയുടെ പ്രഥമശുശ്രൂഷയായിക്കണ്ട് പ്രവർത്തിക്കാൻ അജപാലകർ ശ്രദ്ധ പതിപ്പിക്കണം.

കോവിഡ് മഹാമാരിയെയും ഇതര ദുരന്തങ്ങളെയും അഭിമുഖീകരിക്കുന്നതിൽ നമ്മൾ പുലർത്തിക്കൊണ്ടിരിക്കുന്ന ജാഗ്രതയിൽ ഭംഗം വരുത്താതിരിക്കാം. പ്രതിസന്ധികളുടെയും ദുരിതങ്ങളുടെയും മധ്യേ ആശ്വാസത്തിന്റെയും പ്രത്യാശയുടെയും കരങ്ങൾ നീട്ടി നമ്മെ അനു

ഗ്രഹിക്കുന്ന ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

**കർദിനാൾ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

---

*N:B: 2021 ജൂലൈ 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## യുവജനദിനം 2021, ജൂലൈ 4, ഞായർ
## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് 19-ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭ നേതൃത്വത്തോടൊപ്പം നിലകൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്യസ്തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരളസഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ യുവജന ശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് *'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും'* എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് *'സഭയും മാധ്യമവിചാരണയും, ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണപങ്കാളിത്തവും, 'ഫ്രത്തേലിതൂത്തി' അനുബന്ധ പഠനങ്ങൾ'* എന്നിവയാണ്.

ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാക്കളാകുവാനും, വിശുദ്ധരായ വൈദികരും, സന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും കാവലാളാകാൻ പരിശ്രമിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണപ്രക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളോടെയുള്ള മാധ്യമവിചാരണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭയുടെ ധാർമ്മികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാ

കണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സർവ്വലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമ്മപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസ പരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

**യുവജനങ്ങൾ കാവൽക്കാർ**

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും, നീതിയുടെയും, പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവരസാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവനിൽ അനുരുക്തരായും യുവജനസമൂഹം ഈ തീർത്ഥടകസഭയുടെ ഉത്തമസാക്ഷികളാകാനാണ് കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ; അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവനതീഷ്ണത, സത്യത്തിൽനിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവനെതിരേയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ അങ്ങനെ എടുത്തുപറയാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലദ്ധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്യസ്തരുടെയും മുതിർന്ന അല്മായ സഹോദര

ങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാവുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാവണം എന്നേയുള്ളൂ.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കൂറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോകത്തിനു യോജിച്ച രീതിയിലും, ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു. സാർവത്രികസഭയിലും, സഭാപാരമ്പര്യത്തിലും അഭിമാനംകൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്!

കോവിഡാനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായ

ത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2, 52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി ജീവിക്കാൻ ജീവന്റേയും ജീവിതങ്ങളുടേയും കാവലാളാവാൻ സർവ്വേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

പി.ഒ.സി., കൊച്ചി – 682 025

# ചീങ്ങവല്ലം സെന്റ് സെബാസ്റ്റ്യൻസ് കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രി

*മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, അമ്പലവയൽ സെന്റ് മാർട്ടിൻസ് ഇടവകയുടെ കീഴിലുള്ള ചീങ്ങവല്ലം സെന്റ് സെബാസ്റ്റ്യൻസ് കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി*

അമ്പലവയൽ സെന്റ് മാർട്ടിൻ ദേവാലയം സ്ഥാപിതമായതു മുതൽ ആ പള്ളിയുടെ ഭാഗമായിരുന്ന ചീങ്ങവല്ലം, പൊട്ടൻകൊല്ലി, വേങ്ങച്ചാൽ, മദ്ദണ്ണമൂല എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ ഗതാഗത അസൗകര്യവും ആത്മീയ കാര്യങ്ങളിൽ അമ്പലവയൽ പള്ളിയിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടും ഈ ദേശക്കാരുടെ ആവശ്യവും മാനിച്ച് അമ്പലവയൽ സെന്റ് മാർട്ടിൻ ദേവാലയത്തിൽ നിന്നും ഏകദേശം 7 കി. മീ. അകലെ ചീങ്ങവല്ലം എന്ന സ്ഥലത്ത് അമ്പലവയൽ സെന്റ് മാർട്ടിൻ ഇടവകവികാരി യായിരുന്ന ബഹു. ജോർജ്ജ് കാശാംകുളം അച്ചന്റെ ശ്രമഫലമായി 1979 മെയ് മാസം 29-ാം തീയ്യതി മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് ചീങ്ങവല്ലത്ത് കുരിശുപള്ളി സ്ഥാപിക്കുന്നതിനായി 4 ഏക്കർ 48 സെന്റ് സ്ഥലം വാങ്ങി. 1983 നവംബർ മാസം 2-ാം തീയ്യതി ഇടവക വികാരിയായിരുന്ന ബഹു. ജോൺ പുത്തൻപുരയിൽ അച്ചന്റെ ശ്രമഫലമായി മാനന്തവാടി രൂപതയുടെ വികാരി ജനറാൾ മോൺ തോമസ് മൂലക്കുന്നേൽ അച്ചൻ ചീങ്ങവല്ലം സെന്റ് സെബാസ്റ്റ്യൻസ് കുരിശു പള്ളിയുടെ ശിലാസ്ഥാപന കർമ്മം നടത്തി. കുരിശുപള്ളിയുടെ നിർമ്മാണ പ്രവർ ത്തനങ്ങൾക്ക് സർവ്വശ്രീ മത്തായി കൊല്ലിത്താനം, വർക്കി എളമ്പാശ്ശേരി, മാണി വല്ലടിയിൽ, പീയൂസ് പടിക്കലാത്ത്, ആന്റണി പുതുപ്പറമ്പിൽ, ചാക്കോ പടിഞ്ഞാറേക്കൂറ്റ്, വർഗ്ഗീസ് കിഴക്കേഭാഗത്ത്, ജോർജജ് കറുത്തേടത്ത്, മാത്യു കക്കുഴിയിൽ, ഔസേപ്പ് ചന്ദ്രത്തിൽ, ജോസഫ് വട്ടപ്പറമ്പിൽ, തോമസ് മൂങ്ങനാനിയിൽ, കുഞ്ഞേട്ടൻ പുളിന്താനംതറപ്പേൽ എന്നിവർ നേതൃത്വം നൽകി.

1984 ജനുവരി 15ന് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ് കുരിശുപള്ളിയുടെ ആശീർവാദ കർമ്മം നിർവഹിച്ചു. 1988 ഒക്ടോബർ 28-ാം തീയ്യതി ബഹു. അഗസ്റ്റിൻ നിലക്കപ്പള്ളി അച്ചന്റെ അധ്യക്ഷ തയിൽ ആദ്യത്തെ പാരിഷ് കമ്മറ്റി നിലവിൽ വന്നു. ഈ കമ്മറ്റിയിൽ കൈക്കാരൻമാരായി സർവ്വശ്രീ ആന്റണി പുതുപ്പറമ്പിൽ, വർക്കി എളമ്പാശ്ശേരി എന്നിവരെ തിരഞ്ഞെടുത്തു. സെക്രട്ടറിയായി ശ്രീ ബാബു വല്ലടിയും ചുമതലയേറ്റു. 1988 നവംബർ മാസം മുതൽ എല്ലാ

ശനിയാഴ്ചകളിലും വൈകുന്നേരം 4 മണിക്ക് വി. കുർബാന അർപ്പണം നടത്തി വന്നു. വിശേഷ ദിവസങ്ങളിലും ജപമാല മാസത്തിൽ കൊന്ത നമസ്കാരം ആഘോഷമായി നടത്തിയിരുന്ന ദിവസങ്ങളിലും ദിവ്യബലി അർപ്പിച്ചു പോന്നു. 1988 ൽ സിമിത്തേരിയുടെ നിർമ്മാണം പൂർത്തിയാക്കുകയും മൃതസംസ്കാരം നടത്തുകയും ചെയ്തു. 1989- ൽ ഈ കുരിശു പള്ളിയിൽ വെച്ച് ആദ്യ വിവാഹവും ആശീർവദിച്ചു. 1992 മുതൽ ബഹു. ജെയിംസ് കുന്നത്തേട്ട് അച്ചൻ ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിച്ചു വന്നു. 1989 ൽ ശ്രീ വർക്കി എളമ്പാശ്ശേരി ദാനമായി നൽകിയ സ്ഥലത്ത് കിണർ സ്ഥാപിച്ചു.

1992-ൽ ചീങ്ങവല്ലത്ത് ഇപ്പോൾ നിലവിലിരിക്കുന്ന ദേവാലയത്തിന്റെ ശിലാ സ്ഥാപനം അമ്പലവയൽ വികാരിയായിരുന്ന ബഹു. ജെയിംസ് പുത്തൻപറമ്പിൽ അച്ചൻ നിർവഹിച്ചു. 1993 തുടങ്ങി ഇവിടെ മതബോധന ക്ലാസ്സ് പ്രവർത്തിച്ചു വരുന്നു. 1993 മുതൽ അമ്പലവയൽ ഇടവകയിൽ നിന്നും ഞായറാഴ്ചകളിലും പ്രധാന ദിവസങ്ങളിലും ആരാധനാസമൂഹത്തിലെ ബഹു. സിസ്റ്റേഴ്സ് ഇവിടെ ശുശ്രൂഷകൾക്ക് സഹായിച്ചുവരുന്നു. 1998-ൽ ബഹു. മാത്യു കാട്ടറത്തച്ചന്റെ നേതൃത്വത്തിൽ ദേവാലയത്തിന്റെ പണി പൂർത്തിയാക്കി. 1999 ഏപ്രിൽ മാസം 21-ാം തീയ്യതി അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമൂഴി പിതാവ് പുതിയ ദേവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. 1999 മുതൽ 2005 വരെ പാടിവയൽ ഡോൺ ബോസ്കോ ആശ്രമത്തിൽ നിന്നും ബഹു. വൈദികർ ഇവിടെയെത്തി ഞായറാഴ്ചകളിലും വിശേഷ ദിവസങ്ങളിലും വി. കുർബാന അർപ്പിച്ചു പോന്നു.

2005-ൽ ബഹു. തോമസ് ചേറ്റാനിയിൽ അച്ചൻ അമ്പലവയൽ വികാരി ആയിരിക്കുമ്പോൾ അസിസ്റ്റന്റ് വികാരിയായി നിയമിതനായ ബഹു. ജിമ്മി ഓലിക്കൽ അച്ചൻ ശനിയാഴ്ചകളിൽ വി. കുർബാനയും നൊവേനയും ആരംഭിച്ചു. 2005 മുതൽ കെ.സി. വൈ. എം., തിരുബാലസഖ്യം, അൾത്താര ബാലസഖ്യം, മാതൃ സംഘടന എന്നീ സംഘടനകൾ സജീവമായി പ്രവർത്തിച്ചു വരുന്നു. 2005-ൽ ഈ കുരിശുപള്ളിയുടെ മുൻവശത്ത് ശ്രീ. ജോൺ പടിഞ്ഞാറേക്കൂറ്റ് ദാനമായി നൽകിയ സ്ഥലത്ത് കുരിശടി സ്ഥാപിച്ചു. അതുപോലെ പൊട്ടൻകൊല്ലി കവലയിൽ സർവ്വശ്രീ തോമസ് മൂങ്ങനാനി, തോമസ് കൈതമറ്റം എന്നിവർ ദാനമായി നൽകിയ സ്ഥലത്ത് കുരിശടി സ്ഥാപിച്ചു.

2008-2009 മുതൽ ഈ പള്ളിയുടെ മാസ വാർഷിക വരവ്-ചെലവ് കണക്കുകൾ മാനന്തവാടി രൂപതാ കാര്യാലയത്തിൽ സമർപ്പിക്കുന്നുണ്ട്. വാർഷിക ഓഡിറ്റിനു ഈ കുരിശു പള്ളിയും

വിധേയമാകുന്നുണ്ട്. പൊതു പിരിവുകളുടെ ദശാംശവും നൽകിവരുന്നു. 2010–2012 കാലഘട്ടത്തിൽ ബഹു. ഫ്രാൻസ്സിസ് നെല്ലിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ നിലവിലുള്ള സിമിത്തേരി ചുറ്റുമതിൽ കെട്ടി നവീകരിക്കുകയും കല്ലറകൾ പണിയുകയും ചെയ്തു. നിലവിൽ ഈ സിമിത്തേരിയിൽ 47 ആളുകളെ സംസ്കരിച്ചിട്ടുണ്ട്.

2014 ജൂൺ 26 ന് പുതിയ പള്ളിമുറിയുടെ തറക്കല്ലിടൽ വികാരി ബഹു. കുര്യൻ വാഴയിൽ അച്ചൻ നിർവഹിച്ചു. അച്ചന്റെ നേതൃത്വത്തിൽ പള്ളി മുറിയുടെ പണി പൂർത്തിയാക്കുകയും 2017 ജനുവരി 28–ാം തീയ്യതി മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ, പള്ളിമുറിയുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിക്കുകയും ചെയ്തു. അച്ചന്റെ കാലത്ത് പള്ളിയോടു ചേർന്ന് കുഴൽക്കിണർ നിർമ്മിക്കുകയും ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. തുടർന്നു അമ്പലവയൽ വികാരിയായി വന്ന ബഹു. ചാക്കോ മേപ്പുറത്തച്ചന്റെ ആത്മീയ നേതൃത്വം ഇടവകയ്ക്ക് അനുഗ്രഹമായി.

2019 ഏപ്രിൽ 28–ാം തീയ്യതി ബഹു. മാത്യു കറുത്തേടത്തച്ചൻ ഈ കുരിശുപള്ളിയുടെ Priest-in-charge ആയി നിയമിതനാവുകയും ഇവിടെ താമസിച്ച് എല്ലാ ദിവസവും വിശുദ്ധ കുർബ്ബാന അർപ്പിച്ചു വരികയും ചെയ്തു. അച്ചന്റെ നേതൃത്വത്തിൽ അൾത്താര നവീകരിക്കുകയും മതബോധന ക്ലാസ്സ് 1 മുതൽ 6 വരെയായി വിപുലീകരിക്കുകയും ചെയ്തു. ഇപ്പോൾ 6 ക്ലാസ്സുകളിലായി 26 ബാലികാബാലന്മാർ വിശ്വാസ പരിശീലന ക്ലാസ്സുകളിൽ ഉണ്ട്.

2020 ജൂൺ 29–ാം തീയ്യതി മുതൽ Priest-in-charge ആയി ബഹു. വർഗ്ഗീസ് കിഴക്കൻപുതുപ്പള്ളി അച്ചൻ നിയമിതനായി. അച്ചന്റെ നേതൃത്വത്തിൽ പള്ളിമുറി നവീകരിക്കുകയും ഓഫീസ് റൂം പണിയുകയും ചെയ്തു. നിലവിൽ 63 കുടുംബങ്ങളും 300 ഇടവകാംഗങ്ങളും ചീങ്ങവല്ലം കുരിശുപള്ളിയിൽ ഉണ്ട്.

**അതിരുകൾ**

**കിഴക്ക്:** നരിക്കുണ്ട് ജംഗ്ഷൻ മുതൽ നരിക്കുണ്ട് – പായിക്കൊല്ലി റോഡ്

**പടിഞ്ഞാറ്:** പള്ളവയൽ, കാരാപ്പുഴ പദ്ധതി പ്രദേശം, ശ്രീ. ജിജോ വലിയത്താഴത്തിന്റെ ഭവനം.

**തെക്ക്:** പായക്കൊല്ലി ലത്തീൻ പള്ളിയുടെ കുരിശടി.

**വടക്ക്:** മദ്ദണ്ണമൂല മാതേക്കൻ ജോൺ ഭവനം വരെ.

ചീങ്ങവല്ലം സെന്റ് സെബാസ്റ്റ്യൻസ് സ്വതന്ത്ര ഇടവകയുടെ പ്രഥമ വികാരിയായി ബഹു. വർഗ്ഗീസ് കിഴക്കൻപുതുപള്ളി അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാ

വുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

ചീങ്ങവല്ലം സെന്റ് സെബാസ്റ്റ്യൻസ് സ്വതന്ത്ര ഇടവകയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച അമ്പലവയലിലെ മുൻവികാരിമാരെയും പാടിവയൽ ഡോൺ ബോസ്കോ ആശ്രമത്തിലെ ബഹു. വൈദികരെയും അമ്പലവയലിലുണ്ടായിരുന്ന ബഹു. അസേന്തിയച്ചന്മാരെയും സമർപ്പിത സഹോദരങ്ങളെയും ഭരണസമിതി അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

പുതിയ ഇടവകയുടെ ബഹു. വികാരിയച്ചനെയും, ബഹു. സമർപ്പിത സഹോദരിമാരെയും കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ മതബോധനാദ്ധ്യാപകർ സംഘടാനാഭാരവാഹികൾ എന്നിവരെയും ഇടവകജനത്തെയും നല്ല ഇടയനായ ഈശോ, വിശുദ്ധ സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2021 ജൂൺ മാസം 10-ാം തിയതി നൽകപ്പെട്ടത്.

**ഫാ. ചാക്കോ പുല്ലൻകുന്നേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**സ്നേഹസ്മരണ**

ബഹു. അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 16 നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**സീറോമലബാർ സഭാദിനം – ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമ്മാ ശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.

**യുവജനദിനം – ജൂലൈ 4**

കേരളസഭ ജൂലൈ 4–ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചനെയും ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റു ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

**നന്ദി**

ഇടവകകളിലും സ്ഥാപനങ്ങളിലുമായി പുതിയ സേവനമേഖലകളിലേക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാ ബഹു. വൈദികർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്ന് സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചു പോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. പനംചിറ വികാരിയായിരുന്ന ബഹു. ജയൻ മണ്ണുകുളം TOR അച്ചനും, ചാരിറ്റി വികാരിയായിരുന്ന ബഹു. ടോണി താന്നിയ്ക്കൽ CMF അച്ചനും, ഒലിവുമല വികാരിയായിരുന്ന ബഹു. വിനിൽ കുരിശുതറ CMF അച്ചനും, അപ്പപ്പാറ വികാരിയായിരുന്ന ബഹു. ജിന്റോ പൈനാടത്ത് O.Carm അച്ചനും, വടപുറം

അസി. വികാരിയിയായിരുന്ന ഫാ. ജോസഫ് മണിമലതറപ്പേൽ OFM അച്ചനും രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജോമോൻ കളപ്പുറമ്പത്ത് O.Carm, (അപ്പപ്പാറ വികാരി), ബഹു. സ്റ്റാൻലി മങ്ങാട്ട് CMF (ഒലിവുമല വികാരി), ബഹു. ജോസ് പുളിങ്കുന്നേൽ CMF (ചാരിറ്റി വികാരി) ബഹു. മാത്തുക്കുട്ടി താഴത്തുവീട്ടിൽ TOR (പനംചിറ വികാരി) എന്നിവരെ മാനന്തവാടി രൂപതയിലേക്ക് സ്വാഗതം ചെയ്യുന്നു. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

## Transfer List of Priests of the Diocese of Mananthavady

(w.e.f. 13th June 2021)

| SN Rev. Fathers | Assignment |
|---|---|
| 1 Chakkittakudiyil Jose | Vicar, Kurumani |
| 2 Chettiyassery Joseph | Vicar, Kammana |
| 3 Chembakkara James | Vicar, Pathirippadam |
| 4 Chittarackal Varghese | Vicar, Kallumukku & Study |
| 5 Elavanappara Sebastian | Vicar, Palemad |
| 6 Elamkunnel Sebastian | Vicar, Kabanigiri |
| 7 Kalappura Alex | Vicar, Trikaipetta |
| 8 Kallupura Johny | Vicar, Vallikettu & LF Higher Secondary School, Nilambur |
| 9 Karippukattil Francis | Vicar, Edivanna (w.e.f. 24th July 2021) |
| 10 Kattamkottil Joseph | Vicar, Kadalmad |
| 11 Kattath Thomas | Vicar, Ruby Nagar & LF Higher Secondary School, Nilambur |
| 12 Kazhuthadiyil Mathew | Satna Seminary |
| 13 Kochuparackal Kurian | Vicar, Kartikulam |

| | |
|---|---|
| 14 Kochuparackal Mathew | Vicar, Nelliyodi |
| 15 Kollamkunnel Vargherse | Vicar, Bospara & Asst. Director NDS |
| 16 Kollarthottam Mathew | Vicar, Rippon |
| 17 Korattiparambil Vincent | Vicar, Muthireri |
| 18 Kudakkachira Joseph | Director, Pastoral Centre, Dwaraka & Director Bible Apostolate, *Kudumbakootayma* & Marian Singles |
| 19 Kunnath Kuriakose | Vicar, Kelakam |
| 20 Kuthukallunkal Francis | Vicar, Puthussery |
| 21 Kuttimakkal James | Kalyan Seminary |
| 22 Madapallikunnel Mathew | Judicial Vicar (Addtl. charge) |
| 23 Madathil Sebastian | Vicar, Kalathuvayal |
| 24 Manakunnel Thomas | Vicar, Manimooly (Addtl. charge) |
| 25 Moothedath Thomas | Vicar, Vythiri & Director Jesus Fraternity |
| 26 Mukkattukavungal Thomas | Director, AKCC (Addtl. charge) |
| 27 Munjanattu Mathew | Vicar, Kottathara |
| 28 Muthirakalayil George | Germany |
| 29 Muthukattil Shantidas | Retired |
| 30 Nedumkallel Joseph | Rector, Mount Mary College |
| 31 Nellickal Abraham | Kunnoth Seminary |
| 32 Nellikunnel Francis | Vicar, Chulliana |
| 33 Pakkanikuzhiyil Sebastian | Vicar, Ottaplavu |
| 34 Palath Joseph | Vicar, Irulam |
| 35 Plassanal Thomas | Vicar, Alattil |
| 36 Ponthottiyil Thomas | Vicar, Kolavayal |
| 37 Pulinthanam John | England |
| 38 Pullamkunnel Joy | Vicar, Chundakkara |
| 39 Pulpayil Joseph | Vicar, Thelpara |
| 40 Puthen Sebastian | Vicar, Kaniyambetta |
| 41 Puthenpurayil Joseph | Vicar, Kurumbala |

| | |
|---|---|
| 42 Thattuparambil Varghese | Vicar, Marutha & Director, Regional Pastoral Centre, Manimooly |
| 43 Thekkepera Mathew | Vicar, Vanjode |
| 44 Therakam George | Vicar, Padamala |
| 45 Thevarukunnel Bivaldin | Associate Vicar, Thonichal & Radio Mattoli |
| 46 Thondiparambil Sebastian | Vicar, Valad |
| 47 Urumbil Joseph | Vicar, Narivalamunda |
| 48 Vadayaparambil Sony | Vicar, Panamaram |
| 49 Valachanath Cyriac | USA |
| 50 Valakodiyil Dominic | Vicar, Palankara |
| 51 Vathelil Abraham | Vicar, Elapeedika |
| 52 Vattukunnel Issac | Vicar, Payyampally |
| 53 Vazhachalil Thomas | Vicar, Manjoora |
| 54 Vazhappilly Paul | Vicar, Vilambukandam |
| 55 Vazhayil Kurian | Vicar, Ambayathode |
| 56 Vettickal John | Vicar, Shantigiri |
| **Assistants**<br>**SN Rev. Fathers** | **Assignment** |
| 1 Chakkulam Joseph | Punjab Mission |
| 2 Chavaranal Thomas | Study |
| 3 Edachilath Joseph | Assistant Vicar, Kottiyoor |
| 4 Elamkunnel Joseph | Assistant Vicar, Payyampally |
| 5 Kunnath Joseph | Media Commission (stay at Cathedral) |
| 6 Oravaranthara Vincent | Assistant Vicar, Chundakkara |
| 7 Poikayil Joseph | Assistant Vicar, Nadavayal |
| 8 Thalachira George | Punjab Mission |
| 9 Thekkethil Abraham | Assistant Vicar, Dwaraka & Assistant Director, Zion Retreat Centre |
| 10 Vadassery Thomas | Assistant Vicar, Thariode |

| Religious Priests | |
|---|---|
| 1 Kalamparambath Jomon O.Carm | Vicar, Appappara |
| 2 Mangatt Stanly CMF | Vicar, Olivumala |
| 3 Pulimkunnel Jose CMF | Vicar, Charitty |
| 4 Thazhathuvettil Mathukkutty TOR | Vicar, Panamchira |

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

## പുതിയ അധ്യയനവർഷം

'സഭ ചെയ്യുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനമാണ് മതബോധനം' എന്ന് പത്താം പീയൂസ് പാപ്പാ പഠിപ്പിക്കുന്നു. സഭയുടെ ശ്രേഷ്ഠമായ പ്രവർത്തനത്തിൽ പങ്കുചേരുന്ന എല്ലാവർക്കും പുതിയ വിശ്വാസ പരിശീലനവർഷത്തിൽ ദൈവാനുഗ്രഹങ്ങൾ നേരുകയാണ്.

2021–22 വിശ്വാസപരിശീലനവർഷം ജൂൺ 7 ന് Online classകളായി ആരംഭിച്ചു. Shekinah Television, Goodness T V, Catechism Mananthavady Youtube channel ഇവയിൽ പ്രക്ഷേപണം ചെയ്യുന്ന ക്ലാസ്സുകൾ കുട്ടികൾ കാണുന്നുണ്ടെന്ന് ക്ലാസ്സ് ടീച്ചേഴ്സ് ഉറപ്പുവരുത്തുകയും കുട്ടികളുടെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തി ടീച്ചേഴ്സ് ഡയറിയിൽ മാർക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ടീച്ചേഴ്സ് ഡയറി എങ്ങനെയാണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ചുള്ള ഒരു വീഡിയോ നമ്മുടെ യൂട്യൂബ് ചാനലിൽ ലഭ്യമാണ്. ശാലോം (3.30-4.00pm,11.30-12.00pm), ഗുഡ്നെസ് (6.30-7.00pm), ഷെക്കെയ്ന (5.30-6.00pm) എന്നീ മൂന്ന് ചാനലുകളിലും Mananthavady Catechesis എന്ന യുട്യൂബ് ചാനലിലും ക്ലാസുകൾ ഉണ്ടായിരിക്കും. ഒരു ദിവസം രണ്ടു ക്ലാസുകളാണ് സംപ്രേഷണം ചെയ്യുന്നത്. പൂതിയ വിശ്വാസപരിശീലനവർഷത്തിൽ ഇടവകകളിൽ ഓൺലൈനായി വി. കുർബാനയോടും, പ്രവേശനോത്സവത്തോടെയും ക്ലാസ്സുകൾക്കു തുടക്കം കുറിച്ചു. പ്രതിസന്ധികൾക്കിടയിലും ഇവയെല്ലാം ഭംഗിയായി ക്രമീകരിച്ച ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും എല്ലാ മതാദ്ധ്യാപകർക്കും അനുമോദനങ്ങൾ.

കഴിഞ്ഞ വർഷത്തിൽ മതബോധനരംഗത്ത് സേവനം ചെയ്ത ഹെഡ്മാസ്റ്റേഴ്സ്, അധ്യാപകർ എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നത വിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ തുടങ്ങിയ കാരണങ്ങളാൽ താത്ക്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്തുനിന്നു മാറിയിട്ടുള്ളവരുണ്ട്. അവരോടുള്ള രൂപതയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

പുതുതായി രംഗത്തേക്ക് കടന്നുവന്ന ഹെഡ്മാസ്റ്റേഴ്സിനേയും അധ്യാപകരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**ആമുഖ സെമിനാർ**

ഈ വിശ്വാസപരിശീലന വർഷത്തിൽ online ആമുഖ സെമിനാറിൽ പങ്കെടുക്കുന്നവർ ജൂലൈ 15നു മുമ്പ് തന്നിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**HCC I & HCC II Online Registration**

HCC I & HCC II Registration കഴിഞ്ഞ വർഷത്തെ പോലെതന്നെ Online ആയിട്ടാണ് ചെയ്യേണ്ടത്. രജിസ്ട്രേഷനുമുമ്പ് സ്ററുഡൻസിന്റെ ഡാറ്റാ ഇടവകയിൽനടന്ന സർവേ ഡേറ്റയുമായി ഒന്നിപ്പിക്കേണ്ടതുണ്ട്. രജസ്ട്രേഷനുശേഷം Print out എടുത്ത് വികാരിയച്ചനും ഹെഡ്മാസ്റ്ററും കുട്ടികളും അപേക്ഷ ഫോമിലും ഹാൾ ടിക്കറ്റിലും Sign ചെയ്ത് (മാതാപിതാക്കളുടെ ഒപ്പ് നിർബന്ധമില്ല) രജിസ്ട്രേഷൻ ഫീസിനൊപ്പം രൂപതാ ഓഫീസിൽ July 20 നു മുമ്പ് എത്തിക്കുക. രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്. രൂപതാ ഓഫീസിൽ നേരിട്ട് എത്തിക്കാൻ സാധിക്കാത്തവർ രജിസ്ട്രേഷൻ ഫോം ഓഫീസിലേക്ക് കൊറിയർ ചെയ്ത് താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. HCC I & HCC II Registration രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി July 20 ആണ്.

Account details:<br>
Catechetical Centre<br>
A/C No. : 006302152792190001<br>
The Catholic Syrian Bank<br>
Mananthavady Branch<br>
IFS CODE: CSBK0000063<br>
Fees : HCC - 200

Survey form പൂർത്തിയാക്കി ഇടവകകളിൽ സൂക്ഷിക്കേണ്ടതാണ്.

July 15 HCC registration ന്റെയും Survey form upload ചെയ്യേണ്ടതിന്റെയും അവസാന തിയ്യതി ആണ്.

## Private Registration

പത്താം ക്ലാസ്സ് പഠനത്തിനുശേഷം എൻട്രൻസ് കോച്ചിംഗിനും, മറ്റ് ഉന്നത വിദ്യാഭ്യാസത്തിനുമായി രൂപതയ്ക്ക് പുറത്ത് പോകേണ്ടിവരുന്നവരുമായ വിദ്യാർത്ഥികൾക്ക് ഞായറാഴ്ചകളിലെ സാധാരണ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധ്യമല്ലാത്തതിനാൽ, അവർക്കായി മാനന്തവാടി രൂപതാ മതബോധന കേന്ദ്രം തയ്യാറാക്കിയിരിക്കുന്ന വിശ്വാസപരിശീലന പരിപാടിയാണ് Distance Faith Formation Programme. ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ജൂലൈ 31–ന് മുമ്പ്, രൂപതാ മതബോധനകേന്ദ്രത്തിൽ വിദ്യാർത്ഥികൾ നേരിട്ട് നൽകേണ്ടതാണ്. 1500 രൂപയാണ് ഫീസ്.

2. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകുന്നതോടൊപ്പം Distance Faith Formation Programme –ൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതായി കാണിക്കുന്ന ഇടവക വികാരിയച്ചന്റെ കത്തും ഓഫീസിൽ നൽകണം. വികാരിയച്ചന്റെ അനുവാദമില്ലാതെ രജിസ്ട്രേഷൻ സാധ്യമല്ല.

3. ഇടവകയിൽനിന്ന് രൂപതയ്ക്കകത്ത് വിവിധ പരിശീലന കേന്ദ്രങ്ങളിൽ പോകുന്ന കുട്ടികൾ ലോക്ഡൗൺ നിയന്ത്രണം മാറുമ്പോൾ മാതൃ ഇടവകയിൽ ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബ്ബാനയിൽ സംബന്ധിക്കുക.

4. ഞായറാഴ്ച രാവിലെ കുർബ്ബാന മാതൃ ഇടവകയിൽ പ്രായോഗികമല്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലനകേന്ദ്രത്തിനടുത്ത് വി. കുർബ്ബാനയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.

5. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന സെമിനാർ 2022 ജനുവരി 31 ന് മുൻമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഈ സെമിനാർ internal മാർക്കായി പരിഗണിക്കുന്നതാണ്.

6. വിദ്യാർത്ഥികൾക്ക് നാലു ദിവസത്തെ ക്യാമ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കും. സെമിനാർ ഓഫീസിൽ എത്തിക്കുന്ന സമയത്ത് ക്യാമ്പിന്റെ തിയ്യതി അറിയിക്കുന്നതായിരിക്കും.

7. യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് ക്യാമ്പിലെ 100% ഹാജർ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നതാണ്. ക്യാമ്പിന്റെ അവസാനദിവസമായിരിക്കും യൂണിവേഴ്സിറ്റി പരീക്ഷ.

8. ക്യാമ്പിൽ പങ്കെടുക്കാൻ എത്തുമ്പോൾ പുസ്തകം, ഉപപാഠപുസ്തകം, നമസ്കാരപുസ്തകം, പൊതുവിജ്ഞാനം (a), നോട്ട്ബുക്ക്, ബഡ്ഷീറ്റ്, എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പുദിവസങ്ങളിൽ പാസ്റ്ററൽ സെന്ററിൽ തന്നെ താമസിക്കേണ്ടതാണ്. മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

9. ഈ സംവിധനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപതാ റാങ്കിന് പരിഗണിക്കുന്നതല്ല. ഇവർക്ക് SAY പരീക്ഷ ഉണ്ടായിരിക്കില്ല.

കഴിഞ്ഞ വർഷം HCC Private Registration നടത്തിയ കുട്ടികളുടെ പരീക്ഷ റിസൾട്ട് അവരുടെ വാട്സ് ആപ് ഗ്രൂപ്പിൽ publish ചെയ്തിട്ടുണ്ട്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം
**ഫാ. ഷിജോ വേനക്കുഴി**
അസി. ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രേഷിതരെ,

'അല'– ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രവർത്തനവർഷ മാർഗ്ഗരേഖ. അലയടിച്ചുയരട്ടെ പ്രേഷിത സാഗരം; സകലരും അറിയട്ടെ സുവിശേഷ സന്ദേശം. ഏഴിൽ നിന്നും എഴുപത്തഞ്ചിലേക്കുള്ള സുദീർഘമായ യാത്രയുടെ നന്ദി പ്രകാശനം. പ്ലാറ്റിനം ജൂബിലിവർഷം കൃതജ്ഞതയുടെയും ദൈവാനുഗ്രഹത്തിന്റെയും കാലമാകട്ടെ.

'സുവിശേഷത്തിന്റെ ആനന്ദത്തിൽ' ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞുവെക്കുന്നു; "നമ്മളെല്ലാവരും സഭയുടെ പുതിയ പ്രേഷിത മുന്നേറ്റത്തിൽ പങ്കാളികളാകുന്നതിന് വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ ക്രൈസ്തവനും ഓരോ സമൂഹവും കർത്താവ് ചൂണ്ടിക്കാണിക്കുന്ന പാത തിരിച്ചറിയണം. കാരണം യേശുവാണ് ആദ്യത്തെയും ഏറ്റവും ഉന്നതനുമായ സുവിശേഷവത്കരണ കർത്താവ്". മിഷൻലീഗ് എന്ന ഭക്ത സംഘടന വിഭാവനം ചെയ്യുന്ന ചിട്ടയായ ക്രമീകരണങ്ങളിലൂടെയുള്ള ഒരു യാത്രയാണ് ഈ പ്രേഷിതമുന്നേറ്റം. വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥ്യത്താലും വി. അൽഫോൻസാമ്മയുടെ പ്രചോദനത്താലും രൂപീകൃതമായ സംഘടന ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും പ്രവർത്തക അംഗങ്ങളെ ദൈവഭക്തിയിലും ദൈവഭയത്തിലും സഭയോട് ചേർന്ന് ജീവിക്കാൻ പഠിപ്പിക്കുക, അതിനുള്ള സാഹചര്യം ഒരുക്കുക എന്നതാണ്. ഏഴു പേരുടെ ഗ്രൂപ്പിൽ ആരംഭിക്കുന്ന സുകൃത ജീവിത ശൈലി പ്രാർത്ഥനയിലും പരോപകാര പ്രവർത്തിയിലും ആശയടക്കത്തിലും ബൈബിൾ പാരായണത്തിലും ഒരു വ്യക്തി വളരേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുകയാണ്. ഒരു വ്യക്തിയുടെ വ്യക്തിത്വം രൂപീകൃതമായാൽ മാത്രമേ സഭയിലും സമൂഹത്തിലും പ്രചോദക ശക്തിയായി മാറാൻ സാധിക്കൂ.ആത്മീയവും സാമൂഹികവുമായ പ്രവർത്തനങ്ങളിലൂടെ വളരാനും വളർത്താനും ഈ പ്ലാറ്റിനം ജൂബിലി വർഷം കാരണമായി ഭവിക്കട്ടെ. നമ്മിലുള്ള ക്രിസ്തു വെളിച്ചത്തെ എല്ലാവരും അറിയട്ടെ. സംഘടനയുടെ ഉപമദ്ധ്യസ്ഥരായ പ്രേഷിതവര്യനും ഭാരത അപ്പസ്തോലനുമായ വി.തോമാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണതയും, സഹനത്തിന്റെ പുണ്യപുഷ്പമായ വി.

അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യ ശക്തിയും നമ്മുടെ പ്രേഷിത വീഥി യിൽ കരുത്താകട്ടെ.

മിഷൻ അഭിവാദ്യങ്ങളോടെ,

**ഷിജു അച്ചൻ**

| | | |
|---|---|---|
| 2021 – ജൂലൈ | : | കർത്താവും ദൈവവുമായ ക്രിസ്തു |
| പ്രാർത്ഥന മലരുകൾ | : | 74 ത്രിത്വ സ്തുതി |
| മിഷൻ പ്രയർബാങ്ക് | : | ബിജ്നോർ രൂപത |
| | | കല്ലോടി മേഖലയിലെ ശാഖകൾ |

**എന്റെ വീട് – കുടുംബത്തെക്കുറിച്ചുള്ള വിവരണവുമായി കുഞ്ഞു മിഷനറിമാർ**

അന്താരാഷ്ട്ര കുടുംബ ദിനത്തോടനുബന്ധിച്ച്, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ തിരുബാല സഖ്യം അംഗങ്ങൾക്കായി 'എന്റെ വീട് എന്ന പേരിൽ മത്സരം സംഘ ടിപ്പിച്ചു. അവതരണ ശൈലിയുടെ മികവിലൂടെ എയ്ഞ്ചൽ റോസ് വെളിയംകണ്ടത്തിൽ (കല്ലോടി) ഒന്നാം സ്ഥാനവും, ദിയ മരിയ വേന്ദംപടത്തിൽ (അമ്പലവയൽ) രണ്ടാം സ്ഥാനവും, എയ്ഞ്ചൽ എലിസബത്ത് ജോജി മൂലംകുത്ത് (താളിപ്പാടം) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്തവരും സമ്മാനാർഹരായവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## BREAK THE CHAIN THROUGH PRAYER

കോവിഡ് പ്രതിസന്ധി വിശ്വാസത്താലും പ്രാർത്ഥനയാലും അതിജീവിക്കാൻ നമ്മുടെ കുടുംബങ്ങളിലും, ദേശങ്ങളിലും ആത്മീയ വെളിച്ചം തെളിച്ച് ദൈവകരുണ പെയ്തിറങ്ങി സൗഖ്യത്തിലേക്ക് കടന്നുവരുവാൻ, ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഒരുക്കിയ ആത്മീയ പോരാട്ടമാണ് BREAK THE CHAIN THROUGH PRAYER. 13 ദിവസങ്ങൾ 13 മേഖലകൾ, 158 ശാഖകളിലെ മിഷൻലീഗ് അംഗങ്ങൾ ആത്മീയമായി സംഗമിച്ച നിമിഷങ്ങൾ. മെയ് 19 മുതൽ 31 വരെ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ഇടമുറിയാതെ കുഞ്ഞു മിഷനറിമാർ ഈ ആത്മീയ യുദ്ധത്തിൽ പങ്കാ ളികളായി. BREAK THE CHAIN THROUGH PRAYER ഏറ്റവും ഭംഗി യായി ക്രമീകരിച്ച ശാഖ, മേഖല നേതൃത്വങ്ങൾക്ക് നന്ദി.

**അമ്മവരകൾക്കൊപ്പം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ പരിശുദ്ധ അമ്മയുടെ വണക്കമാസത്തോടനുബന്ധിച്ച് 2021 മെയ് 20

മുതൽ 25 വരെ എല്ലാദിവസവും വൈകുന്നേരം 7 മണിക്ക് പരിശുദ്ധ അമ്മയെക്കുറിച്ചുള്ള ഹൃദ്യവും വ്യത്യസ്തവുമായ ചിന്തകൾ അവയ്ക്കനുയോജ്യമായ ചിത്രങ്ങളിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു നല്കുവാനായി 'അമ്മവരകൾക്കൊപ്പം' എന്ന പ്രോഗ്രാം നടത്തി. വ്യതിരിക്തത നിറഞ്ഞ ഈ പ്രോഗ്രാമിലൂടെ അനേകർക്ക് പരി. അമ്മയുടെ മാതൃസ്നേഹത്തിന്റെ ആഴങ്ങൾ അനുഭവവേദ്യമായി. അമ്മവരകൾ അഭിഷേകമുള്ളതാക്കി തീർത്ത രൂപത എക്സിക്യൂട്ടീവ് അംഗം കുമാരി നിമിത മൂലനിരപ്പേലിന് രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും

**'അഭിഷേകത്തോടെ'– ആത്മീയ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ, പന്തക്കുസ്താ ദിനത്തോടനുബന്ധിച്ച് 'അഭിഷേകത്തോടെ' എന്ന പേരിൽ ആത്മീയ സംഗമം നടത്തി. സീയോൻ ധ്യാനകേന്ദ്രം അസി. ഡയറക്ടർ ഫാ. പ്രിൻസ് തെക്കേതിൽ ഈ ആത്മീയ ശുശ്രൂഷയ്ക്കു നേതൃത്വം നൽകി. പരിശുദ്ധാത്മാവിന്റെ ഉണർവ്വും ഉൻമേഷവും സ്വന്തമാക്കാൻ ഏറെ സഹായകമായ സംഗമത്തിൽ മാനന്തവാടി രൂപതയിലെ വിവിധ ശാഖാ, മേഖല ഭാരവാഹികളായ എഴുപത്തഞ്ചോളം പേര് പങ്കെടുത്തു. രൂപതയുടെ വിവിധ തലങ്ങളിലുള്ള നേതൃത്വനിരയെ ഒരു പുത്തൻ ഉണർവിലേക്കു നയിച്ച പ്രിൻസ് തെക്കേതിൽ അച്ചന് നന്ദി.

**'വചനാത്മ' 2021**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ബൈബിളിൽ പരിശുദ്ധാത്മാവിനെ പറ്റിപറയുന്ന വചനഭാഗങ്ങൾ പഠിച്ച് വീഡിയോ ആക്കി നൽകുന്ന മത്സരം നടത്തി. രൂപതയുടെ വിവിധ ശാഖകളിൽ നിന്നായി അമ്പതോളം വ്യക്തികൾ പങ്കെടുത്ത മത്സരത്തിൽ ആഷ്ന ജോബി മംഗളായിപറമ്പിൽ(താളിപ്പാടം), ജോസഫ് കാഞ്ഞിരത്തുംമൂട്ടിൽ (പാലാങ്കര) എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾക്കും, ജിയ ജോയ് കൊല്ലപ്പള്ളി (പയ്യമ്പള്ളി), അഞ്ജന ചെറുതറപ്പേൽ (കയ്യൂന്നി) എന്നിവർ മൂന്നാം സ്ഥാനത്തിനും ജോസഫ് ജോയേൽ ചന്ദനപറമ്പിൽ (മീനങ്ങാടി), എറിൻ റോസ് മേലേക്കുടിയിൽ (മൂലംങ്കാവ്) എന്നിവർ പ്രോത്സാഹന സമ്മാനത്തിനും അർഹരായി. പങ്കെടുത്തവർക്കും സമ്മാനാർഹരായവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

**സ്നേഹ സാന്ത്വനം**

പ്രതിസന്ധികളെ അതിജീവിക്കാനും വിശ്വാസത്തിൽ

ആഴപ്പെടാനും മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗും, വിശ്വാസ പരിശീലന കേന്ദ്രവും, സീയോൻ ധ്യാനകേന്ദ്രവുമായി സഹകരിച്ച്, വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി, 'സ്നേഹ സാന്ത്വനം' (സ്പിരിചൽ ഷെയറിംഗ് through ഫോൺ) സംഘടിപ്പിച്ചു. ഈ ശുശ്രൂഷയ്ക്കായി സി. നിർമ്മല, സി. മറീന, സി. അന്ന, സി. റ്റെയ്സി, സി. ക്രിസ്റ്റി മരിയ എന്നിവർ തങ്ങളുടെ സേവനം ഉറപ്പുവരുത്തി

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക നേതാവ് ശ്രീ. പി. സി അബ്രഹാം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) ജീവിത പങ്കാളി ത്രേസ്യാമ്മ പല്ലാട്ടുകുന്നേലിന്റെ നിര്യാണത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബം അനുശോചനം രേഖപ്പെടുത്തി. സ്വന്തം ഭർത്താവിനെ രാപകൽ ഭേതമില്ലാതെ സംഘടനയ്ക്കു വിട്ട് നൽകിയ ഈ അമ്മയോട് മിഷൻലീഗ് അംഗങ്ങൾ ഏറെ കടപ്പെട്ടിരിക്കുന്നു. കുഞ്ഞേട്ടന്റെ കത്തുകൾ എല്ലാം നിധിപോലെ സൂക്ഷിച്ചു വയ്ക്കുകയും, തന്നെ കാണാനെത്തിയിരുന്ന മിഷൻലീഗ് അംഗങ്ങളെ കുഞ്ഞേട്ടന്റെ ഓർമ്മകൾ നിറഞ്ഞ വാക്കുകൾ കൊണ്ട് പ്രചോദനമേകുകയും ചെയ്ത വ്യക്തിത്വമായിരുന്നു ശ്രീമതി ത്രേസ്യാമ്മ പല്ലാട്ടുകുന്നേൽ. അനേക ഹൃദയങ്ങളിൽ പ്രേഷിതാഗ്നി കൊളുത്താൻ പ്രചോദനവും പ്രേരണയുമായി തീർന്നുകൊണ്ട് ആദ്യകാലം മുതൽ സംഘടനയുടെ പ്രവർത്തനങ്ങളിൽ കുഞ്ഞേട്ടനോടൊപ്പം സജീവമായി രംഗത്തുണ്ടായിരുന്ന ശ്രീമതി ത്രേസ്യാമ്മ പല്ലാട്ടുകുന്നേലിന് മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഹരിതമോഹനം**

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 5 ശനിയാഴ്ച മിഷൻ ലീഗ് കുടുംബാംഗങ്ങൾ എല്ലാവരും തങ്ങളുടെ വീടിന്റെ പരിസരത്തും പാതയോരത്തും തണൽ മരം നടുകയും മുൻപു നട്ടിട്ടുള്ള മരങ്ങൾക്കു സംരക്ഷണവലയം തീർക്കുകയും ചെയ്തുകൊണ്ട് മാതൃകയായി.

**നിയുക്ത സംസ്ഥാന ഡയറക്ടറിന് ആശംസകൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ കർമ്മ വീഥികളിൽ സംഘാടകമികവു തെളിയിച്ച് കാലോചിതമായി സംഘടനയെ നയിക്കുന്ന ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചനെ കെ.സി.ബി.സി. ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന ഡയറക്ടറായി നിയ

മിച്ചപ്പോൾ രൂപത കുടുംബം മുഴുവനും അച്ചന് അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു. ചെറുപുഷ്പ മിഷൻലീഗിനെ നെഞ്ചോടു ചേർത്ത്, മിഷനറിമാർക്ക് ഉണർവ്വു നൽകി, എല്ലാവരുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തി സംഘടനയെ നയിക്കുന്ന അച്ചന് സംസ്ഥാന ഡയടക്ടർ എന്ന ഉത്തരവാദിത്വം അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കുവാനുള്ള എല്ലാ ദൈവാനുഗ്രഹവും ആശംസിച്ചുകൊണ്ട് രൂപതയിലെ മുഴുവൻ ശാഖകളും അഭിനന്ദനങ്ങൾ അറിയിച്ചു.

**ഹൃദയത്തിലൊരിടം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭ്യമുഖ്യത്തിൽ തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ച് ഈശോയുടെ തിരുഹൃദയത്തെ കുറിച്ച് ജൂൺ 7 മുതൽ 11 വരെ 'ഹൃദയത്തിലൊരിടം' എന്ന പേരിൽ തിരുഹൃദയചിന്തകളിലൂടെ ഒരു തീർത്ഥയാത്ര നടത്തി. എസ്.എച്ച്. നിർമ്മല പ്രൊവിൻസിലെ സന്യാസാർത്ഥിനികളായ സ്റ്റെഫീന വിൻസന്റ്, അതുല്യ തോമസ്, സ്നേഹ ബിനു, ഷെറിൻ ജോസ്, ആനി ജെയ്സൻ എന്നിവർ തിരുഹൃദയചിന്തകൾ പങ്കുവച്ചു സംസാരിച്ചു. സി.എം.എൽ മീഡിയ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ മീഡിയ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 'മിഷൻലീഗ് മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. ലിന്റോ പാട്ടശ്ശേരിക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

**പ്രേഷിത നിറവ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും പ്രേഷിത നിറവ് 2021 എന്ന പേരിൽ ജൂൺ 12 ശനിയാഴ്ച വൈകുന്നേരം ഓലൈൻ ആയി നടത്തി. ഉദ്ഘാടന കർമ്മം സീറോ മലബാർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി നിർവഹിച്ചു. മാനന്തവാടി രൂപത ചെയ്തുകൊണ്ടിരിക്കുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങളെ എടുത്തുപറഞ്ഞുകൊണ്ട് കർദ്ദിനാൾ മാനന്തവാടി രൂപതകുടുംബത്തെയും രൂപത നേതൃത്വത്തെയും അഭിനന്ദിച്ചു. മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ആശംസകൾ നേർന്നുകൊണ്ട് സംഘടനയുടെ സ്ഥാപന ലക്ഷ്യങ്ങളിൽ ഒന്നായ പ്രേഷിത പ്രവർത്തനങ്ങളിൽ ആഴപ്പെടുവാൻ ഉദ്ബോദിപ്പിച്ചു. രൂപതയുടെ വിവിധ ശാഖകളിൽ നിന്നുള്ള കലാപരിപാടികളും ഉണ്ടായിരുന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടം 2021-2022 പ്രവർത്തന വർഷത്തെ മാർഗ്ഗ

രേഖ – 'അല' പ്രകാശനം ചെയ്തു. രൂപത ജനറൽ ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളകുന്നേൽ മാർഗ്ഗരേഖയുടെ അവലോകനം നടത്തി. മിഷൻലീഗിന്റെയും, മീഡിയ കമ്മീഷന്റെയും, എപ്പാർക്കി ഓഫ് മാന ന്തവാടിയുടെയും യൂട്യൂബ് ചാനലുകളിലും ഫേസ് ബുക്ക് പേജുക ളിലും പരിപാടി തൽസമയ പ്രക്ഷേപണം നടത്തി.

**പ്രേഷിതക്കൂട്ട് –രൂപത മാനേജിംഗ് കമ്മറ്റി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ ഉൾക്കൊ ള്ളിച്ചുകൊണ്ടുള്ള മാനേജിംഗ് കമ്മിറ്റി കൂടി. സി.എം.എൽ ദേശീയ പ്രസി ഡന്റ് ശ്രീ. ബിനോയ് പള്ളിപറമ്പിൽ തന്റെ സന്ദേശത്തിലൂടെ മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ പ്രേഷിത തീക്ഷ്ണതയുടെ അഗ്നി ഇട്ടുകൊണ്ട് പ്രേഷിതക്കൂട്ട് ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ശ്രീ. സജീഷ് എടത്തട്ടേൽ പുതിയ പ്രവർത്തന വർഷത്തെ ബഡ്ജറ്റും, പ്രവർത്തന ങ്ങളുടെ റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് പുതിയ മേഖല ഭാരവാ ഹികൾ രുപത ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചന്റെ നേതൃ ത്വത്തിൽ സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു.

**പ്ളാറ്റിനം ജൂബിലി എംബ്ലം നിർമ്മാണ മത്സരം**

ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് എംബ്ലം നിർമ്മാണ മത്സരം സംസ്ഥാന തലത്തിൽ നടത്തുന്നു. മത്സര നിബന്ധനകൾ:1 എംബ്ലത്തിന്റെ വലിപ്പം 10 സെ.മി x10 സെ.മി ഉള്ള സമചതുരത്തിലോ, 10 സെ. മി വ്യാസമുള്ള വൃത്ത ആകൃതിയിലോ ആകാം. 2 താഴെ പറയുന്നവ നിർബന്ധമായും എംബ്ലത്തിൽ ഉൾപ്പെടു ത്തണം. ചെറുപുഷ്പ മിഷൻലീഗ്, '75', പ്ലാറ്റിനം ജൂബിലി, പഠന വിഷയം, പതാകയിലെ ചുവപ്പും മഞ്ഞയും നിറങ്ങൾ. 3 മിഷൻലീഗിന്റ മധ്യസ്ഥരുടെ ചിത്രങ്ങൾ ഉൾകൊള്ളിക്കേണ്ടതില്ല. 4 എംബ്ലം ഡിജിറ്റൽ ഫോർമാറ്റിൽ ആണ് തയ്യാറാക്കേണ്ടത്. വരച്ച് അയക്കുന്ന എൻട്രികൾ മത്സരത്തിൽ പരിഗണിക്കുന്നതല്ല. 5 എല്ലാ എൻട്രികളും ജൂലൈ 10 ന് മുൻപ് രൂപത സമിതിയിൽ സമർപ്പിക്കേണ്ടതാണ്. രൂപത തലത്തിൽ ലഭിക്കുന്ന എൻട്രികളിൽ ഏറ്റവും മികച്ച 2 എണ്ണത്തിന് ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച മൂന്ന് എംബ്ലത്തിന് സംസ്ഥാന സമിതി ക്യാഷ് അവാർഡ് നൽകുന്നതാണ്.

**നന്ദിയോടെ ആശംസകളോടെ**

കഴിഞ്ഞ വർഷങ്ങളിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനങ്ങൾ

കാഴ്ചവച്ച് ഇപ്പോൾ പുതിയ പ്രേഷിത മേഖലകളിലേക്ക് സ്ഥലം മാറിപ്പോകുന്ന മേഖല ഡയറക്ടർമാരായ ഫാ. സോണി വടയാപറമ്പിൽ (മുള്ളൻകൊല്ലി), ഫാ. ജിതിൻ ഇടച്ചിലാത്ത് (പയ്യമ്പള്ളി), ഫാ. ജെയ്സ് ചെട്ടിയാശ്ശേരി (തരിയോട്), ഫാ. ജോൺ പുളിന്താനം (കൽപ്പറ്റ), ഫാ. സുനിൽ മഠത്തിൽ (ചുങ്കക്കുന്ന്), ഫാ. ബിജു തൊണ്ടിപറമ്പിൽ (മണിമൂളി) എന്നിവർക്കും, മേഖല ജോ. ഡയറക്ടേഴ്സായിരുന്ന സി. ക്ലാരറ്റ് എംഎസ്എംഐ (ബത്തേരി), സി. റോസ് എസ്സിവി (തരിയോട്), സി. ആൻ സ്റ്റെല്ല എസ്എച്ച് (ദ്വാരക), സി. ഷീജ എസ്സിവി (പയ്യമ്പള്ളി), സി. കൊച്ചുറാണി എം എസ് എം ഐ (നീലഗിരി), സി. ജിൽസ എസ്എബിഎസ് (മുള്ളൻകൊല്ലി)എന്നിവർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ നൻമകളും ഭാവുകങ്ങളും ആശംസിക്കുന്നു.

**മേഖല വാർത്തകൾ:-**

**ദ്വാരക മേഖല**

ചെറുപുഷ്പ മിഷൻലീഗ് ദ്വാരക മേഖല വാർഷിക മാനേജിങ് കമ്മിറ്റിയും മേഖല ഇലക്ഷനും വാർഷികവും നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മേഖലയിലെ എല്ലാ ശാഖകളും മേഖല ടീം അംഗങ്ങളും മരത്തൈകൾ നട്ട് പരിസ്ഥിതി ദിനം ആഘോഷിച്ചു. തിരുഹൃദയ തിരുനാൾ ദിനത്തിൽ തിരുഹൃദയ ആരാധന മേഖല ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ശാഖകളെയും ഉൾപ്പെടുത്തി നടത്തി. അലയൊലി എന്ന പേരിൽ മാർഗരേഖ പ്രകാശനം ചെയ്തു.

**ബത്തേരി മേഖല**

വി. കുർബ്ബാനയുടെ തിരുനാളിനോടനുബന്ധിച്ച് ബത്തേരി എസ്.എച്ച് സന്യാസിനി സമൂഹത്തിലെ സി. വിനീത വി. കുർബ്ബാനയുടെ പ്രാധാന്യത്തെക്കുറിച്ച് വിഡിയോ അവതരണം നടത്തി. പരിസ്ഥിതി ദിനത്തിൽ വിത്ത് നടൽ സംഘടിപ്പിച്ചു. പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. ബത്തേരി ഫൊറോന വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സമിതി അംഗം ഷാജി ചന്ദനംപറമ്പിൽ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു.

**നീലഗിരി മേഖല**

'വി ആർ ഇൻ ഗോഡ്സ് സർവ്വീസ്' എന്ന ആപ്തവാക്യവുമായി ശാഖ ജോയിൻ ഡയറക്റ്റേഴ്സ് സംഗമം 'വിങ്ങ്സ് 2021' എന്ന പേരിൽ നടത്തി. മേഖല സമിതി നേതൃത്വം നൽകിയ സെമിനാറിൽ വിവിധ

ശാഖകളിലെ ജോ. ഡയറക്റ്ററേഴ്സ് പങ്കെടുത്തു. നീലഗിരി മേഖലയുടെ 2021-22 പ്രവർത്തന വർഷം മാനന്തവാടി രൂപത വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. മിഷൻലീഗ് പ്ലാറ്റിനം ജൂബിലി വർഷത്തിൽ 'പ്രേഷിതനെ ഉദ്ഘോഷിക്കാം. പ്രേഷിതരായ് മുന്നേറാം.' എന്നതാണ് നീലഗിരി മേഖലയുടെ ആപ്തവാക്യം. പുതിയ പ്രവർത്തന വർഷത്തെ മാർഗ്ഗരേഖ റീജിയണൽ വികാരി ഫാ. വിൻസെന്റ് കളപ്പുര പ്രകാശനം ചെയ്തു.

**നടവയൽ മേഖല**

വാർഷികമാനേജിങ് കമ്മിറ്റിയും മേഖല ഇലക്ഷനും നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മരങ്ങൾ നട്ടു. ഓൺലൈൻ പി എസ് സി പരിശീലനം ആരംഭിച്ചു. മഴക്കാല രോഗങ്ങൾ പടരാതിരിക്കാൻ എല്ലാ ഭവനങ്ങളും മഴക്കാല ശുചീകരണം നടത്തി. രക്തദാന സെമിനാർ നടത്തി. വായനദിനത്തോടനുബന്ധിച്ച് സുവിശേഷപാരായണം നടത്തി. പെട്രോൾ വില വർദ്ധനവിനെതിരേ മേഖലാസമിതി സ്റ്റാറ്റസ് പ്രതിഷേധം സംഘടിപ്പിച്ചു. പിതൃദിനത്തോടനുബന്ധിച്ച് അപ്പനെ ആദരിക്കുകയും കൂടെ സെൽഫി എടുക്കുകയും ചെയ്തു.

**മണിമൂളി മേഖല**

മണിമൂളി മേഖലയുടെ നേതൃത്വത്തിൽ ചെയിൻ റോസറി നടത്തി. നിർധനരായ കുടുംബത്തിലെ കുട്ടികൾക്ക് പഠനത്തിനാവശ്യമായ സാമഗ്രികൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനായി സ്മാർട്ട് ചലഞ്ച് എന്ന പേരിൽ സഹായ പദ്ധതി ആരംഭിച്ചു.

**സജീഷ് എടത്തട്ടേൽ**
സി. എം. എൽ. രൂപത സെക്രട്ടറി.

# Department of Youth Ministry

## Your Neighbour Association

### പുകയില വിരുദ്ധ ദിനം ആചരിച്ചു.

2021 മെയ് മാസം 31-ാം തീയതി ലോകപുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ യുവജനങ്ങളും കുഞ്ഞുങ്ങളും സമുചിതമായി കൊണ്ടാടി. ഡിജിറ്റൽ പോസ്റ്റർ, ഹാൻഡ് മേഡ് പോസ്റ്റർ, വീഡിയോ എന്നിവയിലൂടെ പുകയിലയുടെ ദൂഷ്യവശങ്ങളെ മനസ്സിലാക്കുവാനും മറ്റുള്ളവരിലേക്ക് എത്തിക്കുവാനും പരിശ്രമിച്ചു. ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ ഈ ദിനത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു. 40 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു.

### പ്രകൃതിക്ക് ഒരു തണലൊരുക്കണം

2021 ജൂൺ അഞ്ചാം തീയതി യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ പരിസ്ഥിതി ദിനം ആചരിച്ചു. തങ്ങളുടെ വീട്ടുവളപ്പിൽ വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ച് അതിനെ സംരക്ഷിക്കുന്ന സംരംഭം ആരംഭിച്ചു. 50 വിദ്യാർഥികൾ ഇതിൽ പങ്കുചേർന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന 32 പോസ്റ്ററുകൾ വിദ്യാർത്ഥികൾ തയ്യാറാക്കി. കൂടാതെ ഇതിന്റെ പ്രാധാന്യം ഓതുന്ന വീഡിയോകൾ വിദ്യാർഥികൾ നിർമ്മിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തി. ക്രിസ്റ്റി അബി ഡേവിഡിന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിന ക്വിസ് മൽസരം സംഘടിപ്പിക്കുകയും 53 വിദ്യാർഥികൾ ഇതിൽ പങ്കു ചേരുകയും ചെയ്തു. ജോസ്വിൻ ജോസ് മുള്ളൻകൊല്ലി, ടെസ്വിൻ ജോഷി വഞ്ഞോട്, അലൻ ജോസഫ് ജോയ് ചുങ്കക്കുന്ന് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വളരെ വ്യത്യസ്തമായ മറ്റൊരു മത്സരം മരിയ, അലൻ, ജോസ്ന എന്നീ ലീഡേഴ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു. പ്രകൃതിക്ക് ദോഷകരവും ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് റീസൈക്ലിങ് ആക്ടിവിറ്റി നടത്തി. 23 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. ആൻ മരിയ അജിൻ, സാന്ദ്ര പ്രകാശ് എന്നിവർ ഒന്നാം സ്ഥാനവും, ആഞ്ചേലീന ആറാട്ടുതറ രണ്ടാം സ്ഥാനവും, ആഗ്നസ് കൊട്ടിയൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**ഓഷ്യൻ (ക്രാഫ്റ്റ്)**

ലോക സമുദ്ര ദിനമായ ജൂൺ എട്ടാം തീയതി ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ ഈ ദിനത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന വീഡിയോകളും പോസ്റ്ററുകളും നിർമ്മിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവച്ചു. കൂടാതെ സമുദ്രത്തിലെ ജീവികളുടെ മാതൃകയിൽ, ഓഷ്യൻ ക്രാഫ്റ്റ് നിർമ്മാണ മത്സരം സംഘടിപ്പിക്കുകയും ചെയ്തു. ഇതിൽ സാന്ദ്ര പ്രകാശ് ഒന്നാം സ്ഥാനവും, ഡാനിയൽ പോൾ രണ്ടാം സ്ഥാനവും, അലൻ ജോസഫ് ജോയി, സാന്ദ്ര മരിയ, എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ലെവി ബിജു, എമ്മാനുവേൽ, മരിയ ടോം, എന്നിവർ ഇതിന് നേതൃത്വം വഹിച്ചു.

**തകർക്കല്ലേ നാളെയുടെ ശക്തി**

ബാലവേല വിരുദ്ധ ദിനമായ ജൂൺ മാസം പന്ത്രണ്ടാം തീയതി യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ യുവജനങ്ങളും കുഞ്ഞുങ്ങളും പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെച്ചു. ബാലവേലയ്ക്ക് എതിരെയുള്ള കുറിപ്പുകൾ ലൈഫ് 2019 ബാച്ചിലെ വിദ്യാർത്ഥികൾ തയ്യാറാക്കുകയും വീഡിയോയാക്കി സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. 2020 ബാച്ചിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിച്ചു. ആഞ്ജലീന റോസ് ആറാട്ടുതറ തയ്യാറാക്കിയ ബാലവേലക്കെതിരെയുള്ള ശക്തമായ സന്ദേശം വിദ്യാർത്ഥികൾക്കിടയിൽ ഏറെ പ്രചോദനമായി.

**നേച്ചർ ഫോട്ടോഗ്രഫി ത്രു ദി ലെൻസ്**

പ്രകൃതിയുടെ സൗന്ദര്യം ജനങ്ങളിലേക്ക് എത്തിക്കുകയും അതുവഴി പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം യുവജനങ്ങളിലും വിദ്യാർഥികളിലും സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി യുവർ നെയ്ബർ അസോസിയേഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന പരിപാടിയാണ് നേച്ചർ ഫോട്ടോഗ്രഫി ത്രു ദി ലെൻസ്. പരിസ്ഥിതിദിനമായ ജൂൺ അഞ്ചിന് ആരംഭിച്ചിരിക്കുന്ന ഈ മത്സരം പ്രായപരിധിയില്ലാതെ ആർക്കും പങ്കെടുക്കാവുന്നതാണ്. പ്രകൃതിയുടെ സ്വാഭാവികത നഷ്ടപ്പെടാത്ത ഫോട്ടോസ് ആണ് പരിഗണിക്കുക. യൂട്യൂബ് ലൈക്കുകളുടെ അടിസ്ഥാനത്തിൽ ആദ്യം വരുന്ന 20 ഫോട്ടോഗ്രഫികളുടെ പാനലിൽ നിന്നാണ് മികച്ച ഫോട്ടോഗ്രഫി തിരഞ്ഞെടുക്കുക. ജൂൺ 28 നാണ് മത്സരം അവസാനിക്കുന്നത്. ജൂൺ 29 ന് അന്താരാഷ്ട്ര ഉഷ്ണമേഖല ദിനത്തിൽ മത്സരഫലം പ്രഖ്യാപിക്കുന്നതാണ്. ഡാൽവിൻ, നീരജ് എന്നീ യുവജനങ്ങളാണ് നേച്ചർ ഫോട്ടോഗ്രഫി മത്സരത്തിന് നേതൃത്വം വഹിക്കുന്നത്.

## Jesus Professional communtiy

### 'തിരുവചനം ദൈവശക്തി'

യുവജനങ്ങൾക്ക് വചന ബന്ധിതമായ ജീവിതം നയിക്കുവാൻ പ്രചോദനം നൽകിക്കൊണ്ട് 'തിരുവചനം ദൈവശക്തി' എന്ന വചന വ്യാഖ്യാന പോസ്റ്റുകൾ സമൂഹമധ്യത്തിൽ പ്രചോദനമാകുന്നു. ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങളിലൂടെ എല്ലാവരിലേക്കും എത്തിക്കുന്ന ഈ സന്ദേശങ്ങൾ ഭയാനകമായ കോവിഡ് പശ്ചാത്തലത്തിൽ ദൈവത്തിൽ ആശ്രയിക്കുവാൻ കരുത്തുപകരുകയും തകർന്ന ജീവിതങ്ങൾക്ക് ആശ്വാസം പകരുകയും ചെയ്യുന്നു.

### Life Training വ്യത്യസ്തരാകാം യേശുവിനോടൊപ്പം

ലൈഫ് വിദ്യാർത്ഥികളുടെ ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി 2021 മെയ് 27 മുതൽ ഞായർ ഒഴികെ എല്ലാ ദിനവും രാവിലെ 5.30 ന് യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ സൂം പ്ലാറ്റ്ഫോമിൽ ഒന്ന് ചേരുന്നു. വിദ്യാർത്ഥികൾ ഓരോരുത്തരായി ആ ദിനത്തിന്റെ സന്ദേശങ്ങൾ പങ്കുവെക്കുകയും ഒരുമിച്ചു പ്രാർത്ഥിച്ച് ആ ദിനം പ്രാർത്ഥനയോടെ ആരംഭിക്കുകയും ചെയ്യുന്നു. ഇതുവഴി വിദ്യാർത്ഥികളിൽ പ്രാർത്ഥനയുടെയും കഠിനാധ്വാനത്തിന്റെയും സ്നേഹത്തിന്റെയും സംസ്കാരം രൂപീകരിക്കുന്നതിനും സഹായകമാകുന്നു.

### ഏകദിന കൺവെൻഷൻ

2021 ജൂൺ ഒൻപതാം തീയതി ബുധനാഴ്ച വൈകുന്നേരം 6 മണിമുതൽ 8 മണിവരെ ലൈഫ് വിദ്യാർത്ഥികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടിയുള്ള ലൈവ് ഓൺലൈൻ ധ്യാനം സംഘടിപ്പിച്ചു. ഗൂഗിൾ മീറ്റ് വഴി നടത്തിയ ശുശ്രൂഷയ്ക്ക് നടവയൽ സിഎംസി പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും സി. ഡീന റോസ് സിഎംസി, സി. ഫിൽസി എവുപ്രാസ്യ സിഎംസി, എന്നിവർ നേതൃത്വം നൽകി. 55 കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ സ്വാഗതവും ലൈഫ് ട്രെയിനിങ്ങ് കോഡിനേറ്റർ സി. ആൻസി തോമസ് സിഎംസി നന്ദിയും അർപ്പിച്ചു.

### തിരുഹൃദയം അഭയകേന്ദ്രം

2021 ജൂൺ പതിനൊന്നാം തീയതി ഈശോയുടെ തിരുഹൃദയ തിരുനാളിനുവേണ്ടി ഒമ്പത് ദിന നൊവേനകൾ തയ്യാറാക്കി വിദ്യാർഥികൾ പ്രാർത്ഥിച്ച് ഒരുങ്ങി. അന്നേ ദിനം സ്റ്റാറ്റസ് വീഡിയോസ്, പോസ്റ്റർ, തിരുനാൾ സന്ദേശം ഉൾക്കൊള്ളുന്ന വീഡിയോകൾ, തിരുഹൃദയ വാഗ്

ദാനങ്ങൾ അടങ്ങിയ വീഡിയോകൾ എന്നിവ തയ്യാറാക്കുകയും പങ്കു വയ്ക്കുകയും ചെയ്തു. ഭവനങ്ങളിൽ തിരുഹൃദയ രൂപം അലങ്കരിച്ച് പ്രതിഷ്ഠിക്കുവാൻ, തിരുഹൃദയ പ്രതിഷ്ഠ നടത്തുവാൻ വിദ്യാർത്ഥികൾ ഏറെശ്രദ്ധ പുലർത്തി. നേഹ, ഡയൻ, ജിയന്ന, അൻഷാ, ഹെൽന എന്നീ വിദ്യാർത്ഥികൾ ഇതിന് നേതൃത്വം വഹിച്ചു. ഒരാത്മീയ സംസ്ക്കാരം രൂപപ്പെടുത്തുവാൻ ഇത് സഹായകമായി.

മീഡിയ പരിശീലനം നവയുഗ മാധ്യമങ്ങളുടെ ഈ കാലഘട്ട ത്തിൽ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്ക് വേണ്ടി മീഡിയ വിദ്യാഭ്യാസം വിദ്യാർത്ഥികളിലൂടെ തന്നെ നൽകുന്നു. എല്ലാ വെള്ളി, ശനി, ഞായർ ദിനങ്ങളിൽ റിച്ചാർഡ് ജെയിംസ്, ഡാനിയൽ പോൾ എന്നിവരുടെ നേതൃത്വത്തിൽ ലൈഫ് വിദ്യാർഥികൾക്ക് ഓൺലൈൻ പരിശീലനം നൽകുന്നു. അഭിനന്ദനങ്ങൾ!

## Youth Ministry Office

കരുണയുടെ കരം കോവിഡിന്റെ വേദനാജനകമായ അന്തരീക്ഷത്തിലൂടെ ലോകം കടന്നു പോകുമ്പോൾ ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് ഡിപ്പാർട്ട്മെൻറ് ഓഫ് യൂത്ത് മിനിസ്ട്രി കുടുംബം മെയ് മാസം മുഴുവനും കരുണയ്ക്കുവേണ്ടി പ്രാർത്ഥന നടത്തി. 'കരുണയുടെ കരം' എന്ന പേരിൽ മെയ് മാസം ഒന്നാം തീയതി മുതൽ മുപ്പത്തിയൊന്നാം തീയതി വരെ കരുണയുടെ നൊവേന പോസ്റ്റർ ആക്കി നൽകിക്കൊണ്ട് എല്ലാവരിലേക്കും എത്തിച്ചു. കരുണയുടെ നൊവേന, കരുണയുടെ ജപമാല ഇവ ചൊല്ലിക്കൊണ്ട് ലോകം മുഴു വനുവേണ്ടിയും മധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കുകയായിരുന്നു. യൂത്ത് മിനിസ്ട്രി ടീം ഇതിന് നേതൃത്വം നൽകി .

### തിരുവചനം ദൈവശക്തി

### മാതാവിന്റെ വണക്കമാസം

മെയ്മാസം പരിശുദ്ധ ദൈവ മാതാവിന്റെ വണക്കമാസം വളരെ ആദരപൂർവ്വം പ്രാർത്ഥനാപൂർവ്വം ഡിപ്പാർട്ട്മെൻറ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ആചരിച്ചു. വിദ്യാർഥികളുടെ നേതൃത്വത്തിൽ അനുദിനവും ഉള്ള വണക്കമാസ പ്രാർത്ഥനകൾ എല്ലാ വർക്കും നൽകുകയും മാതാവിനോടുള്ള ഭക്തിയിൽ വളരുവാൻ പ്രചോ ദനം ആവുകയും ചെയ്തു. രോഗങ്ങളും യാതനകളും മഹാമാരിയും പ്രകൃതി ദുരന്തങ്ങളും എല്ലാം ഒന്നൊന്നായി കടന്നുവരുമ്പോൾ ദൈവ ഹിതമാകുന്ന ദീപശിഖയേന്തി പ്രാർത്ഥിക്കുവാൻ ഇത് എല്ലാവർക്കും പ്രചോദനം നൽകുന്നു. വണക്കമാസ സമാപനത്തോടനുബന്ധിച്ച് പരി ശുദ്ധ ദൈവമാതാവിന്റെ തിരുമുൻപിൽ പ്രാർത്ഥിക്കുന്ന ചിത്രങ്ങളോട് കൂടിയ വീഡിയോ തയ്യാറാക്കി അമ്മയോടുള്ള സ്നേഹം കുട്ടികൾ പ്രകടമാക്കി.

### വിശുദ്ധ കുർബാനയുടെ തിരുനാൾ.

വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമായ 2021 ജൂൺ മൂന്നാം തീയതി ഡിപ്പാർട്ട്മെൻറ് ഓഫ് യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും വിശുദ്ധ കുർബാനയ്ക്ക് ചുറ്റും ഒന്ന് ചേർന്നു. ഫാദർ ലാൽ ജേക്കബ് പൈനുംങ്കലിന്റെ നേതൃത്വത്തിൽ യൂട്യൂബ് വഴി ലൈവ് ആയി നടത്തിയ ആരാധനയിൽ വിദ്യാർഥികളും യുവജനങ്ങളും മാതാപിതാക്കളും പങ്കുചേർന്നു. അന്നേ ദിനം ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ യൂത്ത് മിനിസ്ട്രി ഡയറക്ടർ ലാലച്ചനുമായി അഭിമുഖത്തിൽ ഏർപ്പെട്ടു. കോവിഡ് കാലത്ത് വിശുദ്ധ കുർബാനയുടെ പ്രാധാന്യത്തെക്കുറിച്ചും ഓൺലൈൻ വിശുദ്ധ കുർബാനയിൽ പങ്കെടുക്കേണ്ടത് എങ്ങിനെ യെന്നും, സംബന്ധിക്കുന്ന ധാരാളം സംശയങ്ങൾക്കുള്ള ഉത്തരമായി രുന്നു അഭിമുഖം. വി. കുർബാനയോടുള്ള സ്നേഹത്തിൽ ആഴപ്പെ ടുവാൻ ഈ അഭിമുഖം വിദ്യാർത്ഥികൾക്ക് ഏറെ സഹായകമായി.

### യുവതയ്ക്ക് ശക്തിയായി

പ്രശ്ന കലുഷിതമായ, രോഗാതുരമായ ഈ ലോക അന്തരീക്ഷ ത്തിൽ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രാർത്ഥനയുടെ സംര ക്ഷണ കവചമായി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി. അനുദിനവും ഉച്ചകഴിഞ്ഞ് 3 മണി സമയം കരുണയുടെ ജപമാല യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി യൂത്ത് മിനിസ്ട്രിയുടെ ഫേസ്ബുക്ക് പേജി ലൂടെ ലൈവായി യുവജനങ്ങൾ തന്നെ മധ്യസ്ഥം വഹിച്ച് പ്രാർത്ഥി ക്കുന്നു. അഞ്ജന ജേക്കബ്, ഓസ്റ്റിൻ ജേക്കബ് എന്നിവർ നേതൃത്വം വഹിക്കുന്ന ഈ കരുണയുടെ ജപമാല അനേകം യുവതയ്ക്ക് ആശ്വാസ മാകുന്നു.

### ഓൺലൈൻ വിശുദ്ധ കുർബാന

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പ്രധാന തിരുനാൾ ദിനങ്ങളായ തിരുഹൃദയ തിരുനാൾ, വിമലഹൃദയ തിരുനാൾ, പരിശുദ്ധ കുർബാനയുടെ തിരുനാൾ, എന്നീ ദിനങ്ങളിലും എല്ലാ ഞായറാഴ്ചകളിലും യൂത്ത് മിനിസ്ട്രിയുടെ യൂട്യൂബ് ചാനൽ വഴി ലൈവ് വിശുദ്ധ കുർബാന നടത്തി പ്രാർത്ഥിക്കുന്നു. യൂത്ത് മിനി സ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഇതിന് നേതൃത്വം വഹിക്കുന്നു. യുവജന ശുശ്രൂഷകളുടെ കൂട്ടായ്മയ്ക്ക് ഇത് ഏറെ സഹായകമാകുന്നു.

### ടീം മീറ്റിംഗ്

കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാ ബുധനാഴ്ചയും രാവിലെ 8.30 ന് ഓൺലൈൻ വഴിയായി ടീം മീറ്റിംഗ് നടത്തുകയും ഓൺലൈൻ പരിശീലനങ്ങൾ ഫലവത്തായി നടക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്

തുവരികയും ചെയ്യുന്നു.

**യുവജന പ്രാർത്ഥനാ ഗ്രൂപ്പ്**

യുവജനങ്ങൾക്കും യുവജന ശുശ്രൂഷകൾക്കും വേണ്ടി പ്രാർത്ഥിക്കുവാൻ യുവജനങ്ങൾ തന്നെ യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ ഒന്നു ചേരുന്നു. അനുദിനവും രാവിലെ ഒമ്പതര മണിക്ക് ഓൺലൈനിൽ ഒരുമിച്ച് വരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഡാൽവിൻ, മെർലിൻ, നീരജ്, ആഗ്നസ്, ടെർമിൻ എന്നീ യുവജനങ്ങൾ ഇതിന് നേതൃത്വം വഹിക്കുന്നു.

**കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ്**

വളരെ ക്രമീകൃതമായ രീതിയിൽ പഠനം നടക്കാതെ പോകുന്ന ഈ ഓൺലൈൻ കാലഘട്ടത്തിൽ മാനന്തവാടി രൂപതാ ഡിപ്പാർട്ട്മെൻറ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഒരു അടിസ്ഥാനം നൽകുവാനുള്ള ഒരു സംരംഭം ആരംഭിക്കുന്നു. ഓൺലൈനായി ഒരു മാസത്തെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ് വിദ്യാർഥികൾക്കും പ്രൊഫഷണൽസിനും വേണ്ടി ആരംഭിക്കുന്നു. മൂന്ന് സെക്ഷൻ ആയിട്ടാണ് ഈ കോഴ്സ് നടത്തുന്നത്. ഒന്ന് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഒരു മാസത്തെ കോഴ്സ്. രണ്ടാമത്തേത് ഡിഗ്രി പിജി കഴിഞ്ഞ ഇംഗ്ലീഷ് സംസാരിക്കുവാൻ പ്രാഗല്ഭ്യം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്. മൂന്നാമത്തേത് നേഴ്സസ്, പ്രൊഫഷണൽസ്, വിദേശരാജ്യങ്ങളിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർ, ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ തുടങ്ങിയ വ്യക്തികൾക്കു വേണ്ടിയുള്ളതാണ്. ഇങ്ങനെ മൂന്നു തരത്തിലുള്ള കോഴ്സുകളാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് ഓർഗനൈസ് ചെയ്യുന്നത് യൂത്ത് മിനിസ്ട്രി റിസോഴ്സ് ടീം അംഗമായ സെബാസ്റ്റ്യൻ സാറാണ്. ഫീസ് ഉണ്ടായിരിക്കുന്നതാണ്. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്ക് കോഴ്സ് പൂർത്തീകരിച്ചാൽ ഫീസ് ഇളവ് നൽകുന്നതായിരിക്കും. ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ ആയിട്ടായിരിക്കും ക്ലാസ് നടക്കുക. താല്പര്യമുള്ളവർക്ക് ഈ നമ്പറിൽ (81568358980) പേരു രജിസ്റ്റർ ചെയ്യാവുന്നതാണ്.

**സി. ആൻസി തോമസ് സി.എം.സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

പന്തക്കുസ്താ ദിനത്തിന് ഒരുക്കമായി 2021 മെയ് 22 ന് മേഖലകളിൽ മേഖല സമിതികളുടെ നേതൃത്വത്തിലും രൂപതയിൽ സിൻഡിക്കേറ്റ്, സെക്രട്ടറിയേറ്റ് അംഗങ്ങളും ഓൺലൈനായി പ്രാർത്ഥന കൂട്ടായ്മ സംഘടിപ്പിച്ചു.

**ART 2021**

കെ. സി. വൈ. എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 2020 മെയ് 17 മുതൽ 21 വരെ നടത്തപ്പെട്ട Art 2021 (Animation of Reosurce Team) വെബിനാറിൽ രൂപതയിൽ നിന്ന് 10 യുവജനങ്ങൾ പങ്കെടുത്തു.

**പുതിയ മന്ത്രിസഭയ്ക്ക് ആശംസകൾ**

ചരിത്രം തിരുത്തിക്കുറിച്ച് വീണ്ടും അധികാരത്തിലേറിയ കേരളത്തിലെ പുതിയ മന്ത്രിസഭയ്ക്ക് കെ.സി.വൈ.എം. മാനന്തവാടി രൂപത അഭിനന്ദനങ്ങളും, ആശംസകളും അറിയിച്ചു.

**ഫാമിലി മെഡിക്കൽ കിറ്റ് വിതരണം**

കോവിഡ് രോഗബാധിതരുടെ എണ്ണം അതിരൂക്ഷമായി വർദ്ധിച്ചുവരുകയും എല്ലാ രോഗികളെയും ആശുപത്രിയിലേക്ക് മാറ്റുവാനുള്ള പ്രായോഗിക ബുദ്ധിമുട്ട് നേരിടുകയും ചെയ്ത സാഹചര്യത്തിൽ ഭവനങ്ങളിൽ കഴിയുന്ന രോഗികൾക്കുവേണ്ടി കെ. സി.ബി.സി. ഹെൽത്ത് കമ്മീഷനുമായി ചേർന്ന് കെ.സി.വൈ.എം. മാനന്തവാടി രൂപത നൂതനവും പ്രായോഗികവുമായ കർമ്മപദ്ധതിയ്ക്ക് രൂപം നൽകി.

വേപ്പോറൈസർ, ഡിജിറ്റൽ തെർമോമീറ്റർ, മാസ്ക്, 500 ml സാനിറ്റൈസർ, പൾസ് ഓക്സിമീറ്റർ എന്നിവ അടങ്ങുന്ന ഫാമിലി മെഡിക്കൽ കിറ്റ് കെസിവൈഎം മാനന്തവാടി രൂപതയുടെ സബ്സിടി നിരക്കായ 1,100/ രൂപയ്ക്ക് ഓർഡർ ചെയ്ത് 270 പേർക്ക് ലഭ്യമാക്കി.

**OYO -Open Your Opinion**

വിവിധ സംഭവവികാസങ്ങൾ അരങ്ങേറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങൾക്കു ശരിയായ ദിശാബോധം നല്കുന്നതിനും ആനുകാലിക വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും അഭിപ്രായ രൂപീകരണത്തിനുമായി കെ.സി.വൈ.എം സംസ്ഥാന സമിതി ഒരുക്കിയ OYO -Open Your Opinion 2021 ഓൺലൈൻ

ചർച്ചാവേദിയിൽ രൂപതയിൽനിന്ന് യുവജങ്ങൾ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ 80:20 അനുപാതം റദ്ദാക്കി നിലവിലുള്ള ജനസംഖ്യയ്ക്ക് ആനുപാതികമായി പുതിയ അനുപാതം തയ്യാറാക്കണമെന്ന ഹൈക്കോടതി വിധിയ്ക്ക് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ. നാളുകളായി ന്യൂനപക്ഷ സമൂഹങ്ങളെ വ്യത്യസ്ത തട്ടിൽ അളന്നുകൊണ്ടിരുന്ന അനുപാതമാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് റദ്ദാക്കിയത്. സമൂഹത്തിന്റെ സന്തുലിതാവസ്ഥ തകർക്കുന്ന ഈ നടപടിക്കെതിരെ ഹർജ്ജി നൽകിയ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കലിനും, പിന്നിൽ പ്രവർ ത്തിച്ച അമൽ സിറിയക്കിനും കെസിവൈഎം മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**പോസ്റ്റർ നിർമ്മാണം**

പുകയില വിരുദ്ധദിനത്തിൽ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 2021 ജൂൺ 1 ന് നടന്ന ഓൺലൈൻ പോസ്റ്റർ നിർമ്മാണമത്സരത്തിൽ രൂപതയിൽ നിന്ന് 3 യുവജനങ്ങൾ പങ്കെടുത്തു.

## Rosarian Revival

പരി. അമ്മയ്ക്കായി പ്രത്യേകമാംവിധം സമർപ്പിക്കപ്പെട്ടിരിക്കുന്ന മെയ് മാസം 1-ാം തിയ്യതി മുതൽ ആരംഭിച്ച Rosarian Revival, പ്രാർത്ഥനാ യജ്ഞത്തിന്റെ ഭാഗമായി വ്യത്യസ്ത നിയോഗങ്ങൾ സമർപ്പിച്ചു കൊണ്ട് വിവിധ മേഖലകൾ പ്രാർത്ഥനാനിരതരായിരുന്നു. കോവിഡ് മഹാമാരിയിയിൽ നിന്നും മുക്തി നേടി ലോകമെമ്പാടുമുള്ള മനുഷ്യർ തങ്ങളുടെ സ്വൈര്യജീവിതത്തിലേക്ക് മടങ്ങിപ്പോകുവാനുള്ള സാഹചര്യമൊരുങ്ങുന്നതിനായി സമാപന ദിനമായ 2021 മെയ് 31 ന് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടി യുവജനങ്ങൾ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**കവിതാ രചനാ മത്സരഫലം**

മാതൃദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത സംഘടിപ്പിച്ച എന്റെ അമ്മ എന്ന കവിതാ രചനാമത്സരത്തിൽ അഡ്വ. ജിജിൽ ജോസഫ് കിഴക്കരക്കാട്ട് (കുഞ്ഞോം യൂണിറ്റ്) 1-ാംസ്ഥാനവും, അലീന ടോമി ഇല്ലിക്കൽ (ചുള്ളിയാന യൂണിറ്റ്) 2-ാം സ്ഥാനവും, അനുഷ മൂത്തേടത്ത് (തരിയോട് യൂണിറ്റ്) 3-ാം സ്ഥാനവും കരസ്ഥമാക്കി. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി പങ്കെടുത്ത

എല്ലാ യുവജനസുഹൃത്തുക്കൾക്കും വിജയികൾക്കും ആശംസകൾ.

**എന്റെ അമ്മ (ഡിജിറ്റൽ മാഗസിൻ)**

മാതൃദിനത്തോടനുബന്ധിച്ച് കെസിവൈഎം മാനന്തവാടി രൂപത സംഘടിപ്പിച്ച കവിതാ രചനാ മത്സരത്തിലെ തിരഞ്ഞെടുക്കപ്പെട്ട കവിതകൾ ക്രോഡീകരിച്ച് 'എന്റെ അമ്മ' എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കി.

**മണ്ണ് കാക്കും മനുഷ്യർ**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ശാസ്ത്രീയവും നൂതനവുമായ കൃഷി രീതികളെക്കുറിച്ച് യുവജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി കെസിവൈഎം മാനന്തവാടി രൂപത 'മണ്ണ് കാക്കും മനുഷ്യർ' എന്ന പേരിൽ വീഡിയോ നിർമ്മാണം സംഘടിപ്പിച്ചു. ഓരോ മേഖലയിൽ നിന്നും യുവകർഷകരെ കണ്ടെത്തി ശാസ്ത്രീയവും നൂതനവുമായ കൃഷി രീതികൾ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്ന തരത്തിൽ വീഡിയോ തയ്യാറാക്കി രൂപതയ്ക്ക് നൽകാനാണ് ആവശ്യപ്പെട്ടിരുന്നത്. യുവജനങ്ങൾ കൃഷിയെയും കർഷകരെയും മറന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവകർഷകരെ ആദരിക്കുവാനും അവരെ സമൂഹത്തിനു മുന്നിൽ പരിചയപ്പെടുത്തുവാനും മറ്റുള്ളവർക്ക് ഇത്തരം കൃഷി രീതികളെക്കുറിച്ച് അറിവ് പകരാനും ഈ അവസരം ഉപയോഗപ്രദമായി.

**ലോകപരിസ്ഥിതി ദിനം**

പരിസ്ഥിതിയോടുള്ള കരുതലിന്റെയും സ്നേഹത്തിന്റെയും പ്രതീകമായി 'ഭൂമിക്കൊരു കുട' എന്ന പേരിൽ വൃക്ഷത്തൈ നട്ടു. സംസ്ഥാന സമിതി സംഘടിപ്പിച്ച ചിത്രരചന മത്സരത്തിൽ രൂപതയിൽ നിന്ന് 2 യുവജനങ്ങൾ പങ്കെടുത്തു.

**ന്യൂനപക്ഷാവകാശങ്ങൾ വെബിനാർ**

കെ.സി.വൈ.എം. അംഗം എന്ന നിലയിലും, ക്രൈസ്തവ വിശ്വാസി എന്ന നിലയിലും ആനുകാലിക സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ നിരവധി ചോദ്യങ്ങളും സംശയങ്ങളും അലട്ടികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യക്തവും കൃത്യവുമായ നിലപാട് സ്വീകരിക്കാൻ കെ.സി.വൈ.എം. മാനന്തവാടി രൂപത സെനറ്റംഗങ്ങൾക്കും, കോഫി ടീം അംഗങ്ങൾക്കുമായ ന്യൂനപക്ഷാവകാശങ്ങൾ എന്ന വിഷയത്തിൽ ജൂൺ 6 ന് ഗൂഗിൾ മീറ്റ് വഴി വെബിനാർ സംഘടിപ്പിച്ചു. റവ. ഫാ. നോബിൾ തോമസ് പാറക്കൽ, അഡ്വ. ജിജിൽ ജോസഫ് കിഴക്കരക്കാട്ട് എന്നിവ രുടെ നേതൃത്വത്തിൽ നടന്ന വെബിനാറിൽ 85

ഓളം പേർ പങ്കെടുത്തു.

**ഒന്നുകാണാനും ഒത്തുചേരാനും**

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ അടിത്തട്ടായ യൂണിറ്റുകളെ കാണാനും പരിചയപ്പെടാനും രൂപത സമിതി ഒരുക്കിയ ഓൺലൈൻ യൂണിറ്റ് വിസിറ്റ് വളരെ മനോഹരമായി പൂർത്തീകരിച്ചു. 2021 മെയ് 12–ന് ആരംഭിച്ച യൂണിറ്റ് വിസിറ്റ് 140 ഓളം യൂണിറ്റുകളിലൂടെ കടന്നുച്ചെന്നു. പ്രസ്ഥാനത്തിന് കരുത്തേകാൻ ഈ ദിനങ്ങൾ സഹായകരമായി. ആവേശദായകമായ ഈ സൗഹൃദസന്ധ്യയുടെ ഉദ്ഘാടനം നിർവഹിച്ച കെ.സി.വൈ.എം. തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. വിബിൻ ജോസഫ് മാറക്കാട്ടുക്കുന്നേലിനും, വിശിഷ്ടാതിഥികളായി യൂണിറ്റുകൾക്ക് കരുത്തേകിയ മേഖല പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെനറ്റ് അംഗങ്ങൾക്കും യൂണിറ്റ് വിസിറ്റ് വിജയത്തിലെത്തിച്ച യൂണിറ്റുകളിലെ പ്രസിഡന്റുമാർ, ഡയറക്റ്റേഴ്സ്, ആനിമേറ്റേഴ്സ്, യൂണിറ്റ് ഭാരവാഹികൾ ഏവർക്കും ആശംസകൾ നേരുന്നതിനോടൊപ്പം ഹൃദ്യമായ നന്ദിയും അറിയിക്കുന്നു.

**ഇന്ധന വിലവർദ്ധനയിൽ കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെടണം**

ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലവർദ്ധനവ് സാധാരണക്കാരുടെ നടുവൊടിക്കുകയാണ്. എണ്ണക്കമ്പനികളുടെ ഭാഗത്തുനിന്നും ജനദ്രോഹപരമായ ഈ നടപടി തുടർന്നുകൊണ്ടിരിക്കുമ്പോഴും കേന്ദ്രസർക്കാർ കാണിക്കുന്നത് തികഞ്ഞ അലംഭാവമാണെന്ന് കെസിവൈഎം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ പറഞ്ഞു. കുത്തക എണ്ണക്കമ്പനികൾ അന്യായമായി ലാഭം കൊയ്യുകയും അതിന്റെ ചുവടുപിടിച്ച് നികുതി വർധിപ്പിച്ച് ജനത്തെ ബുദ്ധിമുട്ടിലാക്കുകയും ചെയ്ത കേന്ദ്രസർക്കാരും നികുതി വർദ്ധനവിന്റെ നേട്ടം കാര്യമായിത്തന്നെ അനുഭവിക്കുന്ന സംസ്ഥാന സർക്കാരും നിസ്സംഗത കൈവെടിഞ്ഞ് ഇന്നാട്ടിലെ ജനങ്ങളെ വലിയതോതിൽ ബാധിക്കുന്ന ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടണമെന്ന് കെസിവൈഎം മാനന്തവാടി രൂപത സമിതി ആവശ്യപ്പെട്ടു.

**മലയോര ജനതയോട് നീതി പാലിക്കുക:**

വയനാട് മുട്ടിൽ വില്ലേജിൽ നടന്ന അനധികൃതമായ മരം മുറിയുടെ സത്യം തെളിയിക്കാൻ ജുഡീഷ്യൽ അന്വേഷണം വേണമെന്നും, മലയോര ജനതയെ ആശങ്കയിലാഴ്ത്തി ബഫർസോൺ കരട് വിജ്ഞാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ അധികൃതരുടെ ഒത്താശയോടെ നടന്നിരിക്കുന്ന ഈ പ്രവർത്തിയ്ക്ക് കൂട്ടുനിന്നവരെ

നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും, ഇതിനായി ജുഡീഷ്യൽ അന്വേഷണം ഉടൻ തന്നെ ആരംഭിക്കണമെന്നും, കെ.സി.വൈ.എം. മാനന്തവാടി രൂപത സമിതി അടിയന്തര സെക്രട്ടറിയേറ്റ് മീറ്റിംഗിൽ ആവശ്യപ്പെട്ടു.

**യുവജനദിനം**

ഈ വർഷം ജൂലൈ 4-ാം തിയ്യതിയാണ് യുവജനദിനം. യൂണിറ്റുകൾ സാഹചര്യങ്ങൾക്കനുസൃതം സമുചിതമായി ആഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മാനന്തവാടി രൂപതയിലെ എല്ലാ യുവജന സുഹൃത്തുക്കൾക്കും രൂപതാ സമിതിയുടെ ഹൃദയംനിറഞ്ഞ യുവജന ദിനാശംസകൾ.

**അർദ്ധവാർഷിക സെനറ്റ് 2021**

2021 ലെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 10-ാം തീയതിയാണ്. രൂപത അർദ്ധവാർഷിക സെനറ്റിന് മുമ്പായി, മേഖലാ അർദ്ധവാർഷിക റിപ്പോർട്ടുകൾ രൂപത ഓഫീസിൽ ജൂലൈ 5 ന് മുമ്പായി അയച്ചുതരുമല്ലോ.

**ഓഗസ്റ്റ് മാസം കെസിവൈഎം പ്രവർത്തന മാസാചരണം**

ഓഗസ്റ്റ് മാസം പ്രവർത്തന മാസാചരണമായി ആചരിക്കുകയാണ്. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂണിറ്റിന് അവാർഡ് ലഭിക്കുന്ന കാര്യം പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു.

**കൃതജ്ഞതയോടെ**

പുതിയ പ്രവർത്തന മേഖലയിലേക്ക് പ്രവേശിക്കുന്ന കെ.സി. വൈ.എം. മാനന്തവാടി രൂപത സിൻഡിക്കേറ്റ് അംഗവും നടവയൽ മേഖല ഡയറക്ടറും ആയ റവ. ഫാ. ഷൈജു മുതിരക്കാലായിൽ, തരിയോട് മേഖല ഡയറക്ടർ റവ. ഫാ. നിധീഷ് തലച്ചിറ, കൽപ്പറ്റ മേഖല ഡയറക്ടർ റവ. ഫാ. ജിജോ വാത്തേലിൽ, നിലമ്പൂർ മേഖല ഡയറക്ടർ റവ. ഫാ. സനോജ് ചിറ്ററക്കൽ, നടവയൽ മേഖല ആനിമേറ്റർ സി. ലിസ CMC ചുങ്കക്കുന്ന് മേഖല ആനിമേറ്റർ സി. നോയൽ മരിയ SABS, കല്ലോടി മേഖല ആനിമേറ്റർ സി.റെയ്നി MSMI എന്നിവർക്ക് കെ.സി.വൈ.എം. മാനന്തവാടി രൂപത കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ പ്രവർത്തന പന്ഥാവിൽ സർവ്വവിധ നന്മകളും, പ്രാർത്ഥനാശംസകളും നേരുന്നു.

**മേഖല വാർത്തകൾ ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ 'അമ്മയോടൊപ്പം Selfie' Contest സംഘടിപ്പിച്ചു. കലിമ ചൊല്ലാൻ വിസമ്മതിച്ച ക്രിസ്ത്യൻ

പെൺകുട്ടിയെ ഇസ്ലാം ഭീകരവാദികൾ കൂട്ടബലാത്സംഗം ചെയ്തതിൽ പ്രതിഷേധിച്ച് പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ "# 7 Christian of Pakistan, #Justice For Sunithamasih എന്ന കമന്റ് മാർച്ചിൽ കേരളത്തിലെ 32 രൂപതകളിലെ യുവജന സുഹൃത്തുക്കൾ പങ്കുചേർന്നു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'ഓപ്പറേഷൻ ക്ലീൻ' എന്ന പേരിൽ യൂണിറ്റിലെ യുവജനങ്ങളുടെ വീടും പരിസരവും ശുചീകരണപ്രവർത്തനങ്ങൾ നടത്തി. 'നല്ല അയൽക്കാരൻ' എന്ന പേരിൽ കോവിഡ് മൂലം വിഷമി ക്കുന്ന ചുങ്കക്കുന്ന് മേഖലയിലെ രോഗികൾക്ക് ആയുർവേദ മരുന്നുകൾ എത്തിച്ചു നൽകുകയും കോവിഡാനന്തരം വീടുകൾ അണുവിമുക്തമാ ക്കുകയും ചെയ്തു. 20,000 കോടി രൂപ ചെലവിൽ വീടും തുരങ്കവും നിർമ്മിക്കാനുള്ള പ്രധാനമന്ത്രിയുടെ പദ്ധതിയോട് കോവിഡ് മൂലം വിഷമിക്കുന്ന രാജ്യത്തിന്റെ പ്രതിഷേധം Resign -PM - 14001 എന്ന ഹാഷ് ടാഗ് വഴി രേഖപ്പെടുത്തി.

**നീലഗിരി മേഖല**

നീലഗിരിയിൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ ഓക്സി ജൻ ലഭിക്കാത്ത സാഹചര്യം മനസ്സിലാക്കി മേഖലാ യുവജനങ്ങളുടെ നേതൃത്വത്തിൽ ഓക്സിജൻ കോൺസെൻട്രേറ്റർ മെഷീൻ വാങ്ങിച്ച് ആവശ്യക്കാർക്ക് കൈമാറി. 'എന്റെ പ്രസ്ഥാനം' എന്ന പേരിൽ മേഖല യിലെ യുവജനങ്ങളെ ഒരുമിപ്പിച്ച് ഓൺലൈൻ കൂട്ടായ്മ സംഘടിപ്പിച്ചു. മേഖലയുടെ നേതൃത്വത്തിൽ ഗർഭസ്ഥ ശിശുക്കൾക്കും അമ്മമാർക്കും വേണ്ടി ഓൺലൈൻ വഴി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. കെ.സി.വൈ.എം. സംസ്ഥാന സമിതി നടത്തിയ 114 എന്ന ഓൺലൈൻ മീറ്റിംഗിൽ ജോജോ തോപ്പിൽ പങ്കെടുത്തു. കയ്യുന്നി അസി. വികാരി സെബി അച്ചന്റെ നേതൃത്വത്തിൽ മേഖലയിലെ എല്ലാ യൂണിറ്റുകൾക്കു മായി സംഘടിപ്പിച്ച ദിവ്യകാരുണ്യ ആരാധന ഓൺലൈൻ വഴിയായി നടത്തി.

**നിലമ്പൂർ മേഖല**

നിലമ്പൂർ മേഖലയിൽ യുവജനങ്ങൾക്കായി REVELARE - Unveiling The Truth എന്ന സെമിനാർ സംഘടിപ്പിച്ചു. സമകാലീന സംഭവവികാസങ്ങൾ വളരെ നല്ല രീതിയിൽ കൈകാര്യം ചെയ്തത് സി. സോണിയ തെരേസ ആയിരുന്നു. മേഖലയിലെ വിവിധ യൂണിറ്റുക ളിൽ നിന്നായി 130 യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി.

**ദ്വാരക മേഖല**

കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ സമർപ്പിച്ചു

പ്രാർത്ഥിക്കുന്നതിനായി യൂണിറ്റുകളിലേക്ക് തൊഴിലാളിദിനം ആയ മെയ് 1 ന് വി. യൗസേപ്പ് പിതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥന തയ്യാറാക്കി നല്കി. നേഴ്സസ് ദിനത്തിൽ വീഡിയോ തയ്യാറാക്കി ഓൺലൈൻ പ്ലാറ്റ്ഫോമിൽ അപ്ലോഡ് ചെയ്തു. മെയ് 22 ന് ഓൺലൈൻ ആരാധന സംഘടിപ്പിച്ചു. സിയോൻ ധ്യാനക്രേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴക്കാട്ട് സന്ദേശം നല്കി. നിരവധി യുവജനങ്ങൾ ആരാധനയിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി മേഖല**

മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നും വണക്കമാസ സന്ദേശം വീഡിയോ രൂപത്തിൽ തയ്യാറാക്കി 'മാതാവിന്റെ കൂടെ' എന്ന പേരിൽ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചു. കോവിഡ് കാലത്ത് മാനസിക വൈകാരിക പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് 'ഓൺലൈൻ കൗൺസിലിംഗ്' ഏർപ്പെടുത്തി. അന്താരാഷ്ട്ര കുടുംബദിനത്തോടനുബന്ധിച്ച് 'കുടുംബത്തോടൊപ്പം' എന്നപേരിൽ Family Photo Contest സംഘടിപ്പിച്ചു. ഇസ്രായേൽ പാലസ്തീൻ യുദ്ധാന്തരീക്ഷത്തിൽ സമാധാന സന്ദേശവുമായി 'യുദ്ധവും കണ്ണീരും' എന്ന വിഷയത്തിൽ ഓൺലൈൻ കവിതാമത്സരം സംഘടിപ്പിച്ചു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ കോവിഡ് കാലത്ത് ദുരിതമനുഭവിക്കുന്ന കുടുംബങ്ങളിൽ സഹായം എത്തിക്കുന്നതിന് 'ഹെൽപ്പ് ഡെസ്ക്' രൂപീകരിച്ചു 'നല്ല അയൽക്കാരൻ' എന്നപേരിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. മെയ് മാസത്തോടനുബന്ധിച്ച് 'പരിശുദ്ധ അമ്മ' എന്ന വിഷയത്തിൽ പെൻസിൽ ഡ്രോയിങ് മത്സരം സംഘടിപ്പിച്ചു. സൈബർ ചൂഷണത്തെക്കുറിച്ച് വനിതകൾക്കായി ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. സൈക്കോളജിസ്റ്റ് ശ്രീമതി. അനില ആന്റണി ക്ലാസ്സ് നയിച്ചു.

**ജിയോ ജെയിംസ് മച്ചുകുഴിയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**നന്ദിപൂർവ്വം**

കഴിഞ്ഞ വർഷങ്ങളിൽ സ്തുത്യർഹമാംവിധം മാതൃവേദി മേഖല കുടുംബത്തിന് നേതൃത്വം നൽകി പുതിയ ഉത്തരവാദിത്വങ്ങളിലേക്ക് സ്ഥലം മാറി പോകുന്ന മേഖല ഡയറക്ടർമാരായിരുന്ന ബഹു. സജി നെടുങ്കല്ലേൽ സണ്ണി കൊല്ലാർത്തോട്ടം, ഫ്രാൻസിസ് നെല്ലിക്കുന്നേൽ എന്നീ വൈദീകർക്കും മേഖല ജോ. ഡയറക്ടേഴ്സായിരുന്ന സി. റീത്ത, സി. ആൻസിലിൻ, സി. ഷീന എന്നിവർക്കും രൂപതാകുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ദൈവാനുഗ്രഹങ്ങളും നേരുന്നു.

**വിവാഹ ഒരുക്ക കോഴ്സ്**

മെയ് 21, 22, 23 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 55 പേർ പങ്കെടുത്തു.

**അടുത്ത കോഴ്സ്**

ജൂലൈ - 23, 24, 25

**മരിയൻ സിംഗിൾസ്**

തിരുസഭയിൽ വ്യതിചലിച്ചുനിൽക്കുന്നവരുടെ മാനസാന്തരത്തിനായി 2100 കരുണ കൊന്തയും 2300 ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു. പ്രഭാഷകൻ 25 അധ്യായം വായിച്ചു പൂർത്തിയാക്കി.

**മാതൃവേദി**

രൂപത എക്സിക്യുട്ടീവ് ജൂൺ 5 തിയതി ഓൺ ലൈൻ വഴി സമ്മേളിച്ചു. പരിസ്ഥിതി ദിനം ആഘോഷിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ ഭൂമിയെ വിശേഷിപ്പിച്ചത് പൊതുഭവനം എന്നാണല്ലോ. വരുംതലമുറക്ക് വാസയോഗ്യമായി ഈ പൊതുഭവനത്തെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ മാനന്തവാടി രൂപതയിലെ അമ്മമാർ മാതൃവേദിയുടെ നേതൃത്വത്തിൽ ഓരോ വൃക്ഷത്തൈ നട്ടുകൊണ്ട് പരിസ്ഥിതിദിനാഘോഷത്തിൽ പങ്കുചേർന്നു. ഈശോയുടെ തിരുഹൃദയ തിരുനാളും പരിശുദ്ധ അമ്മയുടെ വിമല ഹൃദയ തിരുനാളും ആചരിച്ചു. അഭിനന്ദനങ്ങൾ.

'കുടുംബം തിരുക്കുടുംബമാകാൻ' 100 ദിന പരിപാടിയുടെ കുടുംബനാഥന്മാർ, കുടുംബനാഥമാർ, യുവജനങ്ങൾ, കുട്ടികൾ എന്നിവർ കുടുംബം തിരുക്കുടുംബമാകാൻ വേണ്ട ആശയങ്ങൾ അവതരിപ്പിച്ച വീഡിയോ എല്ലാദിവസവും സോഷ്യൽ മീഡിയ വഴി അയച്ചുകൊണ്ടിരിക്കുന്നു.

**കല്ലോടി മേഖല**

മാതാവിന്റെ വണക്കമാസാചരണത്തെക്കുറിച്ച് എല്ലാ ശാഖകളിലും അറിയിപ്പ് നൽകി. മാതാവിന്റെ രൂപം അലങ്കരിച്ച് മനോഹരമായ 2 എണ്ണം രൂപതയ്ക്ക് നൽകി. റീജ ആടുകുഴിയിൽ, ബിന്ദു ഷാജി ചൂരക്കുഴിയിൽ എന്നിവരായിരുന്ന സമ്മാനർഹരായവർ. മക്കിയാട്, കുഞ്ഞോം ശാഖയിലെ ആനിമേറ്റേഴ്സിന് ജൂബിലി മംഗളങ്ങൾ നേർന്നു.

**തരിയോട് മേഖല**

വിശുദ്ധ യൗസേപ്പിതാവിന്റെ പ്രാർത്ഥന എല്ലാ ശാഖകളിലും ചൊല്ലി പ്രാർത്ഥിച്ചു മാതാവിന്റെ രൂപം അലങ്കരിച്ചു. അന്താരാഷ്ട്ര കുടുംബ ദിനത്തിൽ ഇടവകയിലെ പ്രായം ചെന്നവരെ ആദരിച്ചു.

**ചുങ്കക്കുന്ന് മേഖല**

മാതാവിന്റെ വണക്കമാസം ആചരിച്ചു. തൊഴിലാളി ദിനത്തിൽ എല്ലാ തൊഴിലാളികൾക്കും വേണ്ടി പ്രാർത്ഥിച്ചു. ഒരു ക്യാൻസർ രോഗിക്ക് 3000 രൂപ ചികിത്സ സഹായമായി നൽകി. കുടുംബദിന ആഘോഷത്തിന്റെ ഭാഗമായി കുടുംബമൊന്നിച്ച് പ്രാർത്ഥന, ഭക്ഷണം, നർമ്മസല്ലാപം എന്നിവ നടത്തി. ഇവയുടെ ഫോട്ടോ ശേഖരിക്കുകയും പ്രാർത്ഥനയും ആശംസകളും നേരുകയും ചെയ്തു. സ്ഥലം മാറിപ്പോകുന്ന എല്ലാം വൈദികർക്കും ആനിമേറ്റേഴ്സിനും യാത്രാ മംഗളങ്ങൾ നേർന്നു. മാതൃദിനത്തിൽ എല്ലാ അമ്മമാർക്കും ആശംസകൾ നേർന്നു. കൊറോണാ എന്ന മഹാമാരിയുടെ നിർമ്മാർജനത്തിനായി ഉപവാസം എടുത്തു പ്രാർത്ഥിക്കുകയും ജപമാല , കരുണക്കൊന്ത എന്നീ പ്രാർത്ഥനകൾ ചൊല്ലി. പരിശുദ്ധ മാതാവിന്റെ വണക്കമാസ സമാപനത്തോടനുബന്ധിച്ച് എല്ലാ ശാഖകളിലും തിരുസ്വരൂപം മത്സരാടിസ്ഥാനത്തിൽ അലങ്കരിക്കുകയും പാച്ചോർ നേർച്ച നൽകുകയും ചെയ്തു.

**മുള്ളൻകൊല്ലി മേഖല**

മെയ് ഒന്നു മുതൽ 31 വരെ വണക്കമാസ പ്രാർത്ഥന ചൊല്ലി കാഴ്ചവെച്ചു.

75 വയസ്സ് കഴിഞ്ഞ അമ്മമാരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വീഡിയോ തയ്യാറാക്കുകയും ചെയ്തു. നാലും അതിൽ കൂടുതലും മക്കളുള്ള അമ്മമാരെ ആദരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഗൂഗിൾ മീറ്റ് എക്സിക്യൂട്ടീവ് കൂടി. കോവിഡ് 19 മഹാമാരി കൊണ്ട് കഷ്ടപ്പെടുന്നവർക്ക് വേണ്ടി പ്രത്യേകമായി 3600 കരുണകൊന്തകൾ ചൊല്ലി പ്രാർത്ഥിച്ചു. മെയ് 10 അന്താരാഷ്ട്ര മാതൃദിനത്തിൽ പ്രായമായ മാതൃവേദി അംഗങ്ങളെ ആദരിക്കുകയും ഉപവാസ ദിനമായി ആചരിക്കുകയും ചെയ്തു. വണക്കമാസത്തിന്റെ ഭാഗമായി മാതാവിന്റെ രൂപാലങ്കാര മത്സരം മേഖലാ തലത്തിൽ നടത്തി സമ്മാനങ്ങൾ നൽകി. മെയ് 15 അന്താരാഷ്ട്ര കുടുംബ ദിനത്തിൽ പാവപ്പെട്ട ഒരു കുടുംബത്തിന് 2000 രൂപയും പുതുവസ്ത്രങ്ങളും നൽകി ആദരിച്ചു. തിരുഹൃദയ ജപമാല ചൊല്ലി എല്ലാ കുടുംബങ്ങളെയും സമർപ്പിച്ച് പ്രാർത്ഥിച്ചു.

**ബത്തേരി മേഖല**

പന്തക്കുസ്ത തിരുനാളിന് ഒരുക്കമായി 9 ദിവസത്തെ പരിശുദ്ധാത്മവചനപഠനം നടത്തി. മെയ് 9ന് മാതൃത്വത്തിന്റെ മഹത്വം അനുഭവിച്ചറിഞ്ഞ അമ്മമാർ അതിന് നന്ദി പറഞ്ഞുകൊണ്ട് 1588 നന്മ നിറഞ്ഞ മറിയമേ എന്ന ജപം ചൊല്ലി അമ്മക്ക് ഹാരാർപ്പണം നടത്തി. മെയ് 10ന് രൂപതയുടെ നിർദേശാനുസരണം മേഖലയിലെ അമ്മമാർ പ്രാർത്ഥനായജ്ഞ ദിനമായി ആചരിച്ചു. മാതൃദിനാചാരണത്തിന്റെ ഭാഗമായി 'മാതൃത്വത്തിന്റെ മാഹാത്മ്യം'എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി. ലോകനേഴ്സ് ദിനത്തിൽ ഭൂമിയിലെ മാലാഖമാർക്ക് ആശംസകൾ അറിയിച്ചു. അന്താരാഷ്ട്ര കുടുംബദിന ത്തോടനുബന്ധിച്ചു 'ആധുനികകുടുംബജീവിതം നേരിടുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികളും പരിഹാരമാർഗങ്ങളും' എന്ന വിഷയത്തിൽ പ്രസംഗമത്സരവും കുടുംബ സെൽഫി മത്സരവും നടത്തി. മാതൃദിനത്തിലും കുടുംബ ദിനത്തിലും മേഖല ഡയറക്ടർ ഫാ. തോമസ് തൈക്കുന്നുംപുറം മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും മാതാക്കൾക്കും ആശംസാസന്ദേശം നൽകി. പരിശുദ്ധ അമ്മയുടെ വണക്ക മാസ ആചരണ ത്തിന്റെ സമാപനത്തിൽ മാതാവിന്റെ തിരുസ്വരൂപം അലങ്കരിക്കൽ മത്സരം നടത്തി.

**നരിവാലമുണ്ട**

തൽമൂദ് (പഠനം) 20 ദിനങ്ങളിലായി അമ്മമാർക്കായി ഓൺലൈൻ ടാസ്ക് നടത്തി. കോവിഡ് രോഗികൾക്കായി കരുണകൊന്ത ചൊല്ലി.

ഇടവകയുടെയും നാടിന്റെയും സംരക്ഷണത്തിനായി സങ്കീർത്തനം 91 ചൊല്ലി വചനവഴിയിൽ ഒരുമിച്ചു. ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്ക് ആശംസ വീഡിയോ തയ്യാറാക്കി. രൂപതാ പ്രാർത്ഥനാ ദിനത്തിൽ ദേവാലയത്തിൽ ഒരു മണിക്കൂർ ആരാധന നടത്തി. കോവിഡ് ഹെല്പ് ഡസ്ക് രൂപീകരിച്ചു. രൂപതയിലേക്ക് 10 പി പി കിറ്റിന് ഉള്ള തുക നൽകി. പഞ്ചായത്തിലെ കോവിഡ് രോഗികൾക്കായി ഒരു നേരത്തെ ഭക്ഷണ തുക വാർഡ് മെമ്പർക്കു നൽകി. പന്തക്കുസ്ത ദിനത്തിൽ 'ജ്വാല'എന്നപേരിൽ ഓൺ ലൈൻ ബൈബിൾ ക്വിസ് നടത്തി. പിതൃദിനത്തിൽ പിതാക്കന്മാർക്ക് സ്നേഹോപഹാരം നൽകി. പിതാക്കൻമാരുമൊത്തുള്ള ഫോട്ടോസ് ശേഖരിച്ചു 'താതനോടപ്പം' എന്നപേരിൽ വീഡിയോ തയ്യാറാക്കി. ഇടവകയിലെ 6 യൂണിറ്റുകൾ വീതം 3 വെള്ളിയാഴ്ചകളിലായി ഉപവാസപ്രാർത്ഥനയും കാഴ്ചവെപ്പും നടത്തി. ഭിന്നശേഷി കുട്ടികൾക്കായി പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച 'സഹചാരി' ഡേ കെയർ സെന്ററിന് വേണ്ടി ഉപകരണങ്ങൾ വാങ്ങി നൽകി. അഗതിമന്ദിരത്തിലേക്കു ഭക്ഷണം പാകംചെയ്ത് കൊടുത്തു. സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകി. മാർച്ചു 19-ന് വി. യൗസേപ്പിതാവിന്റ നാമത്തിലുള്ള ഇടവകദേവാലയത്തിൽ ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വച്ച് 10 മണിക്കൂർ ആരാധന നടത്തി. ഓരോ മണിക്കൂറിലും 2 യൂണിറ്റുകൾ നേതൃത്വം നൽകി.

**മരക്കടവ്**

അന്താരാഷ്ട്ര വനിതാ ദിനത്തിൽ റാങ്ക് കിട്ടിയ വനിതകളെ സമ്മാനങ്ങൾ നൽകി ആദരിച്ചു. സെന്റ് ജോസഫ്സ് ക്വിസ് മത്സരത്തിനുള്ള ടെസ്റ്റ് ബുക്ക് എല്ലാ ശാഖകൾക്കും കൈമാറി. പ്രൊസ്റ്റസിയ 2021 എന്ന പ്രാർത്ഥന യജ്ഞത്തിലേക്ക് മരക്കടവ് 2000 കരുണ കൊന്ത ചൊല്ലി കാഴ്ച വച്ചു. മേഖല കുരിശിന്റെ വഴിയിൽ 5 പേർ പങ്കെടുത്തു. ഇടവകയിൽ നടത്തിയ വാർഷിക ധ്യാനത്തിൽ അമ്മമാർ കുടുംബ സമ്മേതം പങ്കുകൊണ്ടു. സെന്റ് ജോസഫ് നാമധാരികളെ ഫോണിൽ വിളിച്ച് ആശംസകൾ നേർന്നു. വിശുദ്ധ വാര തിരുകർമ്മങ്ങളിലും ആരാധനയിലും പങ്കെടുത്തു. ആരാധനയ്ക്ക് അമ്മമാർ നേതൃത്വം നൽകി. ജോസഫ് തുരുത്തേലച്ചന് ആദരാഞ്ജലികൾ അർപ്പിച്ചു.മേഖലാതലത്തിൽ വി. യൗസേപ്പിതാവിനെ സംബന്ധിച്ചുള്ള ക്വിസ് പ്രോഗ്രാം നടത്തി. 1, 2, 3 സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും ട്രോഫിയും പങ്കെടുത്ത എല്ലാ ടീമിനും പ്രോത്സാഹന സമ്മാനവും നൽകി. മേഖല, ശാഖ ആനിമേറ്റേഴ്സിന് യാത്രയയപ്പും സമ്മാനങ്ങളും നൽകി. ജാന്ന ബരേറ്റ മുള്ളെ യുടെ തിരുനാൾ ആചരിച്ചു. ഇടവകയിൽ നിന്ന് ആദ്യ കുർബാന

സ്വീകരിച്ച എല്ലാ കുഞ്ഞുമക്കൾക്കും വേണ്ടി അംഗങ്ങൾ പത്തു വിശ്വാസപ്രമാണം വീതം ചൊല്ലി കാഴ്ചവെച്ചു. കോവിഡ് മഹാമാരിയെ സമർപ്പിച്ച് പ്രാർത്ഥനാവാരമായി ആചരിച്ചു. മാതാവിന്റെ സുകൃതമൊഴികൾ വാട്സാപ്പിലൂടെ അയച്ചു. അന്താരാഷ്ട്ര മാതൃദിനത്തിൽ ഉപവസിച്ച് പ്രാർത്ഥിച്ചു. ഇടവകയിലെ നഴ്സുമാരെ ആശംസകൾ അറിയിക്കുകയും പോസ്റ്റർ ഇടുകയും ചെയ്തു. അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പന്തക്കുസ്ത ഒരുക്ക ശുശ്രൂഷയിൽ അംഗങ്ങൾ പങ്കെടുത്തു. മാതാവിന്റെ വണക്കമാസത്തോടനുബന്ധിച്ച് രൂപം അലങ്കരിക്കൽ മത്സരം നടത്തി.

**ഫാ. ജോജോ കുടക്കച്ചിറ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

ജൂൺ 4 വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് ധ്യാനകേന്ദ്രത്തിന്റെ പുതിയ അസി. ഡയറക്ടറായി നിയമിതനായ ബഹു. പ്രിൻസ് തെക്കേതിലച്ചന് സിയോൻ ഹാളിൽ സ്വീകരണം നൽകി. തുടർന്ന് പ്രാർത്ഥനയോടെ അദ്ദേഹം തന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു.

ജൂൺ മാസത്തെ ആദ്യശനി ഏകദിന കൺവെൻഷൻ 5ന് വൈകിട്ട് 6.30 – 8.30 വരെ ഓൺലൈനായി നടത്തി. ജപമാലപ്രാർത്ഥനയ്ക്ക് സി. ട്രീസാ എസ്.എച്ച്, സി. നിർമ്മല എസ്.എച്ച്. എന്നിവർ നേതൃത്വം നൽകി. ബഹു. ജിന്റോ തട്ടുപറമ്പിലച്ചൻ വചനം പങ്കുവച്ചു ആരാധന നടത്തി. സി. ലിസ എസ്.കെ.ഡി., ബ്ര. ബിജു പുളിക്കൽ എന്നിവർ ഗാനങ്ങളാലപിച്ചു.

ജൂൺ 8,9,10 ദിവസങ്ങളിൽ തിരുഹൃദയ സന്യാസിനികൾക്കും, 10 ന് വൈകിട്ട് LWSH സഹോദരിമാർക്കുമായി തിരുഹൃദയ ധ്യാനചിന്തകൾ പങ്കുവച്ചു. ഫാ. സോണി വാഴകാട്ട് നേതൃത്വം നൽകി.

ജൂൺ 11 തിരുഹൃദയ തിരുനാളിന് എല്ലാ ഞായറാഴ്ചകളിലും റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട്ട്, ഫാ. പ്രിൻസ് തെക്കേതിൽ എന്നിവർ ഓൺലൈൻ വചനപ്രസംഗങ്ങൾ ചെയ്തു.

ജൂൺ 11ന് വെള്ളിയാഴ്ച, ധ്യാനകേന്ദ്രത്തിൽനിന്നും രണ്ട് വർഷത്തെ സേവനത്തിനു ശേഷം സ്ഥലം മാറിപ്പോകുന്ന അസി. ഡയറക്ടർ ബഹു. ജിന്റോ തട്ടുപറമ്പിലച്ചന് പുതിയ ശുശ്രൂഷാകേന്ദ്രമായ മണിമൂളി പാസ്റ്ററൽ സെന്ററിലേയ്ക്ക് യാത്രയയപ്പ് നൽകി.

മെയ് 15ന് ആരംഭിച്ച കരുണയുടെ ജപമാലയും കൊറോണയ്ക്കെതിരായും, കൊറോണമൂലം മരിച്ചുപോയവരുടെ ആത്മശാന്തിക്കുവേണ്ടിയും, പ്രകൃതിക്ഷോഭത്തിൽ നിന്നുള്ള സംരക്ഷണത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നു. മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കായി Spiritual Sharing ക്രമീകരിച്ചു.

NB: അടുത്ത ആദ്യശനി കൺവെൻഷൻ ശുശ്രൂഷകൾ ജൂലൈ 3ന് വൈകിട്ട് 6.30 pm മുതൽ 8.30 pm വരെ ഓൺലൈൻ ആയി നടത്തുന്നതാണ്.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ മനുഷ്യവർഗം നേരിടുന്ന ഏററവും വലിയ പ്രതിസന്ധിയിലൂടെ നാം കടന്നുപോകുകയാണല്ലൊ. കൊവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ ലോകം പകച്ച് നിന്നെങ്കിലും തുടർന്ന് അതിജീവനത്തിന്റെ മാർഗ്ഗങ്ങൾ സ്വീകരിച്ചു. ഇപ്പോൾ നാം കൊവിഡ് മറികടക്കാനുള്ള പരിശ്രമങ്ങളിലാണ്. പ്രതിസന്ധികളും പ്രതിബന്ധങ്ങളും നമ്മുടെയൊക്കെ ജീവിതത്തിൽ സർവസാധാരണമാണ്. ഇവയ്ക്കു മുന്നിൽ തകർന്ന് നില്ക്കാതെ ഇവയെ മറികടക്കുമ്പോഴാണ് മനുഷ്യൻ എന്ന വാക്കിന്റെ അർത്ഥത്തിന് നാം അർഹരാകുന്നത്.

കൊവിഡിനെ അതിജീവിക്കുവാൻ നാം അശ്രാന്തപരിശ്രമം ചെയ്യുമ്പോൾ ചിലതൊക്കെ നമുക്ക് നഷ്ടമാകുന്നില്ലെയെന്നൊരു വിചിന്തനം ഈ അവസരത്തിൽ അനുയോജ്യമാണെന്ന് കരുതുന്നു. ഈ മഹാമാരിയുടെ വ്യാപനത്തിനു മുമ്പ് മനുഷ്യർക്ക് തിരക്കുമൂലം പരസ്പരം ബന്ധപ്പെടുവാൻ സാധിക്കുന്നില്ലായെന്നായിരുന്നു പറഞ്ഞിരുന്നത്. ലോക്ഡൗൺ വന്ന് തിരക്കുകളെല്ലാമൊഴിഞ്ഞ് വീടിനുള്ളിൽ ഇരിക്കുമ്പോഴെങ്കിലും തിരക്കുമൂലം നമുക്ക് നഷ്ടമായ ബന്ധങ്ങൾ വിളക്കിചേർക്കുവാൻ നാം പരിശ്രമിക്കാറുണ്ടോ. നമ്മുടെ സഹോദരരുമായി, അയൽവാസികളുമായി,ചിലപ്പോൾ കുടുംബാംഗങ്ങളുമായിപ്പോലും അകന്നുപോയ ബന്ധങ്ങൾ കൂട്ടിചേർക്കുവാൻ ദൈവം ഒരുക്കിതന്ന പദ്ധതിയായി ഇതിനെ നമുക്ക് കാണുവാൻ കഴിയണം. രോഗവ്യാപനംമൂലം മറ്റുള്ളവരുടെ ഭവനങ്ങളിലേക്ക് കയറി ചെല്ലുവാൻ സാധിക്കുകയില്ല എന്നതാണ് പലരും ഇതിനു നല്കുന്ന മറുപടി. ഒരു ഫോൺകോൾ എന്തുണ്ട് വിശേഷം, സുഖമാണൊ ചിലപ്പോൾ ഇത്രയും ചെറിയ വാക്കുകളുടെ കേൾവിക്കാർക്ക് വലിയൊരു സ്വാന്തനമായി ഇത് മാറിയേക്കാം. നമ്മുടെ ദത്തുകുടുംബങ്ങൾ, സഹായഅംഗങ്ങൾ, സഹപ്രവർത്തകർ എന്നിവരൊക്കെ ഫോണിലൂടെയെങ്കിലുമുള്ള നമ്മുടെ സ്നേഹാന്വേഷണം പ്രതീക്ഷിക്കുന്നവരാണ്. ചിലപ്പോൾ അവരുടെ രോഗാവസ്ഥയിൽ, ഏകാന്തതയിൽ നമ്മുടെ

സ്നേഹമസൃണമായ വാക്കുകൾ മരുന്നുകളേക്കാൾ ഫലമേകുന്നവയാകാം. ഒരു വാക്ക്, ഒരു നോട്ടം, കരുണാമയമായ ഒരു സ്പർശനം ഇവ നല്കുന്ന സ്വാന്തനം വലുതാണ്. ഇവ നല്കുവാൻ ഓരോ വിൻസെൻഷ്യനും കഴിയുമാറാകട്ടെ. നമ്മുടെ വാക്കുകൾ, പ്രവർത്തികൾ അപരന് സ്നേഹം പകർന്നു നല്കുന്നവയാകണം. ഓരോ വിൻസെൻഷ്യന്റെയും മുഖം കരുണാർദ്രമാകട്ടെ, വാക്കുകൾ സ്നേഹസമ്പുഷ്ടവും, പ്രവർത്തികൾ ദൈവപരിപാലനയുടെ പ്രതീകങ്ങളുമാകട്ടെ.

**ഏര്യ കൗൺസിൽ, കോൺഫ്രൻസ് യോഗങ്ങൾ**

ലോക്ഡൗൺ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒരുവർഷമായി പല എ.സി., കോൺഫ്രൻസ് യോഗങ്ങൾ കൃത്യമായി കൂടുന്നില്ലായിരുന്നു. എന്നാൽ മാറിയ സാഹചര്യത്തിൽ ഓൺലൈനായി സി.സി.യിലെ ബഹുഭൂരിപക്ഷം എ.സി.കളും, കോൺഫ്രൻസുകളും യോഗം ചേരുന്നുവെന്നത് ശുഭസൂചകമാണ്. കോൺഫ്രൻസുകളും, എ.സി.കളും ഇത്തരത്തിലെങ്കിലും യോഗങ്ങൾ ചേരുന്നുവെന്ന് ഉറപ്പാക്കേണ്ടത് എ.സി.ഭാരവാഹികളാണ്. ഇതോടൊപ്പം കഴിഞ്ഞ സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഇനിയും തരാത്ത എ.സി.കൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. രേഖാമൂലം എത്തിക്കുവാൻ സാധിക്കാത്ത എ.സി.കൾ ഇ-മെയിൽ, വാട്സ്ആപ് എന്നിവ വഴിയൊ ഇവ നല്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കോൺഫ്രൻസുകൾ ഓൺലൈൻ വഴിയായി പ്രതിവാരയോഗങ്ങൾ ചേരുന്നുണ്ടെന്ന് എ.സി. ഭാരവാഹികൾ ഉറപ്പു വരുത്തേണ്ടതാണ്.

**ഓസാനാംഭവൻ**

ഓസാനാംഭവന്റെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ ഒരുവിധം ഭംഗിയായി മുന്നോട്ടുപോകുന്നു. സമൂഹത്തിന്റെ പ്രതിസന്ധി ഓസാനാംഭവനെയും ബാധിച്ചുവെന്നത് നിങ്ങൾക്കും അറിവുള്ള കാര്യമാണല്ലൊ. സന്ദർശനങ്ങൾ സാധിക്കാത്ത ഈ അവസരത്തിൽ നിങ്ങൾക്ക് കഴിയുന്ന സഹായങ്ങൾ സാമ്പത്തിക സഹായങ്ങൾ ബാങ്ക് മുഖേന എത്തിക്കുവാൻ ശ്രമിക്കുമല്ലൊ.

കഷ്ടപ്പാടിന്റെ ഈ കാലഘട്ടത്തിലും ഓസാനാംഭവനെ ഹൃദയത്തിലേറ്റിയ ഒട്ടേറെ സുമനസ്സുകളുണ്ട്. ഭക്ഷണസാധനങ്ങളുമായി എത്തിയ തോണിച്ചാൽ സെൻറ് സെബാസ്റ്റ്യൻസ് ഇടവക വികാരി റവ. ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, മൊതക്കര ഹോളി ഫെയ്ത്ത് ഇടവക വികാരിയും റേഡിയൊ മാറ്റൊലി ഡയറക്ടറുമായ റവ. ഫാ. ബിജൊ കറുകപ്പള്ളി, തോണിച്ചാൽ ഹോളിക്രോസ് കോൺവെന്റ്

അധികൃതർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. സ്ഥാപനത്തിന് 6 പൾസ് ഓക്സി മീറ്ററുകൾ സംഭാവന ചെയ്ത പൂതാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി സാബു നിരപ്പിൽ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഓസാനാംഭവനിലെ 54 പേർക്ക് കൊവിഡ് വാക്സിൻ രണ്ടാം ഡോസും, 14 പേർക്ക് ഒന്നാം ഡോസും നല്കിയ ആരോഗ്യ പ്രവർത്തകർ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

ഓസാനാംഭവനിലെ അന്തേവാസി മേപ്പാടി വെള്ളൂര് സെൽവരാജ് (84) നമ്മിൽ നിന്നും വേർപിരിഞ്ഞ് ദൈവസന്നിധിയിലേക്ക് യാത്രയായി.

സ്നേഹപൂർവ്വം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

### ഭവനം നിർമ്മിച്ചു നൽകി

സ്വന്തമായി കിടപ്പാടമില്ലാത്ത പാവപ്പെട്ട ഒരു കുടുംബത്തിന് കൂടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഭവനം നിർമ്മിച്ചു നൽകി. പയ്യംപള്ളി പ്രദേശത്തെ മൊടോമറ്റത്തിൽ ഫ്രാൻസീസിനും കുടുംബത്തിനുമാണ് പുതിയ ഭവനം നിർമ്മിച്ച് നൽകിയത്. ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. പയ്യംപള്ളി ഫൊറോന വികാരി റവ. ഫാ. ജോയി പുല്ലൻകുന്നേൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ പങ്കെടുത്തു.

### പരിസ്ഥിതി ദിനം ആചരിച്ചു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അന്താരാഷ്ട്ര പരിസ്ഥിതി ദിനം ആചരിച്ചു. ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്കുള്ള ചിത്ര രചന മത്സരം, ഓൺലൈൻ ശില്പശാല, തൈകൾ നടീൽ എന്നിവ നടത്തി. മാനന്തവാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന ദിനാഘോഷ പരിപാടികളുടെ ഉദ്ഘാടനം മാനന്തവാടി പോലീസ് സബ് ഇൻസ്പെക്ടർ റോയി പി സി ഫലവൃക്ഷതൈ നട്ട് നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സംസാരിച്ചു.

### കോവിഡ് ചികിത്സാ കേന്ദ്രം ഉപകരണങ്ങൾ കൈമാറി

മാനന്തവാടി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ് മിഷൻ ആശുപത്രിക്ക് കോവിഡ് ചികിത്സക്ക് വേണ്ടി ഉപകരണങ്ങൾ നൽകി. കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് ഉപകരണങ്ങൾ നൽകിയത്. വിതരണ ഉദ്ഘാടനം മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. സെന്റ് ജോസഫ് മിഷൻ ഹോസ്

പിറ്റൽ ഡയറക്ടർ റവ. ഫാ. മനോജ് കവളക്കാടൻ ഉപകരണങ്ങൾ ഏറ്റു വാങ്ങി. മൾട്ടി പാരാ മോണിറ്റർ, ആന്റിജൻ കിറ്റ്, പൾസ് ഓക്സീമീറ്റർ, മാസ്ക്കുകൾ, PP കിറ്റ്സ് എന്നിവയാണ് വിതരണം ചെയ്തത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ എന്നിവർ പങ്കെടുത്തു.

**സാനിറ്റൈസർസ് വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റിലൈൻസ് ഫൗണ്ടേഷനുമായി സഹകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ്, ഹെൽത്ത് വർക്കേഴ്സ്, ആശ വർക്കേഴ്സ് എന്നിവർക്ക് സാനിറ്റൈസർസ് വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം മാനന്തവാടി ട്രാഫിക് യൂണിറ്റ് സബ് ഇൻസ്പെക്ടർ അബ്ദുൾ ഖാദറിന് നൽകി കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ. എന്നിവർ സംസാരിച്ചു.

**നബാർഡ് കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്റ്റ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന നബാർഡ് കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്ടിന്റെ ഭാഗമായി നീർത്തട പ്രദേശത്തെ മുഴുവൻ കർഷകർക്കും നീറ്റുകക്ക വിതരണം ചെയ്തു. പദ്ധതിയുടെ ആരംഭത്തിൽ നീർത്തട പ്രദേശത്തെ മുഴുവൻ കർഷകരുടെയും മണ്ണ് പരിശോധിക്കുകയും സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നീറ്റുകക്ക വിതരണം ചെയ്തത്. വിതരണ ഉദ്ഘാടനം തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി ബിന്ദു മണപ്പാട്ടിൽ ഉദ്ഘാടനം ചെയ്തു. നീർത്തട വികസന സമിതി പ്രസിഡണ്ട് ശ്രീ. പി. വെള്ളൻ, കൺവീനർ വേണു മാസ്റ്റർ മുള്ളാട്ട്, കമ്മിറ്റി അംഗങ്ങളായ കെ.കെ ജയന്തി, ബാബു മാസ്റ്റർ എന്നിവർ സംസാരിച്ചു.

**സമൃദ്ധകുടുംബം**

മാനന്തവാടി രൂപതയുടെ സമൃദ്ധകുടുംബം പദ്ധതിയിലൂടെ 100 കുടുംബങ്ങൾ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനായി ആത്മാർത്ഥമായി പരിശ്രമിക്കുന്നു. ഈ പദ്ധതിയുടെ ഉപഭോക്താക്കൾക്കായുള്ള സഹായധനത്തിന്റെ രണ്ടും മൂന്നും ഗഡുക്കളുടെ വിതരണം നടത്തിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സിന്റെ ഈ അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിച്ചുവെങ്കിലും കോവിഡ് വ്യാപനം കാരണം സെന്ററുകൾ താത്ക്കാലികമായി അടച്ചിരിക്കുകയാണ്. കോവിഡ്–19ന്റെ വിലക്കുകൾ പിൻവലിച്ചാലുടനെ സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതാണ്.

**ഈ കോഴ്സിന്റെ പ്രത്യേകതകൾ**

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം  കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകി വരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്  7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

**ഇ ശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ SHG ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ 'ഇ ശക്തി' എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. മെയ് മാസത്തിൽ 600 സംഘങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കാൻ സാധിച്ചു.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ സാമ്പത്തിക വർഷം 1000 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. മെയ് മാസത്തിൽ 3,41,885 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**കോവിഡ് ധനസഹായം**

കോവിഡ്-19 മഹാമാരി മൂലം തൊഴിലില്ലാതെ കഷ്ടപ്പെടുന്ന ക്ഷേമനിധി അംഗങ്ങൾക്ക് ഈ വർഷവും സമാശ്വാസ ഫണ്ട് ക്ഷേമനിധി ബോർഡ് നൽകി. ഒരംഗത്തിന് 1000 രൂപ വീതം രൂപതയിൽ 519 അംഗങ്ങൾക്ക് ഈ സഹായം നൽകുവാൻ സാധിച്ചു.

**രജിസ്ട്രേഷൻ**

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് രജിസ്ട്രേഷൻ നൽകുവാനുള്ള ക്രമീകരണം നടന്നു വരുന്നു. ജൂലൈ അവസാന വാരത്തോടെ പുതിയ രജിസ്ട്രേഷൻ WSSSൽ വച്ച് നടത്താൻ തീരുമാനിച്ചതായി അറിയിക്കുന്നു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ സുരക്ഷ പദ്ധതിയിലെ 60 വയസ്സ് പൂർത്തിയായ 93 അംഗങ്ങൾക്ക് പെൻഷൻ തുക തിരികെ ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

BIOWIN

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ മെയ് മാസത്തിലും ബയോവിന് അഗ്രോ റിസേർച്ചിന്റെ ഫീൽഡ് ലെവൽ പ്രവർത്തനങ്ങൾ വിർചല് ആയാണ് നടന്നത്. മുഴുവനും ICS ഇന്റേണൽ ഇൻസ്പെക്ഷൻ, എസ്റ്റിമേഷൻ കളക്ഷൻ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ചു. 2021 –22 വർഷത്തിലെ ഓർഗാനിക് സർട്ടിഫിക്കേഷൻ പുതുക്കുന്നതിനാവശ്യമായ നടപടികൾ ICS കോർഡിനേറ്റർ ശ്രീ. വിനീഷ് മാത്യുവിന്റെ നേതൃത്വത്തിൽ പൂർത്തീകരിക്കുകയും ബയോ അമ്പലവയൽ, ബയോ എടവക, ബയോ ബത്തേരി, ബയോ മാനന്തവാടി എന്നീ ICS കളുടെ റിന്യൂവൽ ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തു. ലാക്കോൺ സർട്ടിഫിക്കേഷൻസിൽ നിന്നും ശ്രീ. ജിഷ്ണു, ശ്രീ. സണ്ണി ആന്റണി എന്നിവരാണ് ഓഡിറ്റ് നയിക്കുന്നത്.

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്വീറ്റ്സർലണ്ട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മാസ്ക് ഹാവലർ ഫൗണ്ടേഷന്റെയും നെറ്റ് വർക്ക് ഒഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സിന്റെയും സഹകരണത്തോടെ കഫെ നടപ്പിലാക്കുന്ന മാസ്ക് വിതരണ പദ്ധതി മെയ് മാസത്തിൽ പൂർത്തീകരിച്ചു. ബയോവിനിൽ അംഗത്വമെടുത്തിട്ടുള്ള 8000ത്തോളം കർഷകർക്ക് പദ്ധതി പ്രകാരം മാസ്ക് വിതരണം ചെയ്തു.

നിർധനരായ ആളുകൾക്ക് ഭവന നിർമ്മാണ/പുനരുദ്ധാരണ സഹായമായി നൽകിവരുന്ന സാമ്പത്തിക സഹായം പണി പൂർത്തീകരിച്ചവർക്കായി 1,33,000 രൂപ മെയ് മാസം വിതരണം ചെയ്തു.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്കുയർന്ന വില ലഭ്യമാക്കുന്നതിനായി മെയ് മാസവും കാപ്പി, കുരുമുളക്, ഇഞ്ചി, വാഴപ്പഴം, മാങ്ങ എന്നിവയുടെ സംസ്കരണം നടത്തുകയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിപണനം നടത്തുകയും ചെയ്തുവരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**പ്രിയരെ,**

കഴിഞ്ഞ 4 വർഷത്തോളം കത്തോലിക്കാ കോൺഗ്രസ്സ് എന്ന മഹാപ്രസ്ഥാനത്തിന്റെ രൂപതാ ഡയറക്ടർ സ്ഥാനത്തായിരുന്നുകൊണ്ട് സമുദായാംഗങ്ങളെ പറ്റുന്ന രീതിയിൽ സഹായിക്കാൻ ദൈവകൃപയാൽ അഭിവന്ദ്യ പിതാവ് ചുമതലപ്പെടുത്തിയതിന് പ്രത്യേകം നന്ദി. ബഹു അച്ചന്മാരും, രൂപതാ ഭാരവാഹികളും, മേഖല ഡയറക്ടറച്ചന്മാരും, മേഖല യൂണിറ്റ് ഭാരവാഹികളും, പ്രവർത്തകരും, ഗ്ലോബൽ സമിതിയംഗങ്ങളും പല രീതിയിൽ എന്നെ വളർത്തിയതിനും എന്നോട് സഹകരിച്ചതിനും നന്ദിയും കടപ്പാടും അറിയിക്കുന്നു.

നമ്മുടെ പുതിയ ഡയറക്ടർ ബഹു. ജോബി മുക്കാട്ടുകാവുങ്കലച്ചന് എല്ലാവിധ പ്രാർത്ഥനാശംസകളും നൽകുന്നു.

സ്നേഹപൂർവ്വം

**ഫാ. ആന്റോ മമ്പള്ളി**

കാലഘട്ടത്തിന്റെ ആവശ്യമുൾക്കൊണ്ടും സാമൂഹിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞും കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തന പന്ഥാവിൽ സജീവമായ ദിവസങ്ങളാണ് കടന്ന് പോയത്. ലോക്ക്ഡൗൺ സാഹചര്യവും കോവിഡ് പ്രോട്ടൊക്കോളും സൃഷ്ടിച്ച സാങ്കേതിക ബുദ്ധിമുട്ടുകളിലും ദുരന്തകാലത്തെ നേരിടാനുള്ള ഒരുക്കങ്ങളിലേയ്ക്ക് സംഘടന പ്രവേശിച്ചു.

ഓൺലൈൻ പ്ലാറ്റുഫോമുകളിലെ മീറ്റിംഗുകളിലൂടെയും ചർച്ചകളിലൂടെയും പ്രവർത്തന മേഖലകളെക്കുറിച്ചുള്ള ആസൂത്രണം സജീവമായിരുന്നു. സംഘടനയ്ക്ക് സ്വന്തമായി ഒരു Zoom ആപ്ലിക്കേഷൻ പ്ലാറ്റ്ഫോം മേടിക്കുകയും ഓൺലൈൻ മീറ്റിംഗുകൾക്കായി സാഹചര്യം ഒരുക്കുകയും ചെയ്തു.

**സന്നദ്ധ സേവനത്തിന്റെ പുതിയ മുഖം**

നവീനങ്ങളായ ആശയങ്ങളോടെ നവസാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് സാമൂഹിക ഇടപെടൽ നടത്തുക എന്ന ആശയത്തോടെ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട

അണുനശീകരണ സംവിധാനം ഏറെ ശ്രദ്ധേയമായി. സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിന്റെ സഹായത്തോടെ മാനന്തവാടി പോലീസ് സ്റ്റേഷൻ, കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങിയ സ്ഥലങ്ങൾ അണുവിമുക്തമാക്കി. വിവിധ ഇടങ്ങളിൽ ഇൻഡോർ, ഔട്ട് ഡോർ എന്നിങ്ങനെ തിരിച്ചു ശുചീകരണം നടത്തുവാനും രോഗികളെയും മറ്റും വഹിക്കുന്ന വാഹനങ്ങൾ, ആമ്പുലൻസുകൾ എന്നിവ ശുചീകരിക്കുവാനും ഈ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നു.

അണുനശീകരണ പ്രവർത്തനങ്ങൾക്ക് ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി, പ്രസിഡന്റ് ഡോ. കെ. പി. സാജു, അഡ്വ. ഗ്ലാഡിസ്, സജിൻ ചാലിൽ, അനീഷ് ഓമക്കര എന്നിവർ നേതൃത്വം നൽകി.

**നന്ദിയോടെ**

കഴിഞ്ഞ 4 വർഷക്കാലം സംഘടനയെ സുധീരം ക്രിയാത്മകമായി ധിഷാണപൂർവ്വം നയിച്ച് പുതിയ ദിശയിലേയ്ക്കും ആശയങ്ങളിലേയ്ക്കും നയിച്ച ബഹു. ഡയറക്ടർ ആന്റോ മമ്പള്ളി അച്ചൻ തൽസ്ഥാനത്ത് നിന്നും മാറുകയാണ്. ഈ കാലയളവിൽ അച്ചന്റെ ആത്മീയ നേതൃത്വം സംഘടനയ്ക്ക് നൽകിയ ഉണർവ്വിനും ആവേശത്തിനും ദിശാ ബോധത്തിനും ഒരായിരം നന്ദിയുടെ മലരുകൾ നൽകട്ടെ. ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**സുസ്വാഗതം**

സംഘടനയുടെ ആത്മീയ നേതൃത്വത്തിലേയ്ക്ക് കടന്നു വരുന്ന ബഹു. ജോബി മൂക്കാട്ടുകാവുങ്കൽ അച്ചന് സ്നേഹ സ്വാഗതം. സമുദായ സംഘടനയോടൊപ്പമുള്ള അച്ചന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ മംഗളാശംസകളും നേരുന്നു.

**അഡ്വ. ജിജിൻ ജോസഫ്**

**ജനറൽ സെക്രട്ടറി**

**മനുഷ്യാവകാശപുരസ്കാരം**

മനുഷ്യാവകാശ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കുമായി കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി ഏർപ്പെടുത്തിയിരിക്കുന്ന മനുഷ്യാവകാശ പുരസ്കാരത്തിന് ഈ വർഷം കാരവൻ മാഗസിൻ എഡിറ്റർ വിനോദ് കെ. ജോസ് അർഹനായി. പതിനായിരം രൂപയും, ശില്പവും, പ്രശസ്തിപ്രതവുമടങ്ങുന്നതാണ് അവാർഡ്. റേഡിയോ മാറ്റൊലിയുടെ പതിമൂന്നാം വാർഷികാഘോഷചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പള്ളിയാണ് പുരസ്കാരം പ്രഖ്യാപിച്ചത്. ഡൽഹി കേന്ദ്രീകരിച്ച് നടക്കുന്ന അഖിലേന്ത്യാ കർഷകപ്രക്ഷോഭത്തെ അർഹിക്കുന്ന പ്രാധാന്യത്തോടെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ പ്രതികൂല സാഹചര്യങ്ങളിലും കാരവൻ മാഗസിൻ നടത്തിയ ശ്രമങ്ങളാണ് അവാർഡിനായി പരിഗണിച്ചത്. റേഡിയോ മാറ്റൊലി സ്ഥാപക ഡയറക്ടർ ഡോ .ഫാ. തോമസ് ജോസഫ് തേരകം, എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും മാനേജ്മെന്റ് കമ്മിറ്റി അംഗവുമായ എച്ച്. ബി. പ്രദീപ് മാസ്റ്റർ, മുൻ പഞ്ചായത്ത് പ്രസിഡണ്ടും മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗവുമായ ഉഷ വിജയൻ, എന്നിവരടങ്ങിയ സമിതിയാണ് അവാർഡ് നിർണ്ണയിച്ചത് കാരവൻ മാഗസിൻ എക്സിക്യൂട്ടീവ് എഡിറ്ററായ വിനോദ് വയനാട് ദ്വാരക സ്വദേശിയാണ്. നിഷ്പക്ഷവും മനുഷ്യപക്ഷവുമായ മാധ്യമപ്രവർത്തനത്തിന്റെ ഉദാത്ത ദൃഷ്ടാന്തമാണ് വിനോദിന്റെ നേതൃത്വത്തിലുള്ള കാരവൻ മാഗസിൻ കാഴ്ചവയ്ക്കുന്നത്. മനുഷ്യാവകാശ പ്രവർത്തനങ്ങൾ നടത്തുന്ന കേരളീയരായ ആളുകൾക്കും സംഘടനകൾക്കുമായി റേഡിയോ മാറ്റൊലി സ്ഥാപക ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം റേഡിയോ മാറ്റൊലിയിലൂടെ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണ് മാറ്റൊലി മനുഷ്യാവകാശ പുരസ്കാരം.

**കമ്മ്യൂണിറ്റി റേഡിയോ വീഡിയോ ചലഞ്ച് 2021**

കോമൺവെൽത്ത് എഡ്യൂക്കേഷൻ മീഡിയ സെന്റർ ഫോർ ഏഷ്യ, (CEMCA) സംഘടിപ്പിച്ച 'കമ്മ്യൂണിറ്റി റേഡിയോ വീഡിയോ ചലഞ്ച് 2021' ഹ്രസ്വചിത്ര മത്സരത്തിൽ റേഡിയോ മാറ്റൊലിക്ക് ഒന്നാം സ്ഥാനം ലഭിച്ചു . റേഡിയോ മാറ്റൊലിയുടെ ബാനറിൽ എയ്ഞ്ചൽ അഗസ്റ്റിൻ നിർമ്മിച്ച് ശ്രീകാന്ത്. കെ. കൊട്ടാരത്തിൽ രചനയും സംവിധാ

നവും നിർവഹിച്ച 'റേഡിയോ' എന്ന ഹ്രസ്വ ചിത്രത്തിനാണ് പുരസ്കാരം ലഭിച്ചത്. അതുൽ രാജ് ഛായാഗ്രഹണവും, ടോബി ജോസ് ശബ്ദ സംവിധാനവും നിർവ്വഹിച്ചിരിക്കുന്ന ചിത്രത്തിന് സാങ്കേതികസഹായം നൽകിയിരിക്കുന്നത് പ്രജിഷ രാജേഷാണ്. രാജേഷ് പടിഞ്ഞാറത്തറയും തൻവി. പി. രാജേഷുമാണ് അഭിനേതാക്കൾ. 'ആരോഗ്യമുള്ള സമൂഹത്തിന് സാമൂഹിക റേഡിയോയുടെ പങ്ക്' എന്ന വിഷയത്തിലാണ് മത്സരം സംഘടിപ്പിച്ചത്. 50000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. കൈതപ്പൊയിൽ ലിസ്സ കോളേജിൽ ജേർണലിസം വിദ്യാർത്ഥിയായ എയ്ഞ്ചൽ അഗസ്റ്റിൻ മാറ്റൊലി ഇൻെറണും വോളന്റിയറും ആണ്. രണ്ടാം തവണയാണ് മാറ്റൊലിക്ക് 'കമ്മ്യൂണിറ്റി റേഡിയോ വീഡിയോ ചലഞ്ച്' അവാർഡ് ലഭിക്കുന്നത്.

**അകലമാണ് അടുപ്പം, തത്സമയ ഫോണ് ഇൻ പരിപാടി**

റേഡിയോമാറ്റൊലി 13-ാം വാർഷികദിനമായ ജൂൺ 01 ന്, അകലമാണ് അടുപ്പം എന്ന പേരിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. രാവിലെ 9 മണിമുതൽ 5 മണി വരെയായിരുന്നു തത്സമയഫോൺ ഇൻ പരിപാടി. ഓരോ മണിക്കൂറും ഓരോ അവതാരകരായിരുന്നു ശ്രോതാക്കളുമായി സംവദിച്ചത്. 110 ശ്രോതാക്കൾ തങ്ങളുടെ അനുഭവങ്ങളും, നിർദ്ദേശങ്ങളും പങ്കുവെച്ചു. ശ്രോതാക്കളുടെ നിർദ്ദേശങ്ങൾ ഈ വർഷവും നടപ്പിലാക്കുന്നതിന് ശ്രമിക്കുമെന്ന് സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി അറിയിച്ചു.

**റേഡിയോ മാറ്റൊലിക്ക് വയനാട് എം. പി ശ്രീ രാഹുൽ ഗാന്ധിയുടെ അഭിനന്ദനം.**

കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ 8-ാംമത് പുരസ്കാരം ലഭിച്ച റേഡിയോ മാറ്റൊലിക്ക് വയനാട് എം. പി ശ്രീ രാഹുൽ ഗാന്ധിയുടെ അഭിനന്ദനം. സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളിയെ ഫോണിൽ വിളിച്ചും ട്വീറ്റർ അക്കൗണ്ട് വഴിയുമാണ് അഭിനന്ദനം അറിയിച്ചത്. ഇന്ത്യയിലെ 317 റേഡിയോ സ്റ്റേഷനുകളിൽ നിന്നുമാണ് തീമാറ്റിക് വിഭാഗത്തിൽ കമ്മ്യൂണിറ്റി റേഡിയോയെ തേടി ഈ പുരസ്കാരം എത്തിയത്. കാലാവസ്ഥാ വ്യതിയാനം എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി പ്രക്ഷേപണം ചെയ്ത ഋതുഭേദം എന്ന പരമ്പരയാണ് അവാർഡിന് അർഹമായത്.

**ഇന്ത്യൻ എക്സ്പ്രസിൽ ലേഖനം**

ഗോത്രവിഭാഗങ്ങൾക്കിടയിൽ കോവിഡ് 19 പ്രതിരോധത്തിനായി റേഡിയോ മാറ്റൊലി നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങളേക്കുറിച്ച് ഇന്ത്യൻ എക്സ്പ്രസ്സിൽ ലേഖനം പ്രസിദ്ധീകരിച്ചു.

**യുനെസ്കോ ചെയർ ഇ മാഗസിൻ**

ഹൈദരാബാദ് യുനെസ്കോ ചെയറിന്റെ നേതൃത്വത്തിൽ ഇന്ത്യ

യിലെ റേഡിയോ സ്റ്റേഷനുകൾക്കു വേണ്ടി നടപ്പിലാക്കുന്ന ഇ മാഗസി നിൽ റേഡിയോ മാറ്റൊലി നടപ്പിലാക്കിയ കോവിഡ് കാലപ്രവർത്ത നങ്ങളേക്കുറിച്ചുള്ള വോയ്സ് ക്ലിപ് പ്രസിദ്ധീകരണാർത്ഥം നൽകി.

**തത്സമയ ഫോൺ ഇൻ പരിപാടി**

മെയ് 27 ന് മഴക്കാല മുന്നൊരുക്കങ്ങളും വിളകളെ ബാധിക്കുന്ന രോഗങ്ങളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രത്തിലെ ഡോ. ഇന്ദുലേഖ, ഡോ. ജൂലി എലിസബത്ത്, ഡോ. സീന സുഭഗൻ, ഡോ. അലൻ തോമസ് എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

മഴക്കാല മുൻകരുതലുകൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ദുരന്തനിവാരണ അതോ റിറ്റി പ്രത്യേക കൺസൾട്ടന്റ് പി. യൂദാസ് ശ്രോതാക്കളുടെ സംശയ ങ്ങൾക്ക് മറുപടി നൽകി.

**ഷാജി എളപ്പുപാറയ്ക്ക് അഭിനന്ദനങ്ങൾ!**

നാടൻകിഴങ്ങുവിളകളുടെ സംരക്ഷണത്തിന് ഏർപ്പെടുത്തിയ ദേശീയ അവാർഡ് ലഭിച്ച ഷാജി എളപ്പുപാറയ്ക്ക് റേഡിയോമാറ്റൊലി ആശംസകളറിയിക്കുകയും വയൽനാട് എന്നു പ്രോഗ്രാമിലൂടെ ശ്രീ ഷാജി കാർഷിക അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.

**വെബിനാർ**

മാംഗ്ലൂർ സെന്റ് അലോഷ്യസ് കോളേജിലെ എം. എസ്. ഡബ്ല്യൂ വിദ്യാർത്ഥികൾക്കായി Reaching the unreached through Communtiy redio എന്ന വിഷയത്തിലും, Scheduled Tribes in India എന്ന വിഷയത്തിൽ കോയമ്പത്തൂർ CMS കോളേജ് വിദ്യാർത്ഥികൾക്കായ് നടത്തിയ വെബിനാറിലും സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ക്ലാസ്സ് നയിച്ചു.

മാറ്റൊലി റെക്കോഡിംഗ് സ്റ്റുഡിയോയിലെ എയർ കണ്ടീഷണർ കംപ്ലെയിന്റായതിനെതുടർന്ന് ഇൻസ്പെക്ഷനുവേണ്ടി മെയ് 28 ന് കണ്ണൂരിൽ നിന്നും IDRA Insurance essential Service sector officer Mr. Madhu വന്നു.

റെക്കോർഡിംങ് സ്റ്റുഡിയോയിലേയും ഓൺ എയർ സ്റ്റുഡിയോയിലേയും എയർ കണ്ടീഷണർ റീപ്ലേസ് ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2021 മെയ് – ജൂൺ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

കൊവിഡ് മഹാമാരി നാളുകൾപ്പിറവും നമ്മുടെ അനുദിന ജീവിതത്തെ പിടിച്ചുലയ്ക്കുമ്പോഴും സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഇവാലുവേഷൻ മീറ്റിംഗ്**

യൂണിറ്റുകളുടെ ഇവാലുവേഷൻ മീറ്റിംഗ് ജൂൺ 12 നു ഓൺലൈൻ ആയി നടത്തപ്പെട്ടു. മേഖലാ കോഡിനേറ്റർ ശ്രീ. ലിന്റോ ജോൺ സ്വാഗതം ആശംസിച്ചു. ഭാരവാഹികൾ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ഓരോ യൂണിറ്റിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തി ഡയറക്ടറച്ചൻ സംസാരിക്കുകയും ചെയ്തു. കഴിഞ്ഞ മാസം യൂണിറ്റുകളുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളിൽ നടത്തിയ കൊവിഡ് ബോധവൽക്കരണ ക്ലാസുകളെകുറിച്ചുള്ള വിലയിരു ത്തൽ നടത്തി. കൊവിഡ് ബാധിച്ചു എന്ന കാരണത്താൽ തങ്ങളുടെ സമീപത്തുള്ള ഒരു കുടുംബം പോലും ഒറ്റപ്പെടുന്നില്ല എന്നു എല്ലാ ഗ്രൂപ്പുകളും ഉറപ്പ് വരുത്തണമെന്നു ഡയറക്ടറച്ചൻ ഓർമ്മിപ്പിച്ചു. ലോക്ക്ഡൗൺ മൂലം ലോൺ അടക്കാൻ ബുദ്ധി മുട്ടുള്ളവർ ഓഫീസിൽ അറിയിച്ചാൽ ഈ മാസത്തെ തിരിച്ചടവിനുള്ള സമയം നീട്ടി നൽകുന്നതാണ് എന്നും അച്ചൻ അറിയിച്ചു. എല്ലാവരും കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കണമെന്നും ഓർമ്മിപ്പിച്ചു.

**പുകയില വിരുദ്ധ ദിനം മേയ് 31**

ലോക പുകയില വിരുദ്ധ ദിനമായ മേയ് 31 ന് NDS ന്റെ ആഭിമുഖ്യത്തിൽ പുകയില ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ചും

പുകയിലയുടെ ഉപയോഗം നിർത്തുവാനുള്ള വഴികളെക്കുറിച്ചുമുള്ള ക്ലാസ്സ് വീഡിയോ രൂപത്തിൽ യൂണിറ്റുകൾ വഴി എല്ലാ ഗ്രൂപ്പ് അംഗ ങ്ങളിലും എത്തിച്ചു. പുകയില മനുഷ്യജീവനെ കാർന്നു തിന്നുന്ന കൊലയാളി ആണ് എന്ന തിരിച്ചറിവ് എല്ലാവരിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആണ് ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചത്

**ഉച്ചഭക്ഷണ വിതരണം**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യ മായ നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോവിഡ് പ്രതിരോധ നടപടികളിൽ ഏർപ്പെട്ടിരിക്കുന്ന ഗൂഡല്ലൂർ പോലീസ് സ്റ്റേഷനിലെ നിയമപാലകർക്ക് ഉച്ചഭക്ഷണം നൽകി. ഡയറകർ ഫാ. ബിനോയ് കാശാംകുറ്റിയിൽ നേതൃത്വം നൽകി.

**'ഒരു തൈ നടാം നമുക്കമ്മയ്ക്കായ്'**

മനുഷ്യന്റെ കടന്നുകയറ്റം മൂലം ഇല്ലാതാകുന്ന പച്ചപ്പിനെയും താറുമാറാകുന്ന ആവാസവ്യവസ്ഥയെയും ഓർമിപ്പിക്കാനായി ഒരു പരിസ്ഥിതി ദിനം കൂടി. എല്ലാ വർഷവും ജൂൺ 5 ന് ആണ് ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസുത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനം ആചരിക്കുന്നത്. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു NDS ഗ്രൂപ്പ് അംഗങ്ങൾ തങ്ങളുടെ വീടുകളിൽ മരത്തൈകൾ നട്ടു.

**സ്വാഗതം**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറകർ ആയും ബോസ്പാറ (മച്ചിക്കൊല്ലി) ഇടവകയുടെ വികാരിയായും നിയമിതനായിരിക്കുന്ന ബഹു. അനൂപ് കൊല്ലംപറമ്പിൽ അച്ചന് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**ജനറൽ ബോഡി**

മെയ് 20 ന് അഭി. ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ ജനറൽ ബോഡി യോഗത്തിൽ അംഗങ്ങളെല്ലാവരും പങ്കെടുത്തു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഫൗണ്ടേഷൻ സെക്രട്ടറി ഫാ. നോബിൾ പാറക്കൽ സ്വാഗതം ആശംസിച്ചു. ഫെഡാർ ഫൗണ്ടേഷന്റെ അക്കാദമികപ്രവർത്തനങ്ങ ളെക്കുറിച്ച് തോമസ് ജോസഫ് ഇലഞ്ഞിക്കലും ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ രൂപീകരണത്തെക്കുറിച്ച് സിജോ കുഴിവേലിലും സംസാരിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം 2020-2021 പ്രവർത്തനവർഷത്തെ പ്രവർത്തന പദ്ധതിയെപ്പറ്റി യോഗം ചർച്ച ചെയ്തു. ഫാ. ജോസ് കൊച്ചറക്കൽ വരവു ചിലവു കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് ബൈലോയിൽ വരു ത്തേണ്ട ഭേദഗതികൾ തീരുമാനിച്ചു. സെക്രട്ടറിയുടെ കൃതജ്ഞതാ പ്രകാശനത്തോടെ യോഗം അവസാനിച്ചു.

**ഫെഡാർ അപ്ഡേറ്റ്സ്**

ഓരോ ദിവസത്തെയും വിദ്യാഭ്യാസവാർത്തകളും തൊഴിൽ അവസരങ്ങളും സമാഹരിച്ചുകൊണ്ട് 'ഫെഡാർ അപ്ഡേറ്റ്സ്' ഫെഡാർ ഫൗണ്ടേഷന്റെ സാമൂഹ്യമാധ്യമ അക്കൗണ്ടുകളിൽ ലഭ്യമാക്കുന്നു. ഫെഡാർ ഫൗണ്ടേഷൻ എന്ന ടെലഗ്രാം ചാനലിലും ഈ വിവരങ്ങൾ ലഭ്യമാണ്.

**വെബിനാർ 2**

അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 5 ന് ഫെഡാർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 'പ്രകൃതി സൗഹൃദവും ആരോഗ്യപാലനവും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. വെബിനാറിൽ ശ്രീ സെബാസ്റ്റ്യൻ പാലംപറമ്പിൽ (ജനറൽ ബോഡി മെമ്പർ, ഫെഡാർ ഫൗണ്ടേഷൻ) സ്വാഗതം ആശംസിച്ചു.

ബഹുമാനപ്പെട്ട കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി

അഗസ്റ്റിൻ 'ഭൂമിയെന്ന പൊതുഭവനം കോവിഡ് കാല ഉൾക്കാഴ്ചകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ആമുഖപ്രഭാഷണം നടത്തി.

ഫെഡാർ ഫൗണ്ടേഷന്റെ പേട്രണും മാനന്തവാടി രൂപത മെത്രാനുമായ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വെബിനാറിൽ അനുഗ്രഹ പ്രഭാഷണം നടത്തി. അറിഞ്ഞോ അറിയാതെയോ മനുഷ്യൻ ഭൂമിയെ മലീമസമാക്കി ആദിമ ഭുമിയിലേക്ക് ഒരു തിരിച്ചു പോക്ക് സാധ്യമല്ലെങ്കിലും മനുഷ്യൻ തന്റെ തന്നെ നിലനിൽപ്പിനായി ശ്രമിക്കണമെന്ന് 'വിശുദ്ധ ബൈബിളിലെ സൃഷ്ടി വിവരണം ഒരു പരിസ്ഥിതി വായന' എന്ന വിഷയത്തിലൂടെ അദ്ദേഹം പറഞ്ഞു വെച്ചു. വെബിനാറിൽ ശ്രീ. സി. ഭക്തദാസ് (റിട്ട. സീനിയർ ലെക്ച്ചറർ, ഡയറ്റ് & ലേണിങ് ഡിസബിലിറ്റി മാനേജ്മന്റ് എക്സ്പെർട്ട്) 'പ്രകൃതി സൗഹൃദവും ആരോഗ്യപാലനവും കോവിഡ് കാലത്ത്' എന്ന വിഷയത്തിൽ സെമിനാർ അവതരിപ്പിച്ചു. സെമിനാർ അവതരണത്തിന് ശേഷം പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഹൃസ്വകാല കോഴ്സുകൾ മുതൽ ഗവേഷണ സാധ്യതകളുള്ള ഉന്നതകോഴ്സുകൾ വരെയുള്ള പഠന സാധ്യതകളെക്കുറിച്ച് ഫെഡർ ഫൗണ്ടേഷൻ പരിചയപ്പെടുത്തി.

**വൈദികരുമായുള്ള സും മീറ്റിംഗ്**

ജൂൺ 14 ന് സൂം കോൺഫറൻസിലൂടെ മാനന്തവാടി രൂപതയിലെ അസിസ്റ്റന്റ് വികാരിമാരായിരിക്കുന്ന വൈദികരുമായി ഫെഡാർ ഫൗണ്ടേഷന്റെ ആശയവും പ്രവർത്തനപദ്ധതികളും വിശദമാക്കിക്കൊണ്ട് ചർച്ച നടത്തി. അഭി. ജോസ് പൊരുന്നേടം പിതാവ് മാറുന്ന അജപാലനശൈലിയുടെ പ്രത്യേകതകൾ ഊന്നിപ്പറഞ്ഞുകൊണ്ട് ആമുഖപ്രഭാഷണം നടത്തി. ഫെഡാർ ഫൗണ്ടേഷന്റെ പ്രവർത്തന രീതികൾ വിശദീകരിച്ചുകൊണ്ട് ഫാ. ജോസ് കൊച്ചറക്കൽ സംസാരിച്ചു. ഫൗണ്ടേഷന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളും പ്രവർത്തനപദ്ധതിയും ഫാ. നോബിൾ പാറക്കൽ വിശദീകരിച്ചു.

**ഫാ. നോബിൾ തോമസ് പാറയ്ക്കൽ**

സി.ഇ.ഒ., ഫെഡാർ ഫൗണ്ടേഷൻ

**April 2021- June 2021**

• College was taken over by the District Administration for the Legislative assembly Election as the distribution and counting center (26 March to 4 May). Regular Activities were restricted during this period.

• Online classes for the new academic year 2021-22 commenced on 1st June. But II Semester UG and PG (2020-21), IV Semester UG classes (2020-21) continued as per the directions given by the Kannur University

• Skill Development Centre was inaugurated by Rev. Fr. George Myladoor, Manager of our College on 2nd June and an Orientation Programme on Civil Service Coaching was conducted on the same day. Mr. P.K. Nimshid, Faculty of Kerala Civil Service Academy was the resource person on the occasion.

• Mary Matha Civil Service Academy was formed under the Skill Development Centre and the Civil Service Coaching classes for the students started on 6th June 2021.

• Mary Matha college won the prestigious award "One District One Green Champion" (Citation ad Cash award of Rs 5000) instituted by Mahatma Gandhi National Council of Rural Education, Department of Higher Education, MHRD, Government of India for the year 2020-21

• First installment of financial assistance was handed over to the COVID Precautionary Measures and Community Kitchen Initiatives of Mananthavady Municipality by the college Principal, Manager, Staff and students on 24th June as part of the Karunya Scheme, an outreach programme of our college.

• Department of Commerce :Organized an Essay Writing and Photography Competition for their students in connection with World Environment Day.

**1. NSS:**

• Observed World Mother's Day on May 9, 2021. Conducted a versification and story writing competition for volunteers as part of World Mother's Day. NSS also observed International Nurses Day on May 12, 2021.

• **MazhakkuMumbe 2021:**The volunteers indulged in cleaning the suburbs of their houses and localities. The cleaning drive was organized from May 25-31, 2021.

• Observed World 'No Tobacco Day' on May 31, 2021. Conducted an elocution competition for the students as part of the celebration.

• Observed the World Environment Day on June 5.A drawing competition was conducted for the volunteers.

• **"Ormamaram 2021"**- Students planted tree saplings in their homes and paid homage to the late Sri SajithBabu, Regional Director of NSS.

• Observed the World Day against Child Labour on June 12, 2021. Organized a webinar on "Child Labour Prohibition Day" in association with District Legal Services Authority, Wayanad and Vyapari Vyapasayi Ekopana Samithi, Wayanad on June 12, 2021. Sri Baby Castro A.N (Deputy Labour Commissioner, Kannur) was the resource person. Sri A. Haris (Honourable District and Sessions Judge) inaugurated the programme.

• Organized a webinar on "Anemia Awareness " in association with ICDS, Mananthavady on June 12, 2021. Dr Neethu Chandran (Medical Officer, Community Health Center, Periya) was the resource person. The college principal, Dr Maria Martin Joseph inaugurated the programme.

• Observed World blood donor day on June 14, 2021.

## 2. NCC

• Organized a campaign "Jagaran Bharat", whose aim is to find relief to the disturbed minds in these lockdown days through various infotainment programmes. As part of this a webinar was conducted on the topic "Reassuring the career through NCC" on 16th May 2021. Col. Atul Kumar Maithani (AO, 5 K Bn NCC Wayanad) was the resource person. A Chat Show on Covid Pandemic was conducted as part of "Jagaran Bharat Campaign" on 13th June 2021.

• Organized a Chess Tournament on 13th May 2021and also conducted a series of art performances named "Arts capsule" through Instagram live on 23 & 30 May 2021

• Organized a webinar on "Biodiversity of the Western Ghats" in connection with World Environment Day. Sandeep Das (Nature Activist and PhD Scholar) and Dr. Poonam Pandey (Global Advisor on Biodiversity) were the resource persons.

• Released a short film"Covid Tales" on 12th June 2021. The theme of the short film is based on the lifestyle during lockdown.

• Career Guidance Cell: Organized a webinar on Job Oriented skill training program in association with Avodha Edutech on 12th June 2021. Avodha is a rapidly growing internet platform with various product offerings in the e- learning sector.

• Literary Club: A Hyku competition was conductedin connection with World Environment Day.

## 3. Dr Maria Martin Joseph

• Attended 10 days Online Course On "Learner Centric Content Design Tools-3" from May 05, 2021 to May 14, 2021 organized by Sanatan Dharma College, Ambala Cantt

• Attended a training programme and completed course on "Final Stage preparation" of AQAR for Affiliated UG/PG Colleges organized by IQAC Cluster India from 3rd May to 6th May 2021

## 4. Mr. Bibin Jose

• Participated in a One day National Level Webinar on Cyber

Forensic & Security jointly organized by G.T.N. Arts College & Computational Research Foundation Chennai on 7th May 2021.

• Attended a two week online Inter-Disciplinary Refresher Course/ Faculty Development Programme on "Managing Online Classes & Co- creating MOOCS 5.0" organized by Teaching Learning Centre, Ramanujan College University of Delhi from 11th to 25th May 2021.

• Participated in an Online Certificate Course of 32 hours on Technical Writing with La TeX organized by Deen Dayal Upadhyay Kaushal Kendra, Sanatan Dharma College, Ambala Cantt from 15th to 24th May 2021.

5. **Mrs. Rajitha Xavior**

• Participated in the webinar on "New National Education Policy 2020- Provisions and Implementation"organised by Pillai HOC college of Arts, Science and Commerce, Rasayani on 24th May 2021.

**Dr Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

പുതിയ വിദ്യാഭ്യാസ വർഷത്തിന് തുടക്കമായി. കോവിഡ് 19 പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷത്തേതുപോലെ ഓൺലൈൻ ക്ലാസ്സുകളാണ് ആരംഭിച്ചത്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും പ്രവേശനോത്സവം സർക്കാർ മാനദണ്ഡ പ്രകാരം നടന്നു. തങ്ങളുടെ വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഓൺലൈൻക്ലാസ്സിൽ പങ്കെടുക്കുവാൻ ആവശ്യമായ സ്മാർട്ട്ഫോണും, ടിവി സൗകര്യങ്ങളും ഒരുക്കുവാൻ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ഓരോ വിദ്യാലയത്തിന്റെയും പ്രധാനാധ്യാപകരും, അധ്യാപകരും അനധ്യാപകരും നടത്തിയ ശ്രമങ്ങളെ അഭിനന്ദിക്കുന്നു.

**C-SMILES (CEADOM'S Students Movement In Learning with Enjoyment and Sharing)**

വിദ്യാഭ്യാസരംഗത്ത് വന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റും അതിനൊത്ത് ഉയരുന്നതിന്റെ ഭാഗമായി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഔദ്യോഗിക യൂ ട്യൂബ് ചാനൽ, ഇന്റഗ്രേറ്റഡ് വെബ്സൈറ്റ് എന്നിവ ആരംഭിച്ചു, ഉദ്ഘാടനം ജൂൺ ഒന്നാം തിയ്യതി അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ഓൺലൈനിൽ നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ പദ്ധതി വിശദീകരിച്ചു. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഓൺലൈൻ ക്ലാസ്സുകൾക്ക് പിന്തുണനല്കി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും യഥാസമയം ഉപയോഗിക്കാനാവും വിധം 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ പാഠഭാഗങ്ങളും വിവിധ മൊഡ്യൂളുകളായി തിരിച്ച് കോർപ്പറേറ്റ് വെബ്സൈറ്റ്, യൂ ട്യൂബ് ചാനൽ എന്നിവയിൽ അപ്ലോഡ് ചെയ്തുവരുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ 1500 ഓളം വീഡിയോ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകും.

**YOU TUBE CHANNEL(@CEADOM)**
https://www.youtube.com/channel/UCz3sB1vOm6G7ziZGSv7IJIA

**WEB SITE**
http://www.ceadom.com/home.php

**FB (@CEADoM)**
https://www.facebook.com/CEADoM
**TWITTER | (@Ceadom)**
https://twitter.com/CEADOM

**TELEGRAM CHANNEL | (@ceadom)**
t.me/ceadom
**INSTAGRAM(@ceadom)**
https://www.instagram.com/invites/contact/?i=1cad5x5gc5jed&utm_content=m61vdq4
**E-MAIL**
ceadomsmiles@gmail.com

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം ആയ C-SMILES ലൂടെ വിദ്യാർത്ഥികളെ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളായി തിരിച്ച് മത്സരങ്ങൾ നടത്തി വരുന്നു.

എൽ. പി വിഭാഗങ്ങൾക്കായി നടത്തിയ 'ചിരിത്തുമ്പികൾ കഥ പറയുമ്പോൾ' മത്സരയിനത്തിൽ ജെസ്വിൻ പ്രദീഷ് (സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ കൊമ്മയാട്) ഒന്നാം സ്ഥാനവും, എയ്ഞ്ചൽ മരിയ ജോഷി (സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്) രണ്ടാം സ്ഥാനവും, അലീന ഷിജു (സെന്റ് തോമസ് എ.യു.പി. സ്കൂൾ മുള്ളൻകൊല്ലി), വേദ സജിത്ത് (സെന്റ് ആന്റണീസ് യു.പി. സ്കൂൾ പഴൂർ) എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഹൈസ്കൂൾ വിഭാഗങ്ങൾക്കായി നടത്തിയ'ലളിതം സുന്ദരം' ലളിതഗാന മത്സരത്തിൽ ആഷ്ലി കുര്യാക്കോസ് (സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. കല്ലോടി) ഒന്നാം സ്ഥാനവും, ശ്രീനന്ദന (അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി) രണ്ടാം സ്ഥാനവും, എയ്ഞ്ചൽ മരിയ സണ്ണി (ഐ.ജെ.എം.എച്ച്.എസ്.എസ്. കൊട്ടിയൂർ), എലിസബത്ത് മാത്യു (സെന്റ് കാതറിൻസ് എച്ച്.എസ്.എസ്.പയ്യമ്പള്ളി) എന്നിവർ മൂന്നാം സ്ഥാനവും നേടി.

ഹയർസെക്കന്ററി വിഭാഗങ്ങൾക്കായി നടത്തിയ 'കവിതയൊരുക്കും നക്ഷത്രങ്ങൾ'- കവിതാലാപനമത്സരത്തിൽ ഗൗരി നന്ദിനി എസ് (ഐ.ജെ.എം.എച്ച്.എസ്.എസ്.കൊട്ടിയൂർ) ഒന്നാം സ്ഥാനവും അമയ സോണി (സി.കെ.എച്ച്.എസ്.എസ്.മണിമൂളി) രണ്ടാം സ്ഥാനവും, ആദിത്യ ഇ.പി. (ഫാ.ജി.കെ.എം.എച്ച്.എസ്.എസ്.കണിയാരം) മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ വീടുകളിൽ ഒതുങ്ങിപ്പോയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുവാനും വിരസത അകറ്റുവാനും C-SMILES ലൂടെ സാധിച്ചുവെന്നത് പൊതുസമൂഹത്തിന്റെ പ്രശംസ പിടിച്ചുപറ്റുവാൻ ഇടയാക്കിയിട്ടുണ്ട്.

എല്ലാവർക്കും പുതിയ അദ്ധ്യയന വർഷം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ